കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

കൊയിലാണ്ടി മുനിസിപ്പാലിറ്റി

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി9/18/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 15/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
കൊയിലാണ്ടി മുനിസിപ്പാലിറ്റി

സർ,

വിഷയം : കൊയിലാണ്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊയിലാണ്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരിപത്രം സഹിതം)

2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ
3. കാര്യാലയപ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി9/18/2022 തീയ്യതി: 15/01/2022

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 15-02-2020 മുതൽ 12-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീ.എം.വാസുദേവൻ	ജോയിന്റ് ഡയറക്ടർ (ഇൻചാർജ്ജ്)	13-12-2021	29-12-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
13-12-2021	29-12-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ.കെ.എം , ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.സതീഷ്കുമാർ.സി.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജാസിർ.സി.എം, ഓഡിറ്റർ
ശ്രീ.ശ്രീജിത്ത്.കെ.വി, ഓഡിറ്റർ
ശ്രീമതി.അപർണ.ഡി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
അഡ്വ. കെ സത്യൻ	ചെയർമാൻ	01-04-2019	31-03-2020
ഷെറിൽ ഐറിൻ സോളമൻ	സെക്രട്ടറി	01-04-2019	05-09-2019
സുരേഷ് കുമാർ എൻ	സെക്രട്ടറി	06-09-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
മനോജ് കുമാർ എം	മുൻസിപ്പൽ എഞ്ചിനീയർ	01-04-2019	31-03-2020
സബിത എം കെ	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷെറീസ്	01-04-2019	31-03-2020
അജിത കുമാർ	വ്യവസായ വികസന ഓഫീസർ	01-04-2019	31-03-2020
ശുഭശ്രീ എസ്	കൃഷി ഓഫീസർ	01-04-2019	31-03-2020
ഡോ അനിൽ കുമാർ	സീനിയർ വെറ്ററിനറി സർജൻ	01-04-2019	31-03-2020
പ്രസാദ് കെ എം	പ്രൊജക്റ്റ് ഓഫീസർ	01-04-2019	31-03-2020
വിചിത്ര എൻ ഇ	പട്ടികജാതി വികസന ഓഫീസർ	01-04-2019	31-03-2020
അബ്ദുൽ മജീദ് എം	ഹെൽത്ത് ഓഫീസർ	01-04-2019	30-06-2019

രമേശൻ കെ പി	ഹെൽത്ത് ഓഫീസർ	01-07-2019	31-03-2020
ഡോ പ്രതിഭ പി	മെഡിക്കൽ ഓഫീസർ	01-04-2019	31-03-2020
പ്രബീത് എ പി	പ്രിൻസിപ്പാൾ ഗവ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ	01-04-2019	31-03-2020
വത്സല എം എം	ഐ .സി .ഡി .എസ് സൂപ്പർവൈസർ	01-04-2019	05-12-2019
പുഷ്പ	ഐ .സി .ഡി .എസ് സൂപ്പർവൈസർ	06-12-2019	31-03-2020
ഡോ . നഫീസ ഐ കെ	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2019	31-07-2019
ഡോ .ആനി ഉമ്മൻ	മെഡിക്കൽ ഓഫീസർ ഹോമിയോ	01-08-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് തയ്യാറാക്കലും പരിപാലനവും- അപാകതകൾ Written By: Gireeshan Parappoyil (Audit Officer (HG), On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-1
2	ബജറ്റ് തയ്യാറാക്കിയത് നിശ്ചിത ഫോറത്തിലല്ല Written By: Gireeshan Parappoyil (Audit Officer (HG), On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-1-1
3	വാർഷിക പദ്ധതിയും ബജറ്റും പൊരുത്തപ്പെടുന്നില്ല Written By: Gireeshan Parappoyil (Audit Officer (HG), On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-1-2
4	പദ്ധതിക്ക് സർക്കാർ ഗ്രാന്റുകൾ വകയിരുത്തിയത് ബജറ്റ് പ്രൊവിഷനിൽ നിന്നും വ്യത്യസ്തമായി Written By: Gireeshan Parappoyil (Audit Officer (HG), On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-1-3
5	ബജറ്റ് പ്രൊവിഷൻ ഇല്ലാത്ത തനത് ഫണ്ട് വാർഷിക പദ്ധതിക്ക് വകയിരുത്തി Written By: Gireeshan Parappoyil (Audit Officer (HG), On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-1-4
6	ബജറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല Written By: Gireeshan Parappoyil (Audit Officer (HG), On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-1-5
7	സാമ്പത്തിക അവലോകനം Written By: SathishKumar C P (Asst. Audit Officer, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-2
8	വാർഷിക കണക്കിലെ അപാകതകൾ Written By: SathishKumar C P (Asst. Audit Officer, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-3
9	ഗ്രാന്റ് വിനിയോഗം Written By: SathishKumar C P (Asst. Audit Officer, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-4
10	ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ Written By: SathishKumar C P (Asst. Audit Officer, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-4-1
11	പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല Written By: Gireeshan Parappoyil (Audit Officer (HG), On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 14-01-2022)	1-5
12	ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടുന്നില്ല Written By: Gireeshan Parappoyil (Audit Officer (HG), On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-6
13	ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല Written By: SathishKumar C P (Asst. Audit Officer, On 02-01-2022) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-7
14	ഡി & ഓ ലൈസൻസ് ഫീ പിരിക്കുന്നതിലെ അപാകതകൾ Written By: Aparna D (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-8

15	മൽസ്യ മാർക്കറ്റ് കംഫർട് സ്റ്റേഷൻ ലേലം ചെയ്യതിലെ അപാകത Written By: Aparna D (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-9
16	രസീത് മുഖേനയുള്ള പണം പിരിവ് - മേൽനോട്ടം കാര്യക്ഷമമല്ല Written By: Aparna D (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 14-01-2022)	1-10
17	വസ്തു നികുതി -അപാകതകൾ Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-11
18	തൊഴിൽ നികുതി അപാകതകൾ. Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 14-01-2022)	1-12
19	കുട്ടികളുടെ പാർക്കിലെ കോഫി ഷോപ്പ്/കടമുറി ലേലം-അപാകതകൾ. Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-13
20	അനധികൃത കെട്ടിടങ്ങൾക്കെതിരെ തുടർ നടപടിയില്ല. Written By: Srijith K.V (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-14
21	റോഡ് കട്ടിംഗ് ചാർജ്ജ്- രേഖകൾ ലഭ്യമാക്കിയില്ല. Written By: Srijith K.V (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-15
22	ബപ്പൻകാട് റെയിൽവേ അടിപ്പാത വെള്ളം വറ്റിച്ചത്-അപാകതകൾ സംബന്ധിച്ച് Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-16
23	കാർഷിക മേഖലയിലെ പ്രൊജക്ടുകൾ ശുഷ്കം- അവസ്ഥാരേഖയിലെ നിർദ്ദേശങ്ങൾ നടപ്പാക്കിയില്ല Written By: Balakrishnan K.M (Audit Officer (HG), On 28-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-17
24	വാങ്ങൽ നടപടികൾ സുതാര്യമല്ല Written By: Balakrishnan K.M (Audit Officer (HG), On 28-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-18
25	നിയമാനുസൃതമല്ലാതെ വൻതുക മുൻകൂർ നൽകുന്നു Written By: Balakrishnan K.M (Audit Officer (HG), On 28-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-19
26	കൗൺസിൽഹാൾ ശീതീകരണ സംവിധാനമൊരുക്കൽ പ്രവൃത്തി-മത്സര ക്ഷമത ഉറപ്പാക്കിയില്ല Written By: Balakrishnan K.M (Audit Officer (HG), On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-20
27	ഓഫീസ് ആവശ്യത്തിന് വാഹനം വാങ്ങിയതിലെ അപാകതകൾ Written By: Balakrishnan K.M (Audit Officer (HG), On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-21
28	സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഒടുക്കുന്നു Written By: Balakrishnan K.M (Audit Officer (HG), On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 13-01-2022)	1-22
29	അങ്കണവാടി പൂരക പോഷകാഹാരം പദ്ധതി : മോണിട്ടറിംഗ് ഫലപ്രദമല്ല Written By: SathishKumar C P (Asst. Audit Officer, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 14-01-2022)	1-23
30	നഗരസഭയിൽ വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ.	1-24

	Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	
31	കുടിവെള്ള വിതരണം : തുക അധികം നൽകി Written By: SathishKumar C P (Asst. Audit Officer, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-25
32	സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നിന്നും മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് മരം മുറിച്ച് മാറ്റി Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-26
33	കലിയൻ മഹോത്സവം നടത്തിപ്പ് -പരിപാടി കഴിഞ്ഞതിന് ശേഷം ക്വട്ടേഷൻ വാങ്ങി Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-27
34	മരം മുറിച്ച് മാറ്റൽ -തുടർനടപടികൾ സ്വീകരിച്ചില്ല Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-28
35	കുട്ടികളുടെ പാർക്കിൽ വെള്ളം വിതരണം ചെയ്തത്-രേഖകൾ പൊരുത്തപ്പെടുന്നില്ല. Written By: Jasir C M (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-29
36	കുഴൽ കിണർ നിർമ്മാണം -നടപടി ക്രമം പാലിച്ചില്ല. Written By: Srijith K.V (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-30
37	ടെണ്ടർ /ക്വട്ടേഷൻ രേഖകൾ ലഭ്യമാക്കിയില്ല Written By: Srijith K.V (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-31
38	അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവഴിച്ചു Written By: Srijith K.V (Auditor, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-32
39	വ്യത്യസ്ത സ്വഭാവമുള്ള 3 പ്രവൃത്തികൾക്ക് ഒരു പ്രൊജക്ട്. Written By: Srijith K.V (Auditor, On 31-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-33
40	മുനിസിപ്പൽ ഓഫീസ് നവീകരണം-രേഖകൾ ലഭ്യമാക്കിയില്ല. Written By: Srijith K.V (Auditor, On 31-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-34
41	തെരുവ് വിളക്ക് വാങ്ങൽ- പദ്ധതി നിർവ്വഹണത്തിൽ അപാകത Written By: Srijith K.V (Auditor, On 31-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-35
42	പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം പദ്ധതികൾ ആസൂത്രണം ചെയ്യുന്നു. Written By: Srijith K.V (Auditor, On 31-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-36
43	ഒരു പ്രവൃത്തിക്ക് രണ്ട് പദ്ധതികൾ മുഖേന തുക നൽകി Written By: Srijith K.V (Auditor, On 31-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-37
44	പൊതുമരാമത്ത് പ്രവൃത്തികൾ- നടപ്പാക്കിയില്ല Written By: Srijith K.V (Auditor, On 31-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	1-38
	ഭാഗം **2**	
1	മൽസ്യ മാർക്കറ്റ് കംഫർട് സ്റ്റേഷൻ ലേലം ചെയ്തതിലെ അപാകത	2-1

	Written By: Balakrishnan K.M (Audit Officer (HG), On 14-01-2022) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	
2	രസീത് മുഖേനയുള്ള പണം പിരിവ് - മേൽനോട്ടം കാര്യക്ഷമമല്ല Written By: Balakrishnan K.M (Audit Officer (HG), On 14-01-2022) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	2-2
	ഭാഗം 3	
1	കുടിവെള്ള വിതരണം:തുക അധികം നൽകി Written By: SathishKumar C P (Asst. Audit Officer, On 31-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	3-1
2	ഒരു പ്രവൃത്തിക്ക് രണ്ട് പദ്ധതികൾ മുഖേന തുക നൽകി Written By: Srijith K.V (Auditor, On 03-01-2022) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	3-2
	ഭാഗം 4	
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Balakrishnan K.M (Audit Officer (HG), On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 14-01-2022)	4-1
2	സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം Written By: Balakrishnan K.M (Audit Officer (HG), On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 14-01-2022)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Balakrishnan K.M (Audit Officer (HG), On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 14-01-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Balakrishnan K.M (Audit Officer (HG), On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: SathishKumar C P (Asst. Audit Officer, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 14-01-2022)	4-5
6	സ്ഥിര നിക്ഷേപം Written By: SathishKumar C P (Asst. Audit Officer, On 30-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Balakrishnan K.M (Audit Officer (HG), On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം Written By: Jasir C M (Auditor, On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Jasir C M (Auditor, On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Balakrishnan K.M (Audit Officer (HG), On 03-01-2022) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: Jasir C M (Auditor, On 29-12-2021) Last Updated By: Pyarilal.T.C (Joint Director, On 15-01-2022)	4-11
	അനുബന്ധം	

1	ഓഡിറ്റ് സാക്ഷ്യപത്രം
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1

1-1 ബജറ്റ് തയ്യാറാക്കലും പരിപാലനവും- അപാകതകൾ

13.2.2019 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ച സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവുകൾ താഴെ കൊടുക്കുന്നു.

മുന്നിരിപ്പ്	15,43,98,608.67
വരവ്	30,26,15,691.00
ആകെ	45,70,14,299.67
ചെലവ്	29,70,90,578.00
നീക്കിയിരിപ്പ്	15,99,23,721.67

ബജറ്റ് രൂപീകരണത്തിലും പരിപാലനത്തിലും വിവിധങ്ങളായ അപാകതകൾ സംഭവിച്ചതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

1-1-1 ബജറ്റ് തയ്യാറാക്കിയത് നിശ്ചിത ഫോറത്തിലല്ല

2007ൽ നിലവിൽ വന്ന കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് റൂൾ പ്രകാരമാണ് സ്ഥാപനത്തിന്റെ കണക്കുകൾ ഡബിൾ എൻട്രി അക്രൂവൽ സമ്പ്രദായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നത്. എന്നാൽ കണക്കുകൾക്ക് അനുസൃതമായ തരത്തിലുള്ള ഫോർമാറ്റിലല്ല സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. അക്കൌണ്ട് റൂൾ ചട്ടം 63(1) പ്രകാരം കേരള മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 286 പ്രകാരവും സർക്കാർ പുറപ്പെടവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചും ബജറ്റ് അക്രൂവൽ സമ്പ്രദായത്തിൽ തയ്യാറാക്കണമെന്നും, ഉപചട്ടം (2) പ്രകാരം ഓരോ ഫണ്ടിനും പ്രത്യേക ബജറ്റ് തയ്യാറാക്കണമെന്നും ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു കൺസോളിഡേറ്റഡ് ബജറ്റ് തയ്യാറാക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. ഉപചട്ടം 3 പ്രകാരം കണ്ടസോളിഡേറ്റഡ് ബജറ്റ് എസ്ററിമേറ്റ്, താഴെപറയുന്ന സബ്സിഡിയറി സ്റ്റേറ്റ്മെന്റുകൾ കൂടി ഉൾപ്പെടേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്.

എ) റവന്യൂ വരുമാനത്തിന്റെ എസ്റ്റിമേറ്റ്

ബി) റവന്യൂ ചെലവിന്റെ എസ്റ്റിമേറ്റ്

സി)മൂലധനവരവിന്റെ എസ്റ്റിമേറ്റ്

ഡി) മൂലധന ചെലവിന്റെ എസ്റ്റിമേറ്റ്

ഇ) ലോൺ തിരിച്ചടവിന്റെ എസ്റ്റിമേറ്റ്

എഫ്) ലോണിന്റേയും മുൻകൂറിന്റേയും എസ്റ്റിമേറ്റ്

ജി) ഡെപ്പോസിറ്റിന്റേയും വസൂലാക്കലിന്റേയും എസ്റ്റിമേറ്റ്

എച്ച്) നിക്ഷേപത്തിന്റെ എസ്ററിമേറ്റ്

എന്നാൽ മേല്പറഞ്ഞ എല്ലാ ഘടകങ്ങളും ഉൾപ്പെടാത്തതും അക്രൂവൽ അടിസ്ഥാനപ്പെട്ടുത്തിയല്ലാത്തതുമായ എസ്റ്റിമേറ്റാണ് സ്ഥാപനം തയ്യാറാക്കിയിരിക്കുന്നത്. ക്രമനം (ഇ) മുതലുള്ള എസ്റ്റിമേറ്റുകൾ ബജറ്റിൽ പ്രത്യേകമായി ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ, ഉപചട്ടം (2) നിഷ്കർഷിക്കു വിധം ബജററ് തയ്യാറാക്കുന്നതിന് നഗരസഭകൾക്ക് ഒരു മാന്വൽ സർക്കാർ തയ്യാറാക്കിയില്ലെങ്കിലും ഒരേ തരത്തിലുള്ള അക്കൌണ്ടിംഗ് രീതി അവലംബിക്കുന്ന സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ സ്ഥാപനത്തിന് സ്വീകരിക്കാമായിരുന്നു. (2020-21വർഷത്തിൽ ഈ വിധത്തിലാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്)

1-1-2 വാർഷിക പദ്ധതിയും ബജറ്റും പൊരുത്തപ്പെടുന്നില്ല

മൂലധന ചെലവ്, പ്ലാൻ റവന്യൂ ചെലവ് എന്നീ ഹെഡ്ഡുകളിലായി യഥാക്രമം 41.6 കോടി രൂപയും 50.04 കോടി രൂപയും (ആകെ 91.64 കോടി രൂപ) ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഭരണസമിതി അംഗീകരിച്ച സ്ഥാപനത്തിന്റെ വാർഷിക പദ്ധതി 22.49 കോടി രൂപയുടേത് മാത്രമാണ്. അയ്യങ്കാളി പദ്ധതിക്കായി വകയിരുത്തിയ തുക, പി എം എ വൈ, ഹഡ്കോ ലോൺ എന്നിവയ്ക്കായി വകയിരുത്തിയ തുക എന്നിവ പദ്ധതി വകയിരുത്തലിന് പുറത്താണെങ്കിപ്പോലും ബജറ്റിലെ വകയിരുത്തലിന് സമാനമായ വാർഷിക പദ്ധതിയില്ലെന്ന് കാണാം. വർഷാവസാനമായപ്പോഴേക്കും വാർഷിക പദ്ധതി തുക 35.55 കോടി രൂപയായെങ്കിലും ഇത് പോലും ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ വളരെ കുറവാണെന്ന് കാണാം.

1-1-3 പദ്ധതിക്ക് സർക്കാർ ഗ്രാന്റുകൾ വകയിരുത്തിയത് ബജറ്റ് പ്രൊവിഷനിൽ നിന്നും വ്യത്യസ്തമായി

സംസ്ഥാന ബജറ്റ് വിഹിതത്തിന് അനുസൃതമായ തുകയാണ് ബജറ്റിൽ സർക്കാർ ഗ്രാന്റിനങ്ങളിൽ

വരവായി വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഈ വകയിരുത്തൽ ബജറ്റ് പ്രൊവിഷനിൽ നിന്നും വ്യത്യസ്തമാണെന്ന് കാണാം. വിശദാംശം താഴെ കൊടുക്കുന്നു.

ക്രമനം	ഗ്രാന്റിനം	ബജറ്റിൽ വകയിരുത്തിയ തുക	വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക	ബജറ്റ് പ്രൊവിഷ നേക്കാൾ കൂടുതൽ/ കുറവ്
1	പ്ലാൻ ഫണ്ട് ജനറൽ	60748000	74033000	(+)13285000
2	എസ് സി പി	19577000	19299000	(-)278000
3	ടി എസ് പി	0	319000	(+)319000
4	സി എഫ് സി	96108000	71127000	(-)24981000
5	മെയിന്റനൻസ് ഗ്രാന്റ്(റോഡ്)	17861000	15273000	(-)2588000
6	മെയിന്റനൻസ് ഗ്രാന്റ്	17755000	15248000	(-)2507000

	(റോഡിതരം)			
ആകെ		211943000	195299000	(-)16644000

ക്രമനമ്പർ 1, 3 എന്നിവയിൽ ബജറ്റ് പ്രൊവിഷനേക്കാൾ കൂടിയ തുകയും മറ്റുള്ളവയുടെ കാര്യത്തിൽ ബജറ്റ് പ്രൊവിഷനേക്കാൾ കുറഞ്ഞ തുകയുമാണ് വകയിരുത്തിയിരിക്കുന്നത്. ആകെ തുക പരിഗണിക്കുമ്പോൾ ബജറ്റ് പ്രൊവിഷനേക്കാൾ 1.66 കോടി രൂപ കുറഞ്ഞ തുകയാണ് വാർഷിക പദ്ധതിക്ക് വകയിരുത്തിയതെന്ന് കാണാവുന്നതാണ്.

1-1-4 ബജറ്റ് പ്രൊവിഷൻ ഇല്ലാത്ത തനത് ഫണ്ട് വാർഷിക പദ്ധതിക്ക് വകയിരുത്തി

വാർഷിക പദ്ധതിയ്ക്കായി 4599000/- രൂപ തനത് ഫണ്ടിൽ നിന്നും സ്ഥാപനം വകയിരുത്തിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വാർഷിക പദ്ധതിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു.മുന്നിരിപ്പ് 64380067/- രൂപയുൾപ്പടെ ആകെ റവന്യൂ വരവ് 194902567/- രൂപ (റവന്യൂ വരവ് 130522500/- രൂപ) വകയിരുത്തിയതിൽ നിന്നും നീക്കിയിരിപ്പ് (90854237/-രൂപ) റവന്യൂ ചെലവ് (104215830/-) എന്നിവ കുറവ് വരുത്തിയാൽ 167500/- രൂപയുടെ ബാധ്യതയാണ് സ്ഥാപനത്തിന് വരുന്നതെന്ന് കാണാം. ഇത് കൊണ്ട് തന്നെ തനത് ഫണ്ടിൽ നിന്നും തുക വകയിരുത്തിയിട്ടില്ലെന്ന് വ്യക്തമാകുന്നു.

1-1-5 ബജറ്റ് രേഖകൾ ഹാജരാക്കിയിട്ടില്ല

ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനപ്പെടുത്തിയ വിവിധങ്ങളായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വർക്ക് ഷീറ്റുകൾ വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ റവന്യൂ വരവ് ചെലവ് എസ്റ്റിമേറ്റുകൾ എന്നിവ ഇതിൽ പെടുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. മറുപടി നല്കേണ്ടതും തുടർ വർഷങ്ങളിൽ ബജറ്റ് കുററമറ്റ തരത്തിൽ തയ്യാറാക്കി പകർപ്പ് ഓഡിറ്റ് ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1-2 സാമ്പത്തിക അവലോകനം

മുന്നിരിപ്പ്	2,27,08,363
ഓഡിറ്റ് വർഷത്തെ വരവ്	8,98,22,919
ആകെ	11,25,31,282

ഓഡിറ്റ് വർഷത്തെ ചെലവ്	9,09,26,379
നീക്കിയിരിപ്പ്	2,16,04,903

1-3 വാർഷിക കണക്കിലെ അപാകതകൾ

2019-20 വർഷത്തെ വാർഷിക കണക്ക്, അനുബന്ധ രജിസ്റ്ററുകൾ, സാംഖ്യ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരം വാർഷിക കണക്കുകൾക്കൊപ്പം ഉൾപ്പെടുത്തേണ്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

2. Sale Of Tender Forms ഇനത്തിൽ (RP-5) തൻവർഷം 138,523/-രൂപ വരവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

3. വാടക രജിസ്റ്റർ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ബാലൻസ്ഷീറ്റിലെ ബി-14 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

5. ബി -11 ഷെഡ്യൂൾ പ്രകാരം ആസ്തികൾക്ക് ഡിപ്രീസ്യേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6. വാർഷിക കണക്ക് I-4 ഷെഡ്യൂൾ പ്രകാരം D&O ലൈസൻസ് ഫീ ഇനത്തിൽ 1,757,635/- രൂപയാണ് വരവ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ പൂർണമല്ല. സംക്ഷിപ്തം എഴുതിയിട്ടില്ല.

7. 220 ൽ തുടങ്ങുന്ന ഹെഡിലുള്ള അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസിൽ 250 ൽ തുടങ്ങുന്ന ഹെഡുകളിലെ ഇനങ്ങൾ ഉൾപ്പെടുത്തി.

8. ലേല രജിസ്റ്റർ, വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, നികുതി ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

9.DPR എച്ച്.ഡി.എഫ്.സി റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	-	60,748,000	60,748,000	52,745,606	8,002,3,94

വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	-	19,577,000	19,577,000	9,455,582	110,121,418
മെയിന്റനൻസ്,റോഡ് (ACR പ്രകാരം)	-	17,861,000	17,861,000	6,131,523	11,729,477
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	-	17,555,000	17,555,000	8,120,535	9,634,465
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	-	96,108,000	96,108,000	24,432,670	71,675,330

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി), സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

ഫണ്ടിനം	ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക	ഐ.കെ.എം. ചെലവ് പത്രികയിലെ തുക
വികസനഫണ്ട് (ജനറൽ)	360,617,701	72,897,029
വികസനഫണ്ട് (എസ്.സി.പി)	87,566,761	23,078,748
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	129,291,805	112,586,498

2)ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ചെലവ് ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

	ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക	ഐ.കെ.എം. ചെലവ് പത്രികയിലെ തുക
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	24,425,470	24,432,670

1-5 പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
455	35,55,42,756	10,91,88,989	259	

ആസൂത്രണ നിർവ്വഹണ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന അപാകതകൾ സംഭവിച്ചിട്ടുണ്ട്.

നിർവ്വഹണത്തിൽ വീഴ്ച - 9.4 കോടി രൂപ സർക്കാർ ഗ്രാന്റിനത്തിൽ നഷ്ടപ്പെട്ടു

സ്ഥാപനത്തിന്റെ വാർഷിക പദ്ധതിക്ക് 31.12.2018 തീയതിയിൽ ഡി പി സി അംഗീകാരം ലഭിച്ചതായി സ്ഥാപനം അറിയിച്ചിട്ടുണ്ട്. എന്നാൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാത്തതിനാൽ പ്രോജക്ടുകളുടെ എണ്ണം, വകയിരുത്തിയ തുക എന്നിവ എത്രയാണെന്ന് വ്യക്തമല്ല. വർഷാവസാനമാകുമ്പോഴേക്കും 455 പ്രോജക്ടുകൾ ഉൾക്കൊള്ളുന്ന 35.55 കോടി രൂപയുടെ വാർഷിക പദ്ധതിയായി സ്ഥാപനത്തിന്റെ വാർഷിക പദ്ധതി മാറിയിട്ടുണ്ട്. എന്നാൽ 196 പ്രൊജക്ടുകൾക്കായി ആകെ 10.91 കോടി രൂപ മാത്രമാണ് സ്ഥാപനം വിനിയോഗിച്ചിരിക്കുന്നത്. അതായത് വകയിരുത്തിയ തുകയുടെ 30.69 ശതമാനം മാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. 24.63 കോടി രൂപ ഇതുമൂലം നഷ്ടപ്പെടുത്തുകയോ വിനിയോഗിക്കാൻ കഴിയാതെ വരികയോ ചെയ്തു. മരാമത്ത് മേഖലയിൽ പുതുതായി അംഗീകാരം വാങ്ങിയ 200 പ്രോജക്ടുകളിൽ അഞ്ചെണ്ണത്തിന് മാത്രമാണ് തുക

വിനിയോഗിച്ചിരിക്കുന്നതെന്നത് ഇവിടെ ശ്രദ്ധേയമാണ്. ചെലവഴിക്കാൻ കഴിയാത്ത പ്രൊജക്ടുകൾക്കായി വകയിരുത്തിയ സർക്കാർ ഗ്രാന്റുകൾ നഷ്ടപ്പെടാൻ ഇത് ഇടയാക്കിയിട്ടുണ്ട്. ഇപ്രകാരം നഷ്ടമായ സർക്കാർ ഗ്രാന്റുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ക്രമനം	ഫണ്ടിനം	വാർഷിക പദ്ധതിക്ക് വകയിരുത്തിയ തുക	സ്റ്റേറ്റ് ബജറ്റ് പ്രകാരം അനുവദിച്ച തുക	ചെലവഴിച്ച തുക	നഷ്ടപ്പെട്ട തുക
1	2	3	4	5	4-5
1	പ്ലാൻ ഫണ്ട്	72897029	60748000	47988999	12759001
2	എസ് സി പി	23078748	19577000	9455582	10121418
3	സി എഫ് സി	112586498	96108000	24425470	71682530
4	മെയിന്റനൻസ് ഗ്രാന്റ്(റോഡ്)	20733163	17861000	6131523	11729477
5	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	21293905	17755000	8120535	9634465
ആകെ			212049000	96122109	115926891

എന്നാൽ 2018-19വർഷത്തെ ക്യൂ ബിൽ ഇനത്തിൽ 5663430/- രൂപ ചെലവഴിച്ചത് ഓഡിറ്റ് വർഷത്തെ ചെലവിൽ പെടുന്നുണ്ട് . കൂടാതെ ഓഡിറ്റ് വർഷത്തെ താഴെ കൊടുത്ത ക്യൂബിൽ തുക 2020-21 വർഷത്തിൽ നല്കിയിട്ടുമുണ്ട്.

ക്രമ നം	ഫണ്ടിനം	ക്യൂ ബിൽ തുക
1	Cfc	1,49,10,240
2	പ്ലാൻ ഫണ്ട് ജനറൽ	1,12,04,243
3	പ്ലാൻ ഫണ്ട് Scp	8,28,425
4	മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	3,58,076
5	മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	2,82,686
ആകെ		2,75,83,670

ഇവ പരിഗണിക്കുമ്പോൾ യഥാർത്ഥ നഷ്ടം 9.4 കോടി രൂപയാണെന്ന് കാണാം. ((11.59+0.57)-2.76) നഗരപ്രദേശത്തെ ജനങ്ങളുടെ ഉന്നമനത്തിനായി വിനിയോഗിക്കേണ്ട വൻ തുക ഇപ്രകാരം നഷ്ടപ്പെടുത്തിയിന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കും ഭരണസമിതിക്കും ഒരുപോലെ ഉത്തരവാദിത്വമുണ്ട്. നിർവ്വഹണ ശേഷിക്ക് ഉപരിയായി വൻതോതിൽ പ്രോജക്ടുകൾ തയ്യാറാക്കിയതാണ് ഇതിൽ പ്രധാനപ്പെട്ടത്. പൊതുമരാമത്ത് മേഖലയിൽ മാത്രം 200 പുതിയ പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 5 എണ്ണത്തിന് മാത്രമാണ് തുക വിനിയോഗിക്കാനായതെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്. 2017-18, 2018-19 എന്നീ വർഷങ്ങളിൽ യഥാക്രമം 8.53 കോടി രൂപയും, 6.44 കോടി രൂപയും ഇതേ രീതിയിൽ നഷ്ടപ്പെട്ട കാര്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

<u>ബി) വികസന സെമിനാറിൽ അവതരിപ്പാക്കാത്ത പദ്ധതികൾ വാർഷിക പദ്ധതിയിൽ പെടുത്തി</u>

ആസൂത്രണമാർഗ്ഗരേഖ പ്രകാരം ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി തിരിച്ചറിയുന്ന ആവശ്യങ്ങൾ മുൻഗണനാ ക്രമത്തിൽ പ്രൊജക്ട് നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ മുന്നോട്ട് വയ്ക്കുകയാണ് ചെയ്യേണ്ടത്. ഈ നിർദ്ദേശങ്ങൾ വാർഡ് സഭകളിൽ അവതരിപ്പിച്ച് അവയുടെ നിർദ്ദേശങ്ങളോടൊപ്പം അംഗീകാരം വാങ്ങുകയും, നിർദ്ദേശങ്ങളിൽ പരിഗണിക്കേണ്ടവ പരിഗണിച്ച് പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമായമാറ്റങ്ങൾ വരുത്തി അവ കരട്

പദ്ധതി നിർദ്ദേശങ്ങളായി വർക്കിംഗ് ഗ്രൂപ്പുകൾ വികസന സെമിനാറിൽ അവതരിപ്പിക്കണം. വികസന സെമിനാറിൽ ഉയർന്നുവരുന്ന നിർദ്ദേശങ്ങളിൽ പ്രസക്തമായവ പരിഗണിച്ച്, പ്രോജക്ട് നിർദ്ദേശങ്ങളിൽ ആവശ്യമെങ്കിൽ വീണ്ടും മാറ്റം വരുത്തി, വാർഷിക പദ്ധതി വർക്കിംഗ് ഗ്രൂപ്പുകൾ അന്തിമമാക്കണം. ഇപ്രകാരം അന്തിമമാക്കിയ വാർഷിക പദ്ധതിക്കാണ് ഭരണസമിതി അംഗീകാരം നല്കി ഡി പി സി അംഗീകാരം വാങ്ങേണ്ടത്. ഈ നടപടിക്രമങ്ങൾ വിലയിരുത്തുമ്പോൾ, വികസന സെമിനാറിൽ അവതരിപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേങ്ങളല്ലാതെ മറ്റ് പ്രോജക്ടുകളൊന്നും അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാൻ പാടില്ലെന്ന് കാണാവുന്നതാണ്. ഇതിന് വിപരീതമായി പദ്ധതികൾ ഉൾപ്പെട്ടെങ്കിൽ അവ വാർഡ് സഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങിയിട്ടില്ലെന്നും അതുകൊണ്ട് തന്നെ നിയമ പ്രകാരമുള്ളവയെല്ലെന്നും കാണാവുന്നതാണ്. കൂടാതെ ഇത്തരം പദ്ധതികൾ ആവശ്യകത തിരിച്ചറിയപ്പെടാത്തവയും, മുൻഗണനാക്രമം തെറ്റിക്കുന്നതുമാണെന്ന് കാണാവുന്നതാണ്.

സ്ഥാപനത്തിലെ ഓഡിറ്റ് വർഷത്തെ അന്തിമ പദ്ധതി ചെലവ് പത്രിക പരിശോധിച്ചതിൽ, എല്ലാ പ്രോജക്ടുകളും വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി നിർദ്ദേശങ്ങളിൽ പെട്ടവയല്ലെന്ന് കാണുന്നു. സ്ഥാപനം വികസന സെമിനാറിൽ അവതരിപ്പിച്ച കരട് പദ്ധതി രേഖയിൽ ആകെ 210 പ്രോജക്ടുകളാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ഭരണസമിതി വർഷാരംഭത്തിൽ തന്നെ അംഗീകരിച്ച അന്തിമ പദ്ധതി രേഖയിൽ 294 പ്രോജക്ടുകൾ ഉൾപ്പെട്ടു കാണുന്നു. വർഷാവസാനമുള്ള അന്തിമ ചെലവ് പത്രിക പ്രകാരം പുതിയ പ്രോജക്ടുകളുടെ എണ്ണം 319 ആയി ഉയർന്നിട്ടുണ്ട്. അതായത് വർഷാരംഭത്തിൽ തന്നെ 84 പ്രോജക്ടുകൾ ആസൂത്രണ നടപടിക്രമങ്ങളിലൂടെയല്ലാതെ വന്നുവെന്നും വർഷാവസാനം ഇത് 109 ആയി ഉയർന്നുവെന്നും കാണാം. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 51 പ്രകാരം ഇത്രയും പ്രോജക്ടുകൾക്ക് നിയമസാധുതയില്ല. കൂടാതെ ഇവയുടെ ആവശ്യകത, മുൻഗണന എന്നിവ നിശ്ചയിക്കുന്നതിന് സ്വീകരിച്ച രീതിശാസ്ത്രമെന്തെന്ന് വ്യക്തമല്ല.

<u>സി) റോഡ് മെയിന്റനൻസ് പ്ലാനില്ല -റോഡുകൾ നവീകരിക്കുന്നത് ക്രമപ്രകാരമല്ല</u>

ഓഡിറ്റ് വർഷത്തിൽ 48 റോഡുകൾക്ക് റോഡ് മെയിന്റനൻസ് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. ഇതിൽ 27 എണ്ണം പുതിയ പ്രോജക്ടുകളാണ്. കൂടാതെ മറ്റ് റോഡുകളും വിവിധ ഫണ്ടുകളുപയോഗിച്ച് മെയിന്റനൻസ് നടത്തുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ 2.2.2018ലെ 17/2018 /തസ്വഭവ നമ്പർ ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 6.7ൽ നിഷ്കർഷിക്കുന്ന തരത്തിൽ ഒരു ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടില്ല. എല്ലാ റോഡുകളുടേയും നിലവിലെ അവസ്ഥ

വിലയിരുത്തി, അറ്റകുറ്റപ്പണി ആവശ്യമുള്ളവയുടെ മുൻഗണനാക്രമത്തിലുള്ള ഒരു പ്ലാൻ കസ്റ്റോഡിയൻ ഓഫീസറായ എഞ്ചിനീയർ തയ്യാറാക്കിയതാണ് വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടത്. ഇപ്രകാരമല്ലാതെ മറ്റ് മാനദണ്ഡങ്ങൾ പരിഗണിച്ചാണ് മെയിന്റനൻസിനായി റോഡുകൾ തെരെഞ്ഞെടുക്കുന്നത്. വർക്കിംഗ് ഗ്രൂപ്പ് മിനിട്സിൽ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമല്ല. വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കും ഇത്തരത്തിൽ പ്ലാൻ തയ്യാറാക്കിയിട്ടില്ല എന്നത് ആസ്തി സംരക്ഷണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കാതിരിക്കാനുള്ള സാധ്യത വെളിവാക്കുന്നു.

<u>ഡി) സ്റ്റാറ്റസ് റിപ്പോർട്ടുകൾ അപൂർണ്ണം - പ്രൊജക്ടുകളുടെ ആവശ്യകത , മുൻഗണന എന്നിവ നിശ്ചയിക്കപ്പെട്ടിട്ടില്ല</u>

കൈമാറിക്കിട്ടിയ ഓരോ മേഖലയിലേയും കാലികമാക്കിയ അടിസ്ഥാനവിവരങ്ങളാണ് ആസൂത്രണത്തിന്റെ കാതൽ. കാലികവും കൃത്യതയുള്ളതും വിശദവുമായ വിവരങ്ങൾ വെളിവാക്കുന്ന വികസനാവശ്യങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിക്കപ്പെടുമ്പോൾ മാത്രമാണ് ആസൂത്രണം നടക്കുന്നത്. എന്നാൽ വിവിധ മേഖലകളിൽ സ്ഥാപനം അടിസ്ഥാന വിവരങ്ങൾ കാലികമാക്കിയല്ല പ്രോജക്ടുകൾ തെരെഞ്ഞെടുത്തിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ആസൂത്രണത്തിന് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് 2017-18 വർഷം തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ടാണ്. ഇതിന്റെ കാര്യത്തിൽ തന്നെ ചില മേഖലകളിൽ പരിമിതമായെങ്കിലും ഡാറ്റാ ലഭ്യമായിട്ടുണ്ടെങ്കിലും 200 പുതിയ പദ്ധതികൾ ആവിഷ്കരിച്ച പൊതുമരാമത്ത് മേഖലയിൽ ഒരു ഡാറ്റായും ലഭ്യമല്ല. നിർവ്വഹിച്ച പ്രോജക്ടുകളുടെ ലിസ്റ്റ് നല്കുക മാത്രമാണ് ചെയ്തിരിക്കുന്നത്. ഓരോ മേഖലയിലും പൊതുവായി ഏതൊക്കെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടണമെന്ന് കില തയ്യാറാക്കിയ വിവിധ മേഖലകൾക്കുള്ള മാതൃകാ സ്റ്റാറ്റസ് റിപ്പോർട്ടിൽ വിശദമാക്കിയിട്ടുണ്ട്. എന്നാൽ എല്ലാ മേഖലയിലും ഇത് അടിസ്ഥാനപ്പെടുത്തി റിപ്പോർട്ട് തയ്യാറാക്കാൻ സ്ഥാപനം ശ്രമിച്ചിട്ടില്ല. ഇത് കൊണ്ട് തന്നെ പ്രോജക്ട് നിർദ്ദേശങ്ങളുടെ അടിസ്ഥാനമെന്തെന്ന് വ്യക്തമല്ല.

<u>ഇ)മോണിറ്ററിംഗ് ഇല്ല</u>

പ്രോജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യണമെന്ന കർത്തവ്യം വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിച്ചിട്ടില്ല. ഇത് കൊണ്ട് തന്നെ പ്രോജക്ടുകൾക്ക് ചെലവഴിച്ച തുകയുടെ ഫലപ്രാപ്തി സ്ഥാപനത്തിന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

പ്രോജക്ടുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലുമുണ്ടായ മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വികസന സെമിനാറിൽ അവതരിപ്പിക്കാത്ത പ്രോജക്ടുകൾ അംഗീകരിക്കപ്പെട്ടതും, മെയിന്റനൻസ് പ്ലാനില്ലാതെ പ്രോജക്ടുകൾ തയ്യാറാക്കിയതും എപ്രകാരമെന്ന് വിശദീകരിക്കേണ്ടതാണ്. കൂടാതെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതുമാണ്.

1-6 ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കപ്പെടുന്നില്ല

ഓഡിറ്റ് റിപ്പോർട്ടുകൾ സ്ഥാപനം പരിഗണിക്കുന്നില്ലെന്ന് നാളിതുവരെയുള്ള റിപ്പോർട്ടുകളോടുള്ള സമീപനം വ്യക്തമാക്കുന്നു. 1971-72 വർഷം മുതൽക്കുള്ള റിപ്പോർട്ടുകൾ തീർപ്പാക്കാതെ അവശേഷിക്കുന്നതായി 2018-19 വർഷത്തെ റിപ്പോർട്ട് സാക്ഷ്യപ്പെടുത്തുന്നുണ്ട്. അവശേഷിക്കുന്ന ഭൂരിഭാഗം റിപ്പോർട്ടുകളുടെ കാര്യത്തിലും പരാമർശങ്ങൾ പൂർണ്ണമായിതന്നെ തീർപ്പാക്കാൻ ബാക്കിയുണ്ടെന്നുള്ളത് വിഷയത്തിന്റെ ഗൗരവം കൂട്ടുന്നു. സ്ഥാപനം ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലം മുതൽക്കുള്ളതാണ് മുൻകാല റിപ്പോർട്ടുകളിൽ പലതും. റിപ്പോർട്ടുകൾക്ക് കാലാകാലങ്ങളിൽ മതിയായ പ്രാധാന്യം നല്കാത്തത്, ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളിലടക്കം അപാകതകൾ തുടർന്നു വരുന്നതിന് കാരണമായിട്ടുണ്ട്. കാര്യക്ഷമതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിന് ഓഡിറ്റ് കൊണ്ട് ലഭ്യമാകുന്ന പ്രയോജനം സ്ഥാപനത്തിനുണ്ടാകുന്നില്ല. 2016-17 മുതൽ 2018-19 വരെയുള്ള ഏറ്റവും ഒടുവിലത്തെ മൂന്ന് വർഷങ്ങളിലെ റിപ്പോർട്ടുകളുടെ തുടർ നടപടി പരിശോധിച്ചതിൽ ഗുരുതരമായ വീഴ്ചകൾ സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുണ്ടയതായി ബോധ്യപ്പെടുന്നു. മേല്പറഞ്ഞതിൽ ഒരു റിപ്പോർട്ടു പോലും ഭരണസമിതിയ്ക്കു മുന്നിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. റിപ്പോർട്ട് ലഭിച്ച് ഒരു മാസത്തിനകം ഭരണസമിതിയുടെ പ്രത്യേക യോഗം വിളിച്ച് ചേർത്ത് റിപ്പോർട്ട് ചർച്ച ചെയ്യണമെന്ന നിയപരമായ ബാധ്യതയുണ്ടയിരിക്കെയാണ് ഇത്തരം കൃത്യവിലോപമുണ്ടായിരിക്കുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾ വാർഡു സഭകളിൽ വരെ അവതരിപ്പിക്കണമെന്ന നിയമപരമായ ബാധ്യതയുണ്ടായിരിക്കെ ജനങ്ങളുടെ പ്രതിനിധികൾക്ക് മുമ്പാകെ വരെ ഇവ അവതരപ്പിക്കപ്പെട്ടില്ല. കൂടാതെ റിപ്പോർട്ടുകളിലെ പരാമർശങ്ങളിൽ നടപടിക്ക് നേതൃത്വം നല്കേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ റിപ്പോർട്ടുകൾ കണ്ടിട്ടുപോലുമില്ലെന്ന് മിനിട്സ് വ്യക്തമാക്കുന്നു. മൂന്ന് റിപ്പോർട്ടുകൾക്കും യാതൊരു മറുപടിയും ലഭ്യമാക്കാൻ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല. മറുപടി ലഭിക്കാത്തതിനെ തുടർന്ന് തുടർറിപ്പോർട്ടുകൾ മൂന്ന് റിപ്പോർട്ടുകൾക്കും ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

കാലാകാലങ്ങളിൽ ഉത്തരവാദിത്വം വഹിച്ച സെക്രട്ടറിമാർക്കും, കീഴിലുള്ള ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്കും വീഴ്ചയ്ക്ക് പൂർണ്ണമായ ഉത്തരവാദിത്വമുണ്ട്. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും റിപ്പോർട്ടുകൾ സമയബന്ധിതമായി തീർപ്പാക്കാൻ നടപടി സ്വീകരിച്ച് പുരോഗതി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1-7 ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ലെന്ന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. (2018-19 റിപ്പോർട്ടിലെ ഖണ്ഡിക 1-2, 2017-18 റിപ്പോർട്ടിലെ ഖണ്ഡിക 2-2എന്നിവ കാണുക) എന്നാൽ റിപ്പോർട്ട് ചെയ്യപ്പെട്ട അപാകതകൾ പരിഹരിക്കാൻ സ്ഥാപനം നാളിതുവരെ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. പരിഹാര നടപടികൾ സ്വീകരിക്കാത്തതുകൊണ്ട് തന്നെ വിവിധ മേഖലകളിൽ അപാകതകൾ നിലനില്ക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശം താഴെ കൊടുക്കുന്നു.

1) വൗച്ചറുകളുടെ സൂക്ഷിപ്പും ചെലവ് നടത്തുന്നതും

വൗച്ചറുകളുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ല. സാംഖ്യ മാന്വൽ നിഷ്കർഷിക്കും വിധം ഒരു വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തേയും വൗച്ചർ കെട്ടിനോടൊപ്പം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇതുകൊണ്ട് തന്നെ എല്ലാ ചെലവുകൾക്കും വൗച്ചറുകളുണ്ടോയെന്നും വൗച്ചറുകളില്ലാതെ അക്കൗണ്ടുകളിൽ നിന്നും തുകകൾ പിൻവലിക്കപ്പെട്ടിട്ടില്ലെന്നും വൗച്ചറുകൾ ക്രമപ്രകാരമുണ്ടെന്നും പ്രത്യക്ഷത്തിൽ ഉറപ്പുവരുത്താൻ കഴിയുന്നില്ല. കൂടാതെ 6/2019 മാസത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ മാത്രം നിരവധി വൗച്ചറുകൾ മിസ്സിംഗ് ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. 21900227, 21900230, 33, 34, 45, 46, 49, 50 Etc.

പേമെന്റ് വൗച്ചറുകൾ സൂപ്പർവൈസറി തലത്തിൽ പരിശോധിക്കപ്പെടുന്നില്ല. 21900321/14.06.2019 നമ്പർ പ്രകാരമുള്ള അജ്ഞാത ജഡങ്ങൾ മറവു ചെയ്യുന്നതിന് നല്കിയ 8210/- രൂപയുടെ വൗച്ചറിൽ 7768/-രൂപയുടെ സബ് വൗച്ചറുകൾ /ബില്ലുകൾ മാത്രമാണ് ഉള്ളതെന്നത് ഇതിന് ഉദാഹരണമാണ്.

മുൻകൂറുകൾ നല്കുന്ന പ്രവണത സ്ഥാപനത്തിൽ നിലനില്ക്കുന്നുണ്ട്. എന്നാൽ മുൻകൂറുകൾ സമയബന്ധിതമായി ക്രമപ്പെടുത്തുന്നുണ്ടോയെന്ന് അക്കൌണ്ടന്റ്, സൂപ്പർവൈസറി തലത്തിലുള്ള സൂപ്രണ്ട് എന്നിവർ നിരീക്ഷിക്കുന്നില്ല. 21900343 നമ്പർ വൗച്ചർ പ്രകാരം ക്രമീകരിക്കപ്പെട്ട മുൻകൂർ ഇതിന്

ഉദാഹരണമാണ്. 2018 മെയ് ജൂൺ മാസങ്ങളിൽ സ്ഥാപനപരിധിയിലെ ഡ്രയിനേജ് ക്ലീൻ ചെയ്യുന്നതിന് പ്രസാദ്.കെ.എം JHI II ഗ്രേഡിന് നല്കിയ ഒരു ലക്ഷം രൂപയുടെ മുൻകൂർ ക്രമീകരിക്കുന്നത് ഒരുവർഷം കഴിഞ്ഞ് 2020 ജൂൺ മാസത്തിലാണ്. 124460/- രൂപയുടെ മസ്റ്റർ റോൾ സമർപ്പിക്കുകയും അധികം ചെലവായ 24460/- രൂപയിൽ 18000/-രൂപ പലിശയിനത്തിൽ കുറവ് വരുത്തി ബാലൻസ് തുക നല്കുകയുമാണ് ചെയ്തിരിക്കുന്നത്.

കേരള മുനിസിപ്പാലിറ്റി ആക്ട്, സെക്ഷൻ 22(1) എ (4) പ്രകാരം അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യേണ്ടതും തൊട്ടുമുമ്പുള്ള മാസത്തെ വരവ് ചെലവുകളുടെ സംക്ഷിപ്തം പരിശോധിക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. എന്നാൽ പേമന്റുകൾക്ക് അംഗീകാരം നല്കുന്നതല്ലാതെ മേൽപറഞ്ഞ ഉത്തരവാദിത്വങ്ങൾ കമ്മിറ്റി നിറവേറ്റുന്നില്ല. സൂപ്പർവൈസറി തലത്തിലും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലുമുള്ള സ്ഥാപനത്തിലെ നിയന്ത്രണ സംവിധാനങ്ങൾ പരാജയമാണെന്ന് മേൽ വസ്തുതകൾ വെളിവാക്കുന്നു.

<u>2) പണം പിരിവ് -കൃത്യത നിരീക്ഷിക്കപ്പെടുന്നില്ല</u>

എസ് സി ഡി ഒ 30.9.2021 തീയതിയിൽ വിവിധ രശീതികളിലായി പിരിച്ചെടുത്ത 6440/-രൂപ നഗരസഭാ ഫണ്ടിൽ ഒടുക്കാത്തത് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെടുകയും റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് അടവാക്കുകയും ചെയ്തിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ 16.2.21,27.7.21 തീയതികളിൽ പിരിച്ചെടുത്ത 600/-രൂപ(150+150) ഒടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടത് സ്ഥാപനത്തിനെ അറിയിച്ചിട്ടുണ്ട്. സ്ഥാപനത്തിലേക്ക് ഒടുക്കുന്ന തുകകൾ യഥാസമയം കൃത്യമായി അക്കൗണ്ടിൽ വരവ് വയ്ക്കുന്നെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമില്ലായെന്ന് മേൽ അപാകതകൾ വ്യക്തമാക്കുന്നുണ്ട്. കൂടാതെ രശീതികൾ പരിപാലിക്കുന്നതിൽ വിവിധങ്ങളായ അപാകതകൾ സംഭവിക്കുന്നുമുണ്ട്. ഇത് പ്രത്യേകമായി സൂചിപ്പിച്ചതു കൂടി കാണുക.

<u>3) പരാതികളും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളും -രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല</u>

സ്ഥാപനത്തിൽ സമർപ്പിക്കപ്പെടുന്ന പരാതികൾ സംബന്ധിച്ച ഒരു രജിസ്റ്റർ സ്ഥാപനം സൂക്ഷിക്കുന്നില്ല. ഇത് കൊണ്ട് തന്നെ എത്രത്തോളം പരാതികൾ സ്ഥാപനത്തിൽ ലഭിക്കുന്നുണ്ടെന്നും ഏതൊക്കെ മേഖലകളിൽ പരാതികൾക്കിടയാക്കുന്ന സാഹചര്യമുണ്ടെന്നും ഇവ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്ഥാപനം സ്വീകരിക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ കഴിയുന്നില്ല. ഇത്തരം അറിവുകൾ ലഭ്യമാകാത്തത് ഭരണത്തിൽ സുതാര്യത കൊണ്ടുവരാനും പരാതികൾക്കിടയില്ലാതെ

സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ നടത്താൻ ഭരണസമിതിക്ക് തടസ്സം സൃഷ്ടിക്കുന്നു. നാളിതുവരെ ഇത്തരത്തിലുള്ള ഒരു രജിസ്റ്റർ സ്ഥാപനം സൂക്ഷിച്ചിട്ടില്ലെന്നത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ വീഴ്ചയായി കാണാം.

വിവരാവകാശ നിയമപ്രകാരം സൂക്ഷിക്കേണ്ട അപേക്ഷകൾ സംബന്ധിച്ച രജിസ്റ്ററും ഓഡിറ്റ് വർഷത്തിൽ സ്ഥാപനം സൂക്ഷിച്ചിട്ടില്ല. അപേക്ഷകളിൽ സമയബന്ധിതമായി വിവരങ്ങൾ ലഭ്യമക്കുന്നുണ്ടോയെന്ന് ഇത് മൂലം നിരീക്ഷിക്കാൻ കഴിയുന്നില്ല.

4) വരുമാനം സംബന്ധിച്ച രേഖകൾ /രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

കേരള മുനിസിപ്പൽ ആക്ട്, സെക്ഷൻ 22(1) എ (1) പ്രകാരം നഗരസഭയ്ക്ക് കിട്ടേണ്ടതായ നികുതികളുടേയും ഫീസുകളുടേയും വാടകകളുടേയും മറ്റ് തുകകളുടേയും യഥാസമയത്തുള്ള തിട്ടപ്പെടുത്തലും ഈടാക്കലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യഥാസമയം നിരീക്ഷിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ നിരീക്ഷിക്കുന്നതിന് കൃത്യമായ രേഖകളും രജിസ്റ്ററുകളും സ്ഥാപനം സൂക്ഷിക്കേണ്ടതുണ്ട്. എന്നാൽ ഇവ തയ്യാറാക്കി സൂക്ഷിക്കുന്നതിൽ വർഷങ്ങളായി സ്ഥാപനം വീഴ്ച വരുത്തുന്നുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾക്കായി 2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2(3) ലെ പരാമർശത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിലവിൽ ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾക്ക് ക്രമനമ്പരിട്ട് സൂക്ഷിച്ചിട്ടില്ലെന്നത് ഒരു ഉദാഹരണമാണ്. എത്ര ലൈസൻസുകൾ നല്കിയെന്നും അവയ്ക്ക് എത്രത്തോളം കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തിയെന്നും വാണിജ്യാവശ്യങ്ങൾക്ക് നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാത്തവയുണ്ടോയെന്ന് പ്രാഥമികമായി വിലയിരുത്താനും സ്ഥാപനത്തിനോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്കോ കഴിയുന്നില്ല. എല്ലാ വരുമാനങ്ങളുടേയും കാര്യത്തിൽ അതേ സ്ഥിതി തുടരുന്നതിനാൽ മേൽ സെക്ഷൻ പ്രകാരമുള്ള നിയന്ത്രണ സംവിധാനമായി പ്രവർത്തിക്കാൻ സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്ക് കഴിയുന്നില്ല. കൂടാതെ മേല്പറഞ്ഞ ഉത്തരവാദിത്വം നിറവേറ്റുന്ന തരത്തിലുള്ള അജണ്ടകൾ കമ്മിറ്റി ചർച്ചചെയ്തിട്ടുമില്ല.

1-8 ഡി & ഓ ലൈസൻസ് ഫീ പിരിക്കുന്നതിലെ അപാകതകൾ

ഡി & ഒ ലൈസൻസ് ഫീ പിരിക്കുന്നതിലെ അപാകതകൾ

2011 ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കൗൺസിലിന് ഒന്നോ അതിൽ കൂടുതലോ ആവശ്യങ്ങൾക്ക് കൗൺസിൽ നൽകുന്ന ലൈസൻസ് കൂടാതെയും, മറ്റ് സാധാരണ

വ്യാപാരങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് അനുസൃതമല്ലാതെയും ഉപയോഗപ്പെടുത്താൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു വിജ്ഞാപനം മുഖേനയും മുനിസിപ്പാലിറ്റിയുടെ ഓഫീസിലെ നോട്ടീസ് ബോർഡിലും മുനിസിപ്പൽ പ്രദേശത്തെ പ്രധാന പൊതുസ്ഥലങ്ങളിലും നോട്ടീസ് പതിച്ചും പരസ്യം ചെയ്ത് പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലും നോട്ടീസിലും ഓരോ വ്യാപാരം/കച്ചവടം/തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാനദണ്ഡപ്രകാരം ഓരോ വ്യാപാരത്തെയും A, B, C എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കേണ്ടതും ചട്ടം 7 പ്രകാരം ഫീസ് നിശ്ചയിക്കേണ്ടതുമാണ്. മുനിസിപ്പൽ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ കച്ചവട സ്ഥാപനങ്ങളും മേൽ പ്രകാരം തീരുമാനിച്ച നിരക്കിൽ ലൈസൻസ് ഫീ അടക്കുന്നതിന് ബാധ്യസ്ഥരാണ്.

2018-19ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട ഡി & ഒ ലൈസൻസ് ഫീ പിരിക്കുന്നതിലെ അപാകതകൾ ഇപ്പോഴും നിലനിൽക്കുന്നു.

1)നഗരസഭയിലെ ഡി & ഒ ഡിമാൻഡ് രജിസ്റ്റർ പൂർണമല്ല. രജിസ്റ്ററിൽ സീരിയൽ നമ്പറും അബ്സ്ട്രാക്റ്റും രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല .

2)ഓരോ വ്യാപാരം/കച്ചവടം/തൊഴിൽ ഇവ നടത്തുന്ന സ്ഥലത്തിന്റെ പ്രാധാന്യം, വ്യാപാരത്തിന്റെ സ്വഭാവം, തോത്, മുതൽ മുടക്ക് തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനമാക്കി സുതാര്യമായ മാനദണ്ഡ പ്രകാരം ഓരോ വ്യാപാരത്തെയും A, B, C എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി തിരിക്കുകയോ ചട്ടം 7 പ്രകാരം ഫീസ് നിശ്ചയിക്കപ്പെടുകയോ ചെയ്തിട്ടില്ല.

2)നഗരസഭയിൽ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നിലവിൽ പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ, മുൻവർഷം പ്രവർത്തിച്ചിരുന്നതിൽ തൻവർഷം പ്രവർത്തനരഹിതമായ, പുതുതായി പ്രവർത്തനം തുടങ്ങിയ സ്ഥാപനങ്ങൾ, ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എന്നിവ സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ മുനിസിപ്പാലിറ്റിയിൽ ലഭ്യമല്ല.

മുനിസിപ്പാലിറ്റിയിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം

31-3-20 തിയ്യതിയിൽ വാണിജ്യ വ്യവസായ ആവശ്യങ്ങൾക്ക്	7866

നികുതി നിർണയിക്കപ്പെട്ട കെട്ടിടങ്ങളുടെ ഡിമാന്റുകൾ	
2019-20 വർഷം അനുവദിക്കപ്പെട്ട ആകെ ഡി & ഒ ലൈസൻസുകളുടെ എണ്ണം	2804
ആകെ അനുവദിക്കപ്പെട്ട ഡി & ഒ ലൈസൻസുകൾക്കായി ഉപയോഗപ്പെടുത്തിയ കെട്ടിടങ്ങളുടെ എണ്ണം	3523

2019-20ൽ വാണിജ്യ ആവശ്യത്തിനുള്ള മേൽ കെട്ടിടങ്ങളിൽ ആദ്യ അർദ്ധ വർഷത്തിൽ 258 എണ്ണവും രണ്ടാം അർദ്ധ വർഷത്തിൽ 254 എണ്ണവും വേക്കൻസി റമിഷനായി അപേക്ഷിച്ചിട്ടുണ്ട്. 2018-19 വർഷത്തെ ഡി & ഒ ലൈസൻസുകളുടെ എണ്ണം 2917 ആയിരുന്നു ഇത് 2019-20 വർഷം 2804 ആയി കുറയുകയാണ് ചെയ്തത് . ഇതിൽ നിന്നും മുനിസിപ്പാലിറ്റിയിലെ വാണിജ്യ കെട്ടിടങ്ങളായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളിൽ പകുതി എണ്ണങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്തു പ്രവർത്തിച്ചു വരുന്നത് എന്ന് മനസ്സിലാക്കാം. വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മിച്ച് നികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾ പൂർണ്ണമായും കച്ചവട സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ല എന്ന് കണക്കാക്കിയാലും നൽകിയ ലൈസൻസുകളുടെ എണ്ണവും കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇത് കാരണം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാവുന്ന തരത്തിലുള്ള ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളെ മുനിസിപ്പാലിറ്റിക്ക് പൂർണ്ണമായി നിയന്ത്രിക്കാൻ കഴിയാതെ വരികയും ലൈസൻസ് ഫീ ഇനത്തിൽ ലഭിക്കുമായിരുന്ന വരുമാനത്തിൽ ഭീമമായ കുറവുണ്ടാകുന്നതിന് കാരണമാകുകയും ചെയ്യുന്നു. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കേണ്ടതും എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

മുകളിൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9 മൽസ്യ മാർക്കറ്റ് കംഫർട് സ്റ്റേഷൻ ലേലം ചെയ്തതിലെ അപാകത

15.03.19ന് നടന്ന മൽസ്യ മാർക്കറ്റ് കംഫർട് സ്റ്റേഷൻ ലേലം 38000 രൂപയ്ക്ക് വി കെ സുധാകരൻ ഏറ്റെടുക്കുകയും 18000 രൂപ 15.03.2019ന് ഒടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 20000 രൂപ അദ്ദേഹം നഗരസഭയിൽ അടച്ചിട്ടില്ല. എന്നാൽ ഏപ്രിൽ 12 മുതൽ സെപ്റ്റിക്ടാങ്ക് നിറഞ്ഞ കാരണത്താൽ കംഫർട് സ്റ്റേഷൻ അടച്ചിട്ടിരിക്കുകയാണെന്ന് 20.4.19നു ശ്രീ സുധാകരൻ കത്ത് മുഖേന നഗരസഭയെ അറിയിച്ചിട്ടുണ്ട്. കൂടാതെ കക്കൂസിന്റെ വാതിലുകൾ പൊളിഞ്ഞുപോയ സ്ഥിതിയിൽ ആണെന്നും ജനങ്ങളുടെ സ്വകാര്യതയെ ഹനിക്കുന്ന തരത്തിൽ ആയതിനാൽ ഉപയോഗ ശൂന്യമാണെന്നും

അറിയിച്ചിട്ടുണ്ട് .

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 325 പ്രകാരം ഏതൊരു കക്കൂസും അത് ഉപയോഗിക്കുന്ന ആൾക്ക് സ്വകാര്യത നൽകുന്ന വിധത്തിൽ ഉള്ളതും അതിന്റെ സമീപത്തുകൂടി കടന്നു പോകുന്നവർക്കോ, സമീപത്തു താമസിക്കുന്നവർക്കോ മാലിന്യങ്ങൾ കാഴ്ചയിൽ പെടാത്ത വിധത്തിലുള്ളതും, അതിനു അടപ്പുള്ള ലീച്ച് പിറ്റ് അല്ലെങ്കിൽ സെപ്റ്റിക് ടാങ്ക് അല്ലെങ്കിൽ ഡ്രൈനേജ് സംവിധാനം ഉണ്ടായിരിക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ ഉറപ്പാക്കാതെയാണ് ലേല നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ലേലത്തിന് വിട്ടുകൊടുക്കുന്നതിനു മുൻപ് കംഫർട്ട് സ്റ്റേഷന്റെ നിജസ്ഥിതി വിലയിരുത്തപ്പെട്ടിട്ടില്ല. ഈ കാരണത്താൽ ജനങ്ങൾക്ക് കംഫർട് സ്റ്റേഷൻ ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയും നഗരസഭയ്ക്ക് വരവിനത്തിൽ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതു കാരണം വരവിനത്തിൽ നഷ്ടപ്പെട്ട 20000 രൂപ ഓഡിറ്റ് കാലയളവിൽചുമതല വഹിച്ച ഉത്തരവാദികളായ സെക്രട്ടറിമാരിൽ നിന്നും തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

1-10 രസീത് മുഖേനയുള്ള പണം പിരിവ് - മേൽനോട്ടം കാര്യക്ഷമമല്ല

രസീത് മുഖേനയുള്ള പണം പിരിവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥർ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.പിരിച്ചെടുത്ത പണം നഗരസഭയിൽ ഒടുക്കിയതിൽ വീഴ്ച വരുത്തിയ, ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കേസുകൾ താഴെ കൊടുക്കുന്നു.

1)വെറ്ററിനറി സർജന്റെ 25.06.20 ലെ 16537-16539രസീതുകളിൽ 1240 രൂപ വീതം 3720 രൂപ ഈടാക്കിയിട്ടുണ്ട് .എന്നാൽ ഈ തുക അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2)എസ്.സി.ഡി.ഒ യുടെ 30.9.21 തിയ്യതിയിലെ രസീത് ബുക്ക് നമ്പർ 114ലെ 11310-17 രസീതുകളിൽ6440രൂപ പിരിച്ചെടുത്തിട്ടുണ്ട് . ആയത് ഓഡിറ്റ് പരിശോധന വേളയിൽ അടവാക്കിയിട്ടില്ല എന്ന് ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് 23.12.21തിയ്യതിയിലാണ് അടവാക്കിയത്. ഈടാക്കിയ തുക 83ദിവസത്തോളം നിർവഹണോദ്യോഗസ്ഥൻ കൈവശം വച്ചതായി കാണുന്നു .

3)ഹെൽത്ത് ഇൻസ്‌പെക്ടർ നിർവഹണം നടത്തിയ ബയോബിന് പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം (രസീത് ബുക്ക് നമ്പർ 262) ഒടുക്കിയതിലുള്ള കുറവ് താഴെ കൊടുക്കുന്നു.

രസീത് നമ്പർ/തിയ്യതി	ഈടാക്കിയ തുക	ഒടുക്കിയ തുക	കുറവ്
26146-26148 /25.11.20, 10.2.21, 16.2.21	450	300	150
26149-89/27.7.21	6150	6000	150

ക്രമനമ്പർ 1,3 എന്നിവ പ്രകാരമുള്ള 4020രൂപ (3720+300)നഗരസഭ ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തിയിട്ടില്ല. രസീത് പുസ്തകങ്ങൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 4020 രൂപ നിയമാനുസൃത പലിശ സഹിതം നഗരസഭാഫണ്ടിൽ തിരികെ ഒടുക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-11 വസ്തു നികുതി -അപാകതകൾ

നഗരസഭയിലെ വിവിധ ഉപയോഗങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് ബാധകമാവുന്ന വസ്തു നികുതി നിരക്കുകൾ 28.09.2011 തിയ്യതിയിലെ 10 ാം നമ്പർ തീരുമാന പ്രകാരം ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. നഗരസഭയിലെ വിവിധ കെട്ടിടങ്ങൾക്ക് നമ്പറിട്ടു നൽകുന്ന സമയത്ത് ഭരണ സൗകര്യാർത്ഥം ഒരേ ഉടമസ്ഥയിലുള്ള കെട്ടിടത്തിന്റെ ഒരേ ആംവശ്യത്തിനുപയോഗിക്കുന്ന വ്യത്യസ്ത മുറികൾക്ക് വ്യത്യസ്ത നമ്പർ നൽകിയിട്ടുണ്ട്.

ഇങ്ങനെ വ്യത്യസ്ത നമ്പറിട്ടു വെവ്വേറെ നികുതി കണക്കാക്കുന്ന സമയത്ത് കെട്ടിടത്തിന്റെ മൊത്തം തറവിസ്തീർണത്തിനു ബാധകമാവുന്ന നിരക്കിൽ നികുതി ഈടാക്കാതെ ഓരോ മുറിയുടെയും വിസ്തീർണത്തെ കെട്ടിടത്തിന്റെ ആകെ വിസ്തീർണമായി പരിഗണിച്ച് ആ ഭാഗത്തിന്റെ വിസ്തീർണത്തിനു ബാധകമാവുന്ന നിരക്കിലാണ് നികുതി നിർണയിച്ച് ഈടാക്കുന്നത്. തന്മൂലം നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നു. 200 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തിനു ബാധകമായ ച.മീറ്ററിനു 90 രൂപ നിരക്കിൽ നികുതി ഈടാക്കാതെ 100 ചതുരശ്ര മീറ്ററിനു മുകളിൽ വിസ്തീർണമുള്ള വാണിജ്യകെട്ടിടത്തിനു ബാധകമായ ചതുരശ്ര മീറ്ററിനു 70 നിരക്കിൽ നികുതി നിർണയിച്ചത് മൂലം നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടമുടമയുടെ പേര് : സുനിൽ മജീദ് കുളങ്ങര ,മൂടാടി
അടിസ്ഥാന നികുതിയിൻ മേൽ ബാധകമായ വർധനവ് : 0
വാർഡ് നം : 32

കെട്ടിട നം	വിസ്തീർണം	ച.മീറ്ററിനു 70 രൂപ നിരക്കിൽ ഈടാ ക്കിയ നികുതി (വിസ്തീർണം * 50*1.2)	ഇളവ്/ വർദ്ധനവ്	ആകെ ഈടാ ക്കിയ നികുതി	ച.മീറ്ററിനു 90 രൂപ നിരക്കിൽ ബാധകമായ നികുതി (വിസ്തീർണം * 70*1.2)	ഇളവ്/ വർദ്ധനവ് (ഒന്നാം നില 5%,രണ്ടാം നില 10%)	ഈടാ ക്കേ ണ്ടിയി രുന്ന നികുതി	നഷ്ടം
1084എ	84.01	5881	-	5881	7561	-	7561	1680
1084 ബി	29.83	2089	-	2089	2685		2684	595
1084 സി	30.77	2154	-	2154	2770		2769	615
1084 ഡി	30.25	2118	-	2118	2723		2722	604
1084 ഇ	30.25	2118	-	2118	2722		2722	604
1084 എഫ്	22.55	1579	-	1579	2029		2029	450
1084 ജി	22.55	1579	-	1579	2030		2029	450
ആകെ	250.21	17518	-	17518	22520		22520	4998

2.

കെട്ടിടമുടമയുടെ പേര് : ഗോപാലകൃഷ്ണൻ , കൃഷ്ണലേഖ, മു തിര പറമ്പത്ത്
അടിസ്ഥാന നികുതിയിൻ മേൽ ബാധകമായ വർധനവ് : 20 %
വാർഡ് നം : 42

കെട്ടിടനം	വിസ്തീർണം	ച.മീറ്ററിനു 70 രൂപ നിരക്കിൽ ഈടാക്കിയ നികുതി (വിസ്തീർണം * 70)	ഇളവ്/ വർദ്ധനവ് വർദ്ധനവ്- (20%)	ആകെ ഈടാക്കിയ നികുതി	ച.മീറ്ററിനു 90 രൂപ നിരക്കിൽ ബാധകമായ നികുതി (വിസ്തീർണം * 90)	ഇളവ്/ വർദ്ധനവ് (20%)	ഈടാക്കേണ്ടിയിരുന്ന നികുതി	നഷ്ടം
151എ	23.48	1644	329	1973	2113	422	2535	562
151 ബി	23.48	1644	329	1973	2113	422	2535	562
151 സി	25.51	1786	357	2143	2296	459	2755	612
151ഡി	25.51	1786	357	2143	2296	459	2755	612
151 ഇ	28.07	1965	393	2358	2526	505	3031	673
151എഫ്	28.07	1965	393	2358	2526	505	3031	673
151ജി	35.53	2487	498	2985	3198	640	3838	853
151എച്ച്	25.22	1766	353	2119	2270	454	2724	605
151ജെ	25.22	1766	353	2119	2270	454	2724	605
151കെ	7.38	517	103	620	664	133	797	177
ആകെ	247.47	17326	3465	20791	22272	3775	26047	5934

കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് ചട്ടത്തിനനുസൃതമായിമായി നമ്പർ നൽകി കെട്ടിടത്തിന്റെ തറവിസ്തീർണത്തിനു ബാധകമാവുന്ന നിരക്കിൽ നികുതി ഈടാക്കാത്തതു കാരണം നഷ്ടം സംഭവിച്ചു.

നികുതിയിനത്തിൽ നഷ്ടമായ 10932/- രൂപയും 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതു മുതൽ നാളിതുവരെ നികുതി നിർണയിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സമാനമായ നഷ്ടം കണക്കാക്കി അതും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.വസ്തുനികുതി ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയിട്ടില്ല.

14.01.2011 ലെ സ.ഉ (അ) നം.18/2011/തസ്വഭവ ഉത്തരവ് പ്രകാരം നഗരസഭകളിൽ വസ്തുനികുതി പരിഷ്കരിച്ച് കൊണ്ട് 2011 ലെ കേരള മുനിസിപ്പാലിറ്റി വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. 02.12.2013 ലെ സ.ഉ(എം.എസ്) നം.371/2013/ തസ്വഭവ ഉത്തരവ് പ്രകാരം പുതിയ നികുതിദായകർക്ക് 01.04.2011 മുതലും നിലവിലുള്ള നികുതിദായകർക്ക് (വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നൽകുന്നവർക്ക്) 01.04.2013 മുതലും ഈ ചട്ടം ബാധകമാണ്. എന്നാൽ ഓഡിറ്റ് തീയതി വരെയും വസ്തുനികുതി പരിഷ്കരണം പൂർത്തീകരിക്കുന്നതിന് നഗരസഭക്ക് സാധിച്ചിട്ടില്ല.ആയതിനാൽ വസ്തു നികുതി പരിഷ്കരണത്തിന്റെ പ്രാബല്യതിയതി 01.04.2016 ആയി സർക്കാർ പുനർനിർണ്ണയിച്ചിട്ടുണ്ട്.കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രി സബന്ധിച്ച വിവരങ്ങൾ സഞ്ചയ

സോഫ്റ്റ്വെയറിൽ പരിശോധന നടത്തിയതിൽ 29306 കെട്ടിടങ്ങൾ ഡിജിറ്റൽ സിഗ്നേച്ചർ നൽകി സെക്രട്ടറി അപ്രൂവ് ചെയ്തിട്ടുണ്ട്.3123 കെട്ടിടങ്ങൾ സംബന്ധിച്ച വിവരങ്ങൾ ബേസ് ഡാറ്റാ മാത്രം നൽകി ഡാറ്റാ എൻട്രി നടത്തിയിട്ടുണ്ട്.ആയത് വെരിഫിക്കേഷൻ നടത്തുന്നതിന് ബാക്കിയുണ്ട്.

3.റോഡുകളുടെ വിവരങ്ങൾ പൂർണ്ണമായും സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല .

നഗരസഭയിൽ 44 ഡിവിഷനുകളിലായി 418 റോഡുകളുടെ വിവരങ്ങളാണ് സഞ്ചയ സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.ആസ്തി രജിസ്റ്റർ പ്രകാരം നഗരസഭയിൽ 1078 റോഡുകളാണുള്ളത്.മുഴുവൻ റോഡുകളും സോഫ്റ്റ്വെയറിൽ ഉൾപ്പെടാത്തതിനാൽ "മറ്റുള്ളവ "എന്ന് തെരഞ്ഞെടുത്ത് റോഡുകളുടെ വിവരങ്ങൾ മാന്വലായി ടൈപ്പ് ചെയ്യുകയാണ് ചെയ്യുന്നത്.ഇത് നികുതി നഷ്ടത്തിന് കാരണമാകുന്നു.

4.അനധികൃത നിർമ്മാണം സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

നഗരസഭയിൽ അനധികൃത കെട്ടിടങ്ങളെ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇത്തരം കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തുകയോ പിഴ നിരക്കിൽ വസ്തു നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി അപാകതകൾ.

1994 ലെ മുനിസിപ്പാലിറ്റി ആക്റ്റ് 245 ാം വകുപ്പ്, 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, ഫയലുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ നൽകുന്നു.

1. ഡിമാന്റ് രജിസ്റ്റർ ചട്ടപ്രകാരമല്ല

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം-10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അനേകം സ്ഥാപനങ്ങളുടെ പേരുകൾ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തുകയാണ് ചെയ്തത്. വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. റിട്ടേണുകളുടെ സൂക്ഷിപ്പ്

വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടില്ല. റിട്ടേണുകൾ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് ക്രമനമ്പർ നൽകി സൂക്ഷിക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15 ഷെഡ്യൂൾ) കുടിശ്ശികയിനത്തിൽ 158557/- രൂപ പിരിക്കാൻ ബാക്കിയുണ്ടെങ്കിലും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, കുടിശ്ശിക പിരിച്ചെടുക്കാൻ യാതൊരു നടപടികളും സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

3. നികുതി ഡിമാന്റ് ചെയ്യുന്നില്ല

1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് 245- ാം വകുപ്പ് പ്രകാരം ഓരോ നഗരസഭാ പ്രദേശത്തും ഓരോ അർദ്ധവർഷവും 60 ദിവസത്തിൽ കുറയാതെ ഇടപാടുകൾ നടത്തുന്ന ഓരോ സ്ഥാപനങ്ങളുടേയും, ആകെ 60 ദിവസത്തിൽ കുറയാതെ നഗരസഭാ പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തുന്നതിനും പിരിച്ചെടുക്കുന്നതിനും നഗരസഭക്ക് അധികാരമുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കാൻ മേൽപ്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ടെങ്കിലും തൊഴിൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരായ അനേകം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ പിരിക്കുകയോ ചെയ്തിട്ടില്ല. ഉദാഹരണം

(എ)ചട്ടം 3(2) പ്രകാരം സ്വയം തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദർ, അഭിഭാഷകർ, സഹകരണം സംഘം ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങൾ, ബാങ്കർമാർ തുടങ്ങിയവർക്ക് നിശ്ചയിച്ച പരമാവധി അർധവാർഷിക തൊഴിൽ നികുതി 1250/- രൂപയാണ്. എന്നാൽ ഈ ഗണത്തിൽ പെടുന്ന താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുകയോ ഡിമാന്റ്

ചെയ്യുകയോ ചെയ്തിട്ടില്ല.

1.നഗരസഭയുടെ ഉടമസ്ഥതയിലുള്ള മുറികൾ ഓഫീസായി ഉപയോഗിക്കുന്ന അഭിഭാഷകർ ഉൾപ്പെടെ കൊയിലാണ്ടി കോടതിയിൽ പ്രാക്റ്റീസ് നടത്തുന്ന അഭിഭാഷകർ

2. നഗരസഭയിൽ വിവിധ ഭാഗങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ

3. അംഗീകൃത കരാറുകാർ

4.പെട്രോൾ,ഡീസൽ പമ്പുകൾ, സർവ്വീസ് സ്റ്റേഷൻ എന്നിവ നടത്തുവർ

5.ടൂറിസ്റ്റ് ടാക്സി കാറുകൾ, ബസുകൾ എന്നിവയുടെ ഉടമസ്ഥർ

(ബി) മുനിസിപ്പാലിറ്റിയുടെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, മുനിസിപ്പാലിറ്റി പരിധിയിലുള്ള റേഷൻകട ഉടമസ്ഥർ ആരും തന്നെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (എസ്.ആർ. ഒ. നം. 539/2005) ചട്ടം 3 (2)(3) പ്രകാരം പൊതുവിൽപ്പന നികുതി ആക്റ്റ് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവടസ്ഥാപനങ്ങൾക്ക് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ മുനിസിപ്പാലിറ്റി പരിധിയിലുള്ള റേഷൻകട ഉടമകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കികാണുന്നില്ല.

(സി) തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നില്ല

ധാരാളം പേർ ജോലി ചെയുന്ന സ്ഥാപനങ്ങൾ പാരാ മെഡിക്കൽ രജിസ്റ്റർ, ട്യൂട്ടോറിയൽ രജിസ്റ്റർ എന്നിവയിൽ ഉൾപ്പെട്ടിട്ടുണ്ട്. സഞ്ചയ പ്രകാരം ആശുപത്രി/പാരാമെഡിക്കൽ സ്ഥാപനങ്ങൾ ഇനത്തിൽ 26 കെട്ടിടങ്ങൾ നിലവിലുണ്ട്.എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

4. സ്ഥാപന രജിസ്റ്റർ യഥാവിധി സൂക്ഷിക്കുന്നില്ല .

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 253, ഉപവകുപ്പ് (1) പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ നോട്ടീസ് മൂലം പഞ്ചായത്ത് പരിധിയിലുള്ള ഓരോ ഓഫീസ് മേധാവിയോടും, വകുപ്പ് 252 പ്രകാരം തൊഴിൽ നികുതി ഈടാക്കാൻ ബാദ്ധ്യസ്ഥനായ ആളോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടേയോ പേരുകളും മേൽവിലാസങ്ങളും നോട്ടീസിൽ നിർദ്ദേശ്ശിക്കുന്ന സമയത്തിനുള്ളിൽ ആവശ്യപ്പെടേണ്ടതാണ്. ഉപവകുപ്പ് (3)(1) പ്രകാരം സെക്രട്ടറി പ്രസ്തുത തരത്തിൽ ലഭ്യമായ വിവരങ്ങൾ ആ ആവശ്യത്തിലേക്കായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ

ഓഫീസുകളുടേയും, സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ പ്രസ്തുത രീതിയിലുള്ള രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ എത്ര സ്ഥാപനങ്ങളുണ്ടെന്നുള്ള വിവരം ഡിമാന്റ് രജിസ്റ്ററിന്റെ ആരംഭത്തിൽ ഒട്ടിച്ചുവെക്കുകയോ ചെയ്തിട്ടില്ല.

5. റിട്ടേണുകൾ സമർപ്പിക്കുന്നില്ല .

2005 ലെ കേരളാ മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 4(2)(3), ചട്ടം 9 എന്നിവ പ്രകാരമുള്ള ഫോറം VI പ്രകാരമുള്ള നോട്ടീസ് പല സ്ഥാപനങ്ങൾക്കും നൽകുകയോ സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

രണ്ടായിരത്തിലധികം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന നഗരസഭയിലെ എത്ര സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.ഓരോ സ്ഥാപനത്തിലും എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്നും അവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടേന്നോ എന്നൊന്നും വ്യക്തമല്ല. ഒന്നിലധികം പേർ ജോലി ചെയ്യുന്ന പല വ്യാപാരസ്ഥാപനത്തിൽ നിന്നും തൊഴിലാളികളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

6. കെട്ടിട ഉടമകളിൽ നിന്നും റിട്ടേൺ ആവശ്യപ്പെടുന്നില്ല .

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഏതെങ്കിലും പാർപ്പിടേതര കെട്ടിടത്തിന്റെ ഉടമസ്ഥനോ കൈവശക്കാരനോടോ ഫാറം 1 ൽ സെക്രട്ടറി നോട്ടീസ് നൽകുകയും ആവശ്യമായ വിവരങ്ങൾ ഫാറം 2 ൽ നഗരസഭയിൽ സമർപ്പിക്കുകയും വേണം.

ചട്ടം 6 പ്രകാരം ഏതെങ്കിലും തൊഴിലുടമയോ അവരുടെ പ്രധിനിധികളോടോ ഫാറം 3 പ്രകാരം നോട്ടീസ് നൽകുകയും തൊഴിലാളികളുടെ ലിസ്റ്റും വരുമാനത്തെ സംബന്ധിച്ച സ്റ്റേറ്റ്മെന്റും 4ാം നമ്പർ ഫോറത്തിൽ സമർപ്പിക്കുകയും വേണം.

എന്നാൽ ചട്ടം 5 പ്രകാരമുള്ള നോട്ടീസ് സെക്രട്ടറി നൽകിയിട്ടില്ല. ചട്ടം 6 പ്രകാരമുള്ള നോട്ടീസ് ചില സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെങ്കിലും ആരും ഫാറം 4 ൽ റിട്ടേൺ സമർപ്പിച്ചിട്ടില്ല.

7. സ്ഥാപന നികുതി ഈടാക്കുന്നില്ല

നഗരസഭയിലെ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല

1. കൊയിലാണ്ടി അഗ്രികൾച്ചർ & വർക്കേഴ്സ് ഡെവലപ്പ്മെന്റ് സൊസൈറ്റി

2. മുത്തൂറ്റ് ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്

3. മിനി മുത്തൂറ്റ്

4. എസാഫ് മൈക്രോ ഫിനാൻസ്

5. മുത്തൂറ്റ് ഫിൻകോർപ്പ്

6.കെ.ടി.ഡി.സി ബിയർ &വൈൻ പാർലർ

7.ശ്രീ ഗുരുവായൂരപ്പൻ ചിട്ടി ഫണ്ട്സ്

8. മണപ്പുറം ഫിനാൻസ്

9.യൂണിമോണി ഫിനാൻഷ്യൽ സർവ്വീസസ്

10. ചെമ്മണ്ണൂർ ജ്വല്ലേഴ്സ്

11.കല്ല്യാൺ ജ്വല്ലേഴ്സ്

12.കല്ല്യാൺ റെസിഡെൻസി

13.പാർക്ക് റെസിഡെൻസി

14.മൈ ജി മൊബൈൽ വേൾഡ്

15.വിക്ടറി ട്രേഡേഴ്സ്

16.കെ.വി.ആർ മോട്ടോഴ്സ്

17.നന്തിലത്ത് ജി-മാർട്ട്

18.കെ.ആർ.എസ് പാർസൽ

19.ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവെസ്റ്റ്മെന്റ്

20. ശ്രീരാം ഫിനാൻസ്

21.നിത്യാനന്ദ ആയുർവ്വേദിക് ഹോസ്പിറ്റൽ

മേൽ കാര്യങ്ങൾ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ സൂചിപ്പിച്ചിരുന്നുവെങ്കിലും സ്ഥാപനം യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. അപാകതകൾ പരിഹരിക്കുന്നതിന് മുനിസിപ്പാലിറ്റിയിലെ

സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടതും മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-13 കുട്ടികളുടെ പാർക്കിലെ കോഫി ഷോപ്പ്/കടമുറി ലേലം-അപാകതകൾ.

നഗരസഭയിൽ കൊല്ലം ചിറയ്ക്ക് എതിർവശത്തുള്ള ചിൽഡ്രൻസ് പാർക്കിലെ 23 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പാർലർ റൂം 04.09.2015 ലെ സ്റ്റിയറിങ്ങ് കമ്മിറ്റി തീരുമാനപ്രകാരം 06.09.2015 ന് പത്രപ്പരസ്യം ചെയ്യുകയും 11.09.2015 ന് ലേലത്തിലൂടെ 508000/-രൂപ ഡെപ്പോസിറ്റ് ഓഫർ ചെയ്ത ശ്രീ.മോഹനൻ പി. എന്നയാൾക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുകയും ചെയ്തിട്ടുണ്ട്. 11.09.2015 ന് ലേലം നടത്തിയ മുറിക്ക് 4000/- രൂപ നിരക്കിലാണ് ഭരണസമിതി വാടക നിശ്ചയിച്ചിരിക്കുന്നത്. ലേല നിബന്ധന-6 പ്രകാരം ലേലം കൊണ്ട കക്ഷി 15 ദിവസത്തിനകം മുറി ഏറ്റെടുക്കേണ്ടതും വാടക നഗരസഭ നിശ്ചയിച്ച നിരക്കിൽ തൊട്ടടുത്ത മാസം മുതൽ അടവാക്കേണ്ടതുമാണ്. (10/2015 മുതൽ) എന്നാൽ ലേലം ഉറപ്പിക്കപ്പെട്ടയാൾ പാർക്കിൽ വെള്ളം, ഇലക്ട്രിസിറ്റി കണക്ഷൻ എന്നിവ ഇല്ലായെന്ന് കാണിച്ച് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സെക്രട്ടറി 2015 ഒക്ടോബർ മാസം മുതൽ ലേലം ഉറപ്പിക്കപ്പെട്ട വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ലാത്തതിനാൽ 2016 ആഗസ്റ്റ് മാസം മുതലാണ് വാടക പിരിച്ചെടുക്കുന്നതിന് സാധിച്ചിട്ടുള്ളൂ. ലേലം നിബന്ധന 12 പ്രകാരം ലേലം ചെയ്യുന്ന മുറിയുടെ വൈദ്യുതി കണക്ഷനുള്ള കാലതാമസത്തിന് നഗസഭ ഉത്തരവാദിയായിരിക്കുന്നതല്ല എന്ന് പ്രസ്താവിച്ചിട്ടുള്ളതാണ്. കൂടാതെ ലേല നിബന്ധന 6, 7 എന്നിവ പ്രകാരം ലേലം സ്ഥിരപ്പെടുത്തുന്ന മുറയ്ക്ക് നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം മുറിയുടെ താക്കോൽ ഏറ്റുവാങ്ങേണ്ടതും മുറി ഏൽപ്പിച്ചു കൊടുക്കുന്നതിന് മുമ്പ് പ്രസ്തുത മുറിയുടെ വാർഷിക ലൈസൻസ് ഫീസിന്റെ നിയമാനുസൃത മൂല്യമുള്ള മുദ്രപത്രത്തിൽ നഗരസഭയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

ദേശീയ പാതയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന പാർക്കിലെ 23 ചതുരശ്രമീറ്റർ വിസ്തീർണ്ണമുള്ള പാർലർ റൂമിന് (കട മുറി) 4000/- രൂപയണ് ഭരണ സമിതി മാസവാടക നിശ്ചയിച്ചിരിക്കുന്നത്. ആയത് പൊതുമരാമത്ത്-ബിൽഡിംഗ് സെക്ഷനിൽ നിന്നും മൂല്യനിർണ്ണയം നടത്താതെയാണെന്ന് ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. കൂടാതെ കരാറിന്റെ കാലാവധി 31.07.2019 ന് അവസാനിക്കുന്നതിനാൽ കടമുറി തുടർന്നും നടത്തിക്കൊണ്ടു പോകുന്നതിന് അനുവാദം നൽകുന്നതിനാവശ്യപ്പെട്ട് ശ്രീ.മോഹനൻ.പി എന്നയാൾ 25.07.2019 ന് അപേക്ഷ സമർപ്പിച്ചിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള വാടകയിൽ 20 ശതമാനം വാടക വർദ്ധന വരുത്തി 2019 ആഗസ്റ്റ് മാസം മുതൽ 3 വർഷത്തേയ്ക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന് തീരുമാനം -15/22.07.2019 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൌൺസിലിലേയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തു. മേൽ ശുപാർശയുടെ അടിസ്ഥാനത്തിൽ 15.10.2019 ലെ 13/13 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം 2019 ആഗസ്റ്റ് 1 മുതൽ 20 ശതമാനം വാടക വർദ്ധിപ്പിച്ച് 3 വർഷത്തേക്ക് നടത്തുന്നതിന് ശ്രീ.മോഹനൻ പി എന്നയാളിന് അനുമതി നല്കി.

05.03.2020 ന് ശ്രീ.മോഹനൻ നഗരസഭയിൽ സമർപ്പിച്ച അപേക്ഷ പ്രകാരം ചിൽഡ്രൻസ് പാർക്കിലെ കഫേ സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വരുമാനം കുറവാണെന്ന് കാണിച്ച് ചില നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ആയത് പ്രകാരം ഐസ്ക്രീം പാർലർ നിൽക്കുന്ന സ്ഥലത്ത് അക്വേറിയം നിർമ്മിക്കാമെന്നും, ആയതിന് പകരമായി ലൈസൻസിയുടെ ചെലവിൽ ഇരുമ്പ് പൈപ്പ് ഉപയോഗിച്ച് പാർക്കിന്റെ പടിഞ്ഞാറ് ഭാഗത്ത് പുതിയ ഐസ്ക്രീം പാർലർ സ്ഥാപിക്കുന്നതിന് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ട്. കൂടാതെ പാർക്കിന്റെ പരിപാലനവുമായി ബന്ധപ്പെട്ട ജോലികളും ടിയാൻ ഏറ്റെടുക്കുമെന്നും അറിയിച്ചിട്ടുണ്ട്. ഐസ്ക്രീം പാർലറിന്റെ കടമുറിയുടെ ഒരു ഭാഗത്ത് ടിയാൻ ബങ്ക് നിർമ്മിക്കുകയും ചെയ്തു.ലേല നിബന്ധനയിലെ 40ാം വ്യവസ്ഥ പ്രകാരം പാർക്കിന്റെ പരിപാലനം കോഫി പാർലറിന്റെ ലൈസൻസിയുടെ ചുമതലയിൽ ഉൾപ്പെടുന്നതാണെന്ന് വ്യവസ്ഥ ഉള്ളതാണ്. 03.11.2020 തിയ്യതിലെ 26ാം നമ്പർ തീരുമാന പ്രകാരം താൽക്കാലിക ബങ്ക്, പുതുതായി ഉണ്ടാക്കിയ കടമുറി എന്നിവയ്ക്ക് ആകെ നിശ്ചയിച്ചിരിക്കുന്ന വാടക 6300/- രൂപയാണ്. ഓഡിറ്റിന്റെ ഭാഗമായി 28.12.2021 ന് പാർക്ക് നേരിട്ട് പരിശോധിച്ചതിൻ നിലവിൽ പാർക്കിൽ ബങ്ക് ഉൾപ്പെടെ 3 കടമുറികളാണ് പ്രവർത്തിക്കുന്നത്. കൂടാതെ പാർക്കിന്റെ പടിഞ്ഞാറ് ഭാഗത്തായി ഇരുമ്പ് ഷീറ്റ് ഉപയോഗിച്ച് നിർമ്മിച്ചിരിക്കുന്ന കഫേ പാർലർ ദേശീയ പാതയോട് ചേർന്ന് പാർക്കിന് പുറമെയുള്ള ഭാഗത്താണ്. ഇപ്രകാരം കടമുറി നിർമ്മിക്കുന്നതിന് പെർമിറ്റ് എടുത്തിട്ടില്ല. പുതുക്കിയ നിരക്കിൽ വാടക ഈടാക്കുന്നതിന് പൊതുമരാമത്ത് വിഭാഗത്തിൽ നിന്നും വാല്വേഷൻ നടത്തിയിട്ടില്ല. കൂടാതെ 3/346A നമ്പർ കെട്ടിടം സഞ്ചയ അസസ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെട്ടതായും കാണുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിന് ചുവടെ കാണിച്ച പ്രകാരം നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1.പാർക്കിലെ വാടകയ്ക്ക് നൽകാവുന്ന മുഴുവൻ കെട്ടിടങ്ങളുടെ വാടക മൂല്യനിർണ്ണയം പൊതുമരാമത്ത് ബിൽഡിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് നടത്തേണ്ടതാണ്.

2.മുഴുവൻ കെട്ടിടങ്ങളിലും സാങ്കേതിക വിഭാഗം ഫീൽഡ് പരിശോധന നടത്തി കെട്ടിട നമ്പർ അനുവദിക്കാത്ത കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 അനധികൃത കെട്ടിടങ്ങൾക്കെതിരെ തുടർ നടപടിയില്ല.

ഫയൽ നം- PW2/12757/19, തീ . 03.09.2019

അനധികൃതമായി നിർമ്മിച്ച കെട്ടിടങ്ങൾക്കെതിരെ തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

അമാന ബിൽഡിംഗ് (ശോഭിക ടെക്സ്റ്റൈൽസ്)

1280/16 നമ്പർ ട്രിബ്യൂണൽ കേസിന്റെ വിധിന്യായത്തിൽ നഗരസഭ പുറപ്പെടുവിച്ച മുൻകാല ഉത്തരവ് റദ്ദ് ചെയ്ത് സെക്രട്ടറിയോട് കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി തുടർ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ 31.10.2019 തിയ്യതിയിൽ ഉടമയായ ശ്രീ.അസ്സൈനാറിന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും 28.11.2019 തിയ്യതിയിലെ ടിയാന്റെ മറുപടി തൃപ്തികരമല്ലെന്ന വസ്തുത ചൂണ്ടിക്കാട്ടി 03.12.2019 തിയ്യതിയിൽ അപേക്ഷ നിരസിക്കുകയും കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ സെക്ഷൻ 533, 534 എന്നിവ പ്രകാരം തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തിയ്യതി വരെയും സ്ഥാപനം തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ഫയൽ നം. 8736/2019, Dt. 09.05.2019

വിശ്വൻ.പി.വി, വൃന്ദാവൻ, ഇളയിടത്ത് കുനി എന്നവരുടെ കമേഴ്സ്യൽ വിഭാഗത്തിൽ ഉൾപ്പെടുന്ന 143.33 ച.മീ കെട്ടിടം കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാത്ത കാരണത്താൽ നിരസിക്കുകയും കെട്ടിടത്തിന് UAC നമ്പർ നൽകുന്നതിന് 06.06.2019 തിയ്യതിയിൽ മുനിസിപ്പൽ എഞ്ചിനീയർ ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. 19.10.2019 തിയ്യതിയിൽ കെട്ടിട ഉടമക്ക് ഇത് സംബന്ധിച്ച് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടത്തിന് UAC നമ്പർ നൽകി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് തിയ്യതി വരെയും സ്ഥാപനം തയ്യാറായിട്ടില്ല.

ഫയൽ നം. 8736/2019, Dt. 09.05.2019

വാർഡ് 17 ലെ 330 A നമ്പർ കെട്ടിടത്തിന് മുകളിൽ (സോയ, മലാൻസിയ എന്നീ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന് മുകളിൽ) ഒന്നാം നില അനധികൃതമായി നിർമ്മിക്കുന്നതായി വാർഡ്

ചുമതലയുള്ള ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിന് 16.12.2019 ഫയലിൽ കുറിപ്പെഴുതിയിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയ്യതി വരെയും സ്ഥാപനം യാതൊരു വിധ തുടർ നടപടിയും സ്വീകരിച്ചിട്ടില്ല.

<u>ഫയൽ നം. 10498/2019, Dt. 01.07.2019</u>

കൊയിലാണ്ടി നഗരസഭയിലെ വാർഡ് 28 ലെ 424 B11 നമ്പർ കെട്ടിടം ഉൾപ്പെടുന്ന കെട്ടിടസമുച്ചയത്തിന് മുകളിൽ അനധികൃത നിർമ്മാണം നടത്തി ട്യൂഷൻ സെന്റർ പ്രവർത്തിക്കുന്നതായും മുഴുവൻ കെട്ടിടത്തിനും UAC നമ്പർ നൽകുന്നതിന് 13.03.2020 തിയ്യതിയിൽ ഫയലിൽ കുറിപ്പെഴുതിയതായും കാണുന്നു. എന്നാൽ ഓഡിറ്റ് തിയ്യതി വരെയും തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

<u>ഫയൽ നം. 8203/2019</u>

കൊയിലാണ്ടി നഗരസഭാ പരിധിയിൽ സ്ഥിതി ചെയ്യുന്നതും അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുള്ളതും അഗ്നി രക്ഷാ സുരക്ഷാ സംവിധാനങ്ങളൊരുക്കാത്തതുമായ 37 കെട്ടിടങ്ങളുടെ വിശദാംശങ്ങൾ സ്റ്റേഷൻ ഓഫീസർ, അഗ്നിരക്ഷാനിലയം കൊയിലാണ്ടി കത്ത് മുഖേന നടപടികൾ സ്വീകരിക്കുന്നതിനായി നഗരസഭയുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കെട്ടിടങ്ങളിലെല്ലാം ഭൗതിക പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം തയ്യാറായിട്ടില്ല. 28.12.2019 തിയ്യതിയിൽ നടന്ന സൈറ്റ് പരിശോധനയിൽ സ്റ്റേഷൻ ഓഫീസർ, അഗ്നിരക്ഷാ നിലയം കൊയിലാണ്ടിയുടെ പട്ടികയിൽ ഉൾപ്പെട്ട ഡ്രീംമാളിന്റെ മുകൾ നിലയിൽ അനധികൃത നിർമ്മാണം നടത്തിയതായും ആയതിൽ ഡോക്ടേഴ്സ് അക്കാദമി എന്ന പേരിൽ സ്ഥാപനം പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിൽ നിന്നും സ്റ്റേഷൻ ഓഫീസർ ചൂണ്ടിക്കാട്ടിയ അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ടെന്നത് വ്യക്തമാകുന്നു.

അനധികൃത കെട്ടിടങ്ങൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിലുള്ള വീഴ്ച വിശദീകരിക്കേണ്ടതും താഴെ പറയുന്ന പരിഹാര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

1. സ്റ്റേഷൻ ഓഫീസർ, അഗ്നിരക്ഷാ നിലയം റിപ്പോർട്ട് ചെയ്ത കെട്ടിടങ്ങളിൽ ഭൗതിക പരിശോധന

നടത്തി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനം നടന്നിട്ടുണ്ടോ എന്നത് പരിശോധിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2. ഫീൽഡ് തല പരിശോധനയുടെ ചുമതലയുള്ള ജീവനക്കാർ നിശ്ചിത ഇടവേളകളിൽ ഫീൽഡ്തല പരിശോധന നടത്തുന്നുണ്ടെന്ന് ഉറപ്പ്‌വരുത്തേണ്ടതും ഓഫീസ് ഉത്തരവിലൂടെ മേൽ പ്രക്രിയയുടെ മേൽ നോട്ട ചുമതല സൂപ്പർവൈസറി തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാക്കേണ്ടതുമാണ്. ഓരോ മാസാന്ത്യത്തിലും അനധികൃത നിർമ്മിതികളെകുറിച്ചും സ്വീകരിച്ച നടപടികളെകുറിച്ചുമുള്ള റിപ്പോർട്ട് വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മുൻപാകെ നൽകേണ്ടതാണ്.

3. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-15 റോഡ് കട്ടിംഗ് ചാർജ്ജ്- രേഖകൾ ലഭ്യമാക്കിയില്ല.

ഫയൽ നം- PW2/12757/19, തീ . 03.09.2019

2019-20 വർഷത്തിൽ കിഫ്ബി കുടിവെള്ള പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി നഗരസഭയുടെ ഉടമസ്ഥതയിലുള്ള 6 റോഡുകൾ കട്ട് ചെയ്തത് പുനസ്ഥാപിക്കുന്നതിനുള്ള ഫീ ഇനത്തിൽ കേരള വാട്ടർ അതോറിറ്റി 119010500156 നമ്പർ രശീത് മുഖേന 17112000 നഗരസഭയിൽ അടവാക്കിയിട്ടുണ്ട്. മേൽ വരവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കേരള വാട്ടർ അതോറിറ്റിയുടെ അപേക്ഷ , ഓരോ റോഡിലും കട്ട് ചെയ്യുന്ന ഭാഗത്തിന്റെ നീളം, വീതി എന്നിവ വ്യക്തമാക്കുന്ന സ്കെച്ച് എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ സാഹചര്യത്തിൽ ഈ ഇനത്തിൽ നഗരസഭ ഈടാക്കിയ തുകയുടെ കൃത്യത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ നഗരസഭ റോഡ് പുനസ്ഥാപിക്കൽ ഫീ കണക്കാക്കിയതെങ്ങനെയാണെന്നത് വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട PW2/12757/2019 നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും കുറിപ്പ് ഫയലിൽ 110 മീറ്റർ നീളത്തിൽ പെരുവട്ടൂർ കനാൽ റോഡ് കട്ട് ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ റോഡ് പുനസ്ഥാപിക്കൽ ഫീ കണക്കാക്കിയിട്ടുള്ളത് 100 മീറ്ററിന് മാത്രമാണ്. 10 മീറ്റർ റോഡ് പുനസ്ഥാപിക്കൽ ഫീ ഇനത്തിൽ 46957 രൂപയുടെ കുറവുണ്ടായിട്ടുണ്ട്. എന്നാൽ ആയതിന്റെ കൃത്യത

രേഖകളുടെ അഭാവത്തിൽ ഓഡിറ്റിന് ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

റോഡ് കട്ട് ചെയ്യുന്ന ഭാഗത്തിന്റെ നീളം, വീതി എന്നിവ സംബന്ധിച്ച രേഖകളുടെ അഭാവത്തിൽ ഓവർസിയർ തയ്യാറാക്കിയ എസ്റ്റിമേറ്റിന് മുനിസിപ്പൽ എഞ്ചിനീയർ അംഗീകാരം നൽകിയതെങ്ങനെയെന്നത് വ്യക്തമല്ല. ഫയലുകളിൽ മതിയായ രേഖകൾ സൂക്ഷിക്കാത്തതാണ് അവ്യക്തതക്ക് കാരണമായിട്ടുള്ളത്.

രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതും പെരുവട്ടൂർ കനാൽ റോഡിന്റെ കട്ട് ചെയ്ത ഭാഗം അളന്ന് തിട്ടപ്പെടുത്തി പുനസ്ഥാപിക്കൽ ഫീ ഈടാക്കിയതിൽ കുറവ് വന്നിട്ടില്ലെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-16 ബപ്പൻകാട് റെയിൽവേ അടിപ്പാത വെള്ളം വറ്റിച്ചത്-അപാകതകൾ സംബന്ധിച്ച്

ബപ്പൻകാട് റെയിൽവേ അടിപ്പാതയിലെ വെള്ളം മോട്ടോർ ഉപയോഗിച്ച് വറ്റിച്ച വകയിൽ ശ്രീ.എൻ.എം ദിനേശൻ എന്നയാളിന് വൌച്ചർ നം-21900802/09.10.2019 പ്രകാരം 34650/- രൂപ അനുവദിച്ചിട്ടുണ്ട്. ജൂൺ മാസം 5.5 മണിക്കൂറും ജൂലൈ മാസം 8.5 മണിക്കൂറും ആകെ 14 മണിക്കൂർ മോട്ടോർ ഉപയോഗിച്ചതാനാണ് ടിയാന് മേൽ തുക അനുവദിച്ചിരിക്കുന്നത്. ജൂൺ, ജൂലൈ മാസങ്ങളിൽ മൺസൂൺ ആയതിനാൽ വീണ്ടും വെള്ളക്കെട്ട് ഉണ്ടാകുന്നതിനാൽ ഗതാഗതം പുനസ്ഥാപിക്കാൻ സാധിക്കാതെ ഈയിനത്തിലുള്ള ചെലവ് ഉപയോഗപ്രദമല്ലാതാകുന്നതിന് കാരണമാകുന്നു. കൂടാതെ എത്ര എച്ച്.പി മോട്ടോർ ഉപയോഗിച്ചാണ് പ്രസ്തുത പ്രവൃത്തി ചെയ്തിട്ടുള്ളത്, പ്രസ്തുത പ്രവൃത്തിക്കായി ദിനേശൻ എന്നയാളിനെ എപ്രകാരം തെരഞ്ഞെടുത്തു എന്നീ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. മൺസൂൺ കാലത്ത് ഈ പ്രവൃത്തി നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതും, ഖണ്ഡികയിൽ പരാമർശിച്ച വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-17 കാർഷിക മേഖലയിലെ പ്രൊജക്റ്റുകൾ ശുഷ്കം- അവസ്ഥാരേഖയിലെ നിർദ്ദേശങ്ങൾ നടപ്പാക്കിയില്ല

നിർവ്വഹണം - കൃഷി ഓഫീസർ

തൻവർഷം കാർഷിക മേഖലയിൽ അംഗീകാരം നൽകിയതും നടപ്പാക്കിയതുമായ പദ്ധതികളുടെ വിശദവിവരം താഴെ കൊടുത്തിരിക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	വികസന ഫണ്ട് ഇനത്തിൽ ചെവഴിച്ച തുക	റിമാർക്സ്
1	30/2019-20	തെങ്ങ് കൃഷിക്ക് ജൈവവളം, കുമ്മായം	3997500	കൃഷി ഓഫീസർ ചെലവഴിച്ച വികസന ഫണ്ടിന്റെ 88 ശതമാനവും ഈ പ്രോജക്ടിനാണ് ചെലവഴിച്ചത്
2	31/2019-20	പച്ചക്കറി കൃഷിക്ക് മൺചട്ടി, തൈ, ജൈവവളം	-	തൻവർഷം നടപ്പിലാ ക്കിയില്ല
3	56/2019-20	ഇടവിളകൃഷി വ്യാപനം (കിഴങ്ങ് വർഗ്ഗങ്ങൾ)	300000	കിഴങ്ങ് വർഗ്ഗങ്ങൾ
4	69/2019-20	പച്ചക്കറികൃഷി	200000	തൻവർഷം

		വിസ്തൃതി വ്യാപനം		നടപ്പിലാക്കിയില്ല
5	74/2019-20	സമഗ്ര നെൽകൃഷി പ്രോത്സാഹനം	-	101154 രൂപ തനത് ഫണ്ട് ചെലവഴിച്ചു
6	94/2019-20	കുറ്റി കുരുമുളക് കൃഷി	120000	-
7	449/2019-20	നിത്യഹരിത പച്ചക്കറി തൈ വിതരണം	105000	-

ക്രമ നമ്പർ 1 ൽ പ്രതിപാദിച്ച വിധം തെങ്ങ് കൃഷിക്ക് ജൈവവളം,കുമ്മായം വിതരണം എന്ന പദ്ധതിക്കാണ് വികസന ഫണ്ടിന്റെ 88 ശതമാനവും ചെലവഴിച്ചിരിക്കുന്നത്. മറ്റ് പ്രോജക്ടുകൾക്ക് നാമമാത്രമായ തുകയാണ് ചെലവഴിച്ചിരിക്കുന്നത്. അവസ്ഥാരേഖ പരിശോധിച്ചതിൽ ഫാറം 4 ൽ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ 2017-18 മുതൽ 2021-22 വരെ ലക്ഷ്യമിടുന്ന പ്രോജക്ട് ആശയങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൽ 2019-20 വർഷം നിർദ്ദേശിക്കപ്പെട്ട പ്രോജക്ട് നിർദ്ദേശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1) കരനെൽകൃഷി

2) തരിശു നിലകൃഷി

3) കാർഷിക യന്ത്രവൽക്കരണം

4) നെൽകൃഷി വിസ്തൃതി വ്യാപനം

5) തെങ്ങിന് സംയോജിത വളപ്രയോഗം, കീടരോഗ നിയന്ത്രണം

6) തെങ്ങ് - അത്യുൽപാദന ശേഷിയുള്ള തൈകൾ നൽകൽ

7) പച്ചക്കറി/വാഴ വിളകളിൽ നല്ല കൃഷിമുറകൾ സ്വീകരിക്കൽ

8) ജൈവകൃഷി പ്രോത്സാഹനം

9) കിഴങ്ങ് വർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹനം

10) പയർവർഗ്ഗങ്ങളുടെ കൃഷി പ്രോത്സാഹനം

11) ഇടവിളകൃഷി പ്രോത്സാഹനം

12) മഴമറ, പോളിഹൗസ്, ടെറസ് കൃഷി പ്രോത്സാഹനം

13) സൂക്ഷ്മ ജലസേചനം പ്രോത്സാഹനം

14) ജൈവ ഉൽപാദനോപാധികളുടെ നിർമാണം

അവസ്ഥാരേഖയിലെ പ്രോജക്ട് നിർദ്ദേശങ്ങൾ നഗരസഭ അവഗണിച്ചിരിക്കുകയാണ്. അവസ്ഥാരേഖയിലെ പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാണ് പ്രോജക്ട് നിർദ്ദേശങ്ങൾക്ക് രൂപം കൊടുക്കേണ്ടത്. ഭക്ഷ്യവിളകൾ, പച്ചക്കറികൾ എന്നിവയുടെ ഉത്പാദനവും ഉത്പന്നങ്ങളുടെ സംസ്കരണവും വിപണനവും മെച്ചപ്പെടുത്തുക എന്നതിന് പുറമെ ഓരോ വർഷവും എത്ര കാർഷിക വിളകൾ കൂടുതൽ ഉൽപാദിപ്പിക്കാം എന്നിവയ്ക്കായിരിക്കണം പദ്ധതി രൂപീകരണത്തിൽ മുൻഗണന നൽകേണ്ടത്. പദ്ധതിപ്രവർത്തനം മോണിട്ടറിംഗ് ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 വാങ്ങൽ നടപടികൾ സുതാര്യമല്ല

നിർവ്വഹണം - സെക്രട്ടറി

തദ്ദേശ സ്ഥാപനങ്ങളിലെ എല്ലാ സാധനങ്ങളുടെയും, സേവനങ്ങളുടെയും വാങ്ങൽ 8.11.2010 ലെ ജി.ഒ(പി) 259 / 2010 / ത.സ്വ.ഭ.വ. പ്രകാരമുള്ള പ്രൊക്വയർമെന്റ് മാർഗരേഖ പ്രകാരമായിരിക്കേണ്ടതാണ്. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് വിവിധ തരത്തിലുള്ള വാങ്ങലുകൾ ഓരോ വർഷവും നടത്തേണ്ടതായി വരും. അവ പദ്ധതി തയ്യാറാക്കുമ്പോൾ തന്നെ തയ്യാറാക്കുകയും, ആയതിനനുസരിച്ച് പ്രൊക്യൂർമെന്റ് പദ്ധതി (പ്രൊക്യൂർമെന്റ് പ്ലാൻ) തയ്യാറാക്കുകയും വേണം. ഫലപ്രദമായ ബജറ്റ് നടപ്പാക്കലിനും, കാര്യക്ഷമമായ ധനവിനിയോഗം ഉറപ്പാക്കുന്നതിനും പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് അനിവാര്യമാണ്. സ്ഥാപനത്തിൽ ഇതിനായി ടെക്നിക്കൽ ടീം, പ്രൊക്യൂർമെന്റ്

ടീം, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതുണ്ട്. ടെക്നിക്കൽ ടീം (വർക്കിംഗ് ഗ്രൂപ്പ്) ആണ് സാധനങ്ങളുടെ ആവശ്യകതയും, സ്പെസിഫിക്കേഷനും അടക്കം പ്രാഥമികകാര്യങ്ങൾ തീരുമാനിക്കേണ്ടതെങ്കിൽ, ഇവ കൃത്യമായി പ്രൊക്യൂർമെന്റ് കമ്മിറ്റി മുമ്പാകെ കൊണ്ടുവരേണ്ടതും, മാർഗ്ഗരേഖയ്ക്കനുസരിച്ച് നടപടിക്രമങ്ങൾ ഉറപ്പുവരുത്തേണ്ടതും പ്രൊക്യൂർമെന്റ് ടീം ആണ്. ഇവർ സമർപ്പിക്കുന്ന പർച്ചേസ് പ്രൊപ്പോസലുകൾ സ്ക്രൂട്ടിനൈസ് ചെയ്യേണ്ടതും, ഇവയ്ക്ക് അംഗീകാരം നൽകേണ്ടതും പ്രൊക്യൂർമെന്റ് കമ്മിറ്റിയാണ്. എന്നാൽ നഗരസഭയുടെ വാങ്ങൽ നടപടികൾ കാര്യക്ഷമമല്ല എന്നതാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തിയ വാങ്ങൽ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ മിനിട്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാങ്ങൽ നടപടിക്ക് ഏകീകൃത രീതി സ്വീകരിക്കാതെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഒരേയിനം സാധനങ്ങൾ വ്യത്യസ്ത നിരക്കിൽ വാങ്ങിയതായി കാണുന്നു. ടെണ്ടർ/ക്വട്ടേഷൻ നടപടികൾക്കും കേന്ദ്രീകൃത സ്വഭാവമില്ല. ഒരു ഉദാഹരണം താഴെ കൊടുത്തിരിക്കുന്നു.

നിർവ്വണ ഉദ്യോഗസ്ഥൻ	വാങ്ങിയ സാധനം	ടെണ്ടർ/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരം	വില, ബിൽ നമ്പർ
സെക്രട്ടറി	എയർ കണ്ടീഷണർ (2ടൺ)	ടെണ്ടർ നടപടികൾ സ്വീകരിച്ചതിന് രേഖയില്ല. സെക്രട്ടറി നന്തിലത്ത് ജി മാർട്ട് കൊയിലാണ്ടി എന്ന സ്ഥാപനത്തിൽ നിന്ന് നേരിട്ട് വാങ്ങി.	എസി ഒന്നിന് ഫിറ്റിംഗ് ചാർജ് ഉൾപ്പെടെ 53500 രൂപ
മെഡിക്കൽ ഓഫീസർ (ഹോമിയോ)	എയർ കണ്ടീഷണർ (2 ടൺ)	മെഡിക്കൽ ഓഫീസർ നേരിട്ട് ക്വട്ടേഷൻ വിളിച്ച് ഐ മാക്സ് എന്ന	എസി ഒന്നിന് ഫിറ്റിംഗ്

		സ്ഥാപനത്തിൽ നിന്ന് വാങ്ങി. 1.5 ടൺ എസി വിതരണം ചെയ്യാനാണ് ക്വട്ടേഷൻ ക്ഷണിച്ചത്. എന്നാൽ വാങ്ങിയത് 2 ടൺ എസി യാണ്.	ചാർജ് ഉൾപ്പെടെ 55450 രൂപ.

മേൽപ്പറഞ്ഞ വിധം വാങ്ങൽ നടപടികൾ സുതാര്യമല്ലാത്തതിനാൽ മുനിസിപ്പൽ ഫണ്ടിന് നഷ്ടമുണ്ടാകുന്നുണ്ട്. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് 8.11.2010 ലെ ജി.ഒ(പി) 259 / 2010 / ത.സ്വ.ഭ.വ. പ്രകാരമുള്ള പ്രൊക്വയർമെന്റ് മാർഗരേഖ പ്രകാരമായിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-19 നിയമാനുസൃതമല്ലാതെ വൻതുക മുൻകൂർ നൽകുന്നു

1. ജി.ഒ(പി) നം.177/2016/ഫിൻ.തിയ്യതി 12.04.2006 പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻ പാടില്ല.വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കും ഭവനനിർമ്മാണം,കൃഷി തുടങ്ങിയ വൗച്ചറും ഇൻവോയ്സും സമർപ്പിക്കാനാകാത്ത വ്യക്തിഗത ഗുണഭോക്തൃ പദ്ധതികൾക്കും സർക്കാർ ഉത്തരവിലൂടെ നിർദ്ദേശിക്കുന്ന പദ്ധതികൾക്കും മാത്രമേ മുൻകൂറായി തുക പിൻവലിക്കാൻ അനുവാദമുള്ളൂ.എന്നാൽ നഗരസഭ തൻവർഷം നൽകിയ മുൻകൂറുകൾ പരിശോധിച്ചതിൽ നിയമാനുസൃതമല്ലാതെ പദ്ധതി/പദ്ധതിയേതര പ്രവർത്തനങ്ങൾക്ക് വൻ തുക മുൻകൂർനൽകിയതായി കാണുന്നു.ചില ഉദാഹരണങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

മുൻകൂർ നൽകിയ തുക	ബിൽ/വൗച്ചർ നം.	പദ്ധതിയുടെ പേര്	റിമാർക്സ്
100000	21901502 / 09.03.2020	പ്ലാസ്റ്റിക് മാലിന്യം കയറ്റി അയക്കുന്നതിന് ജെ.എച്ച്.ഐ,	-

		ഷീബ ടി.കെ ക്ക് നൽകിയത്	
319400	399/2019-20 തീ.03.02.2020	കെൽ 56 വി 3687 പുതിയ വാഹനത്തിന്റെ ആക്സസറീസ് വാങ്ങുന്നതിനും ഇൻഷ്വറൻസ്, ടാക്സ് എന്നിവ ഒടുക്കുന്നതിനും നസീബ് ജലീൽ, സീനിയർ ക്ലർക്കിന് നൽകിയത്	ആക്സസ്സറീസ് ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങി

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ, 2004-05 മുതൽ 2019-20 വരെയുള്ള കാലയളവിൽ മുൻകൂറായി നൽകിയിരുന്ന 1092091 രൂപ ക്രമപ്പെടുത്താനവശേഷിക്കുന്നു. മുൻകൂർ രജിസ്റ്റർ ഭാഗികമായാണ് തയ്യാറാക്കിയിരിക്കുന്നത്. തുക കൈപ്പറ്റിയവരുടെ പേര് മാത്രമാണ് ഭൂരിഭാഗം കേസുകളിലും രേഖപ്പെടുത്തിയിരിക്കുന്നത്. മുൻകൂർ കൈപ്പറ്റിയ ജീവനക്കാരന്റെ തസ്തിക, ഏതാവശ്യത്തിനാണ് തുക നൽകിയത് എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ജി.ഒ.(പി)419/2011 ധനം 04.10.2011 പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ, എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത അഡ്വാൻസ് തുകയ്ക്ക് ഒരു വർഷത്തേക്ക് 18% നിരക്കിൽ പലിശ ഈടാക്കേണ്ടതും, നിശ്ചിത സമയപരിധിക്കകം അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തരമായി തിരിച്ച് പിടിക്കേണ്ടതുമാണ്. ഇങ്ങനെ തിരിച്ച് പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ച് പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതാണ്.മുൻ ഓഡിറ്റ് റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് പരാമർശമുണ്ടെങ്കിലും പരിഹരിക്കാനാശ്യമായ നടപടികൾ നഗരസഭ സ്വീകരിച്ചിട്ടില്ല. അവശേഷിക്കുന്ന മുൻകൂർ തുക തിരികെ ഈടാക്കുന്ന വിഷയത്തിൽ സ്വീകരിച്ച നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

1-20 കൗൺസിൽഹാൾ ശീതീകരണ സംവിധാനമൊരുക്കൽ പ്രവൃത്തി-മത്സര ക്ഷമത

ഉറപ്പാക്കിയില്ല

പ്രൊജക്ട് നമ്പർ - 319/2019-20

അടങ്കൽ - 385000

ചെലവ് - 385000(വികസനഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

നഗരസഭ കൗൺസിൽ ഹാളിൽ എയർ കണ്ടീഷണർ സ്ഥാപിച്ചതിന് താഴെ കാണിച്ചവിധം 385000 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇനം	തുക	ബിൽ നമ്പർ
7 എയർകണ്ടീഷണർ, 7 സ്റ്റബിലൈസർ എന്നിവയുടെ വില	357000	1/2019-20 തീ.26.04.2020
ഇൻസ്റ്റലേഷൻ ചാർജ്	28000	4/2019-20 തീ.26.04.2020
ആകെ	385000	

കൊയിലാണ്ടിയിലെ നന്ദിലത്ത് ജി മാർട്ട് എന്ന സ്ഥാപനത്തിൽ നിന്നാണ് എ.സി, സ്റ്റബിലൈസർ എന്നിവ വാങ്ങിയത്. എ.സി ഒന്നിന് (എൽ.ജി കമ്പനിയുടെ 2 ടൺ 3 സ്റ്റാർ) 49500 രൂപയും സ്റ്റബിലൈസർ ഒന്നിന് (വി ഗാർഡ്) 1500 രൂപയുമാണ് വാങ്ങിയത്. സ.ഉ(കൈ)നം.22/2018/തസ്വഭവ തീ.14.02.2018 ഖണ്ഡിക 2.7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾ ജി.ഒ(പി) 259/2010 തസ്വഭവ തീ.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരമായിരിക്കണം. ഇതു പ്രകാരം 100000 രൂപയ്ക്ക് മകളിലുള്ള വാങ്ങലുകൾ ടെണ്ടർ മുഖേനയായിരിക്കണം. ടെണ്ടർ മുഖേന വാങ്ങുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ എ.സി ലഭ്യമാക്കാൻ ഒറ്റ ടെണ്ടറും ലഭിച്ചില്ലെന്നും റീടെണ്ടർ ചെയ്യാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ടെണ്ടർ നോട്ടീസ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ടെണ്ടർ നടപടികളുടെ വിവരം ലഭ്യമല്ല. ടെണ്ടർ പരസ്യം ചെയ്ത പത്രത്തിന്റെ കട്ടിംഗ് ഫയലിലില്ല. പത്രപരസ്യം ചെയ്തതിന് ഏതെങ്കിലും പത്രത്തിന് പ്രതിഫലം നൽകിയതായും കാണുന്നില്ല. ഇ ടെണ്ടർ,ജെം മുഖേനയുള്ള വാങ്ങൽ എന്നിവയുടെ സാദ്ധ്യത പരിശോധിച്ചിട്ടില്ല. നവീകരണത്തിന്റെ ഭാഗമായി 2017-18 വർഷം കൗൺസിൽഹാളിന്റെ വയറിംഗ് പുതുക്കിയിട്ടുണ്ട്.എ.സി

സ്ഥാപിക്കുന്നതിനുള്ള സ്ളോട്ടുകൾ നിലവിലുണ്ടെന്ന് 22.02.2019ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എസി സ്ഥാപിക്കുന്നതിന് 28000 രൂപ ക്രൗൺ സിൻഡിക്കേറ്റ് എന്ന സ്ഥാപനത്തിന് നൽകിയിയിട്ടുണ്ട്. ഇൻസ്റ്റലേഷൻ ചാർജ് ഉൾപ്പെടെയുള്ള തുകയ്ക്ക് ടെണ്ടർ ചെയ്യുന്നതിന് പകരം ഇൻസ്റ്റലേഷൻ വേറെ പ്രവൃത്തിയാക്കി പദ്ധതി നടപ്പിലാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. സുതാര്യമായ നടപടികളിലൂടെയല്ലാതെ എ.സി വാങ്ങിയതിന് 357000 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-21 ഓഫീസ് ആവശ്യത്തിന് വാഹനം വാങ്ങിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്ട് നമ്പർ - 430/2019-20

അടങ്കൽ - 1500000

ചെലവ് - 1326329 (ബിൽ നമ്പർ 399/19-20 തീ.03.02.2020 - തനത് ഫണ്ട്)

നഗരസഭ തൻവർഷം 1326329 രൂപ ചെലവഴിച്ച് ജെം പോർട്ടൽ മുഖേന 7 സീറ്റർ ഇന്നോവ ക്രിസ്റ്റ (കെ.എൽ 56വി 3687) വാഹനം വാങ്ങിയിട്ടുണ്ട്. വാഹനം വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

സ.ഉ(എം.എസ്) നം.86/2006/തസ്വഭവ തീ.31.03.2006 പ്രകാരം പഴയ വാഹനം കണ്ടം ചെയ്യുന്നതിനുള്ള നടപടിക്രമം പൂർത്തിയായതിന് ശേഷം പുതിയത് വാങ്ങാൻ സർക്കാർ അനുമതി ആവശ്യമില്ല. എന്നാൽ നഗരസഭയിലെ നിലവിലുള്ള വാഹനം (കെ.എൽ 56D3199) അംബാസ്സഡർ കാർ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാതെയാണ് പുതിയ വാഹനം വാങ്ങിയിരിക്കുന്നത്. കണ്ടം ചെയ്യുന്നതിനുള്ള നടപടികൾക്കായി നിലവിലുള്ള വാഹനം അംഗീകൃത വർക്ക്ഷോപ്പിൽ ഗ്യാരേജ് ചെയ്ത് ആവശ്യമുള്ള അറ്റകുറ്റപ്പണികളുടെ എസ്റ്റിമേറ്റും സ്പെയർപാർട്സ് ലിസ്റ്റും വാഹന ചരിത്ര പ്രഫോർമയും കോഴിക്കോട് പി.ഡബ്ല്യു.ഡി മെക്കാനിക്കൽ സബ്ഡിവിഷൻ അസി.എക്സി.എഞ്ചിനീയർ ആവശ്യപ്പെട്ടതനുസരിച്ച് 03.08.2021ന് അയച്ചുകൊടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിനകം തന്നെ 03.02.2020ന് നഗരസഭ പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. നടപടികൾ പൂർത്തിയായതായി കാണുന്നില്ല. വാഹനം ഇപ്പോഴും നഗരസഭയിൽ സൂക്ഷിച്ചിരിക്കുകയാണ്. വാഹനം

കണ്ടം ചെയ്യാനുള്ള നടപടികൾ പൂർത്തിയാക്കി ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1-22 സംയുക്ത പരിശോധന നടത്താതെ വെള്ളക്കരം ഒടുക്കുന്നു

ഓഡിറ്റ് വർഷം പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 223 ടാപ്പുകൾക്ക് പ്രതിമാസം 146511 രൂപവീതം നഗരസഭ അടവാക്കിയിട്ടുണ്ട്. സ്ട്രീറ്റ് ടാപ്പുകളുടെ വിവരങ്ങളടങ്ങുന്ന രജിസ്റ്റർ നഗരസഭ സൂക്ഷിക്കുന്നില്ല. പ്രവർത്തനക്ഷമമായ ടാപ്പുകൾ എത്ര എണ്ണം എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. 19.04.2021 ന് സംയുക്ത പരിശോധനക്കായി നഗരസഭ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 22.07.2021 ന് കേരളവാട്ടർ അതോറിറ്റി അസി.എഞ്ചിനീയർ നഗരസഭ സെക്രട്ടറിക്കയച്ചകത്തിൽ സംയുക്ത പരിശോധ നടത്തുന്നതിന് ഉചിതമായ തിയ്യതി അറിയിക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും നഗരസഭ തുടർനടപടി സ്വീകരിച്ചതായി കാണുന്നില്ല. നഗരസഭ ഈ വിഷയത്തിൽ ആവശ്യമായ ഗൗരവം നൽകിയിട്ടില്ല. സംയുക്തപരിശോധ നടപടികൾ ത്വരിതപ്പെടുത്തി ആയതിന്റ അടിസ്ഥാനത്തിൽ വെള്ളക്കരം അടവാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 അങ്കണവാടി പൂരക പോഷകാഹാരം പദ്ധതി : മോണിട്ടറിംഗ് ഫലപ്രദമല്ല

2019-20 വർഷത്തിൽ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികകളുടെ ഭാഗമായി 6,920,064/- രൂപ ചെലവഴിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയിലെ 44 അങ്കണവാടികൾ മുഖേന മൂന്നു വയസ്സുവരേയുള്ള കുട്ടികൾക്ക് 29,263 Kg ന്യൂട്രിമിക്സ് വിതരണം ചെയ്തതിന് വലിയ വളപ്പു,വടകരയിലെ ഹരിശ്രീ ഫുഡ് പ്രോഡക്ടസ് നിർമ്മാണ യൂണിറ്റിന് 2,220,491/-രൂപയും 44 അങ്കണവാടികളിലെ മൂന്നു വയസ്സു മുതൽ ആറു വയസ്സു വരേയുള്ള കുട്ടികൾക്ക് പോഷകാഹാരം നൽകിയിയതിന് 4,699,573/- രൂപയുമാണ് ചെലവഴിച്ചത്. തുക ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ താഴെ പറയുന്നു.

ഫണ്ട്	തുക
വികസന ഫണ്ട്	2,420,064
കേന്ദ്ര ഫണ്ട്	4,500,000
	6,920,064

പദ്ധതി രൂപീകരണത്തിലും മോണിട്ടറിംഗിലും നിർണ്ണായക പങ്ക് വഹിക്കേണ്ട ഒരു സുപ്രധാന

ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. 2019-20 കാലഘട്ടത്തിൽ സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് ഒരു തവണ പോലും മീറ്റിംഗ് കൂടിയിട്ടില്ല.അതുകൊണ്ടു തന്നെ 2019-20 പദ്ധതികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ജി.ഒ(എം.എസ്)17/2018/ ത.സ്വ.ഭ.വ തി.02-02-2018 പ്രകാരം നൽകിയിട്ടുണ്ട്. ആയവ താഴെ കാണിക്കുന്നു.

എ) മേൽ ഉത്തരവ് അനുസരിച്ച് മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്.

ബി) അനുസരിച്ച് വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്.

സി) പോഷകാഹാര വിതരണം ഫലപ്രദമാണെന്ന് ഉറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ കമ്മറ്റി, നിരീക്ഷണ കമ്മറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടൽ ഭരണസമിതി ഉറപ്പുവരുത്തേണ്ടതായിരുന്നു.

നഗരസഭ അങ്കണവാടി പൂരക പോഷകാഹാരം പദ്ധതികളുടെ നടത്തിപ്പിൽ മേൽ പറഞ്ഞ നടപടികൾ സ്വീകരിക്കാത്തതിന് അഭിപ്രായവും വിശദീകരണവും നൽകേണ്ടതാണ്.

1-24 നഗരസഭയിൽ വാഹനം വാടകയ്ക്ക് എടുത്തതിലെ അപാകതകൾ.

നഗരസഭയിൽ ഹെൽത്ത് വിഭാഗത്തിന് ഉപയോഗിക്കുന്നതിനായി കെ.എൽ-56-സി-5162 നമ്പർ സ്വിഫ്റ്റ് ഡിസയർ കാർ ഓടിയ വകയിൽ 2019-20 വർഷത്തേയ്ക്ക് 483860/-രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ വാഹനത്തിന് നിശ്ചയിച്ച വാടക 750കിലോമീറ്ററിന് 34500/- രൂപയും അതിന് ശേഷമുള്ള ഓരോ കിലോമീറ്ററിനും 15/- രൂപ നിരക്കിലുമാണ്.28.02.2019 തിയ്യതിയിലെ ക്വട്ടേഷൻ പ്രകാരമാണ് മേൽ സൂചിപ്പിച്ച വാഹനം തെരഞ്ഞെടുത്തിരിക്കുന്നത്. ഗതാഗത വകുപ്പിൽ നിന്നുള്ള 11.12.2018 തിയ്യതിയിലെ 45/2018 ഉത്തരവ് പ്രകാരം 1500സി.സി വരെ കപ്പാസിറ്റിയുള്ള വാഹനങ്ങൾക്ക് വാടക ഇനത്തിൽ ഈടാക്കാവുന്ന നിരക്ക് കിലോമീറ്ററിന് 15/- രൂപയാണ്.മേൽ ഉത്തരവ് മറികടന്ന് അധികരിച്ച നിരക്കിലാണ് ക്വട്ടേഷൻ അംഗീകരിച്ചിരിക്കുന്നത്.

ക്രമ നം	വൌച്ചർ നം	വാഹനം ഓടിയ തിയ്യതി	ഓടിയ ദൂരം	തുക

1	21900685/19.09.2019	09.04.2019 മുതൽ 08.05.2019 വരെ	1409 കി.മീറ്റർ	44385
		09.05.2019മുതൽ 07.06.2019 വരെ	1393 കി.മീറ്റർ	44145
2	21900890/30.10.2019	10.06.2019മുതൽ 08.07.2019 വരെ	1407 കി.മീറ്റർ	44355
		09.07.2019മുതൽ 08.08.2019വരെ	1401 കി.മീറ്റർ	44265
3	21901147/05.12.2019	09.08.2019മുതൽ 07.09.2019വരെ	1261 കി.മീറ്റർ	42165
		09.09.2019മുതൽ 05.10.2019വരെ	1361 കി.മീറ്റർ	43655
3	21901285/10.01.2020	09.10.2019മുതൽ 08.11.2019വരെ	1414 കി.മീറ്റർ	44460
4	42000008/06.04.2020	10.11.2019മുതൽ 07.12.2019 വരെ	1415 കി.മീറ്റർ	44475
5	42000009/27.04.2020	09.12.2019മുതൽ 07.01.2020വരെ	1344 കി.മീറ്റർ	43410
6	42000046/16.06.2020	09.01.2020മുതൽ 07.02.2020 വരെ	1412 കി.മീറ്റർ	44430
7	42000071/15.07.2020	10.02.2020മുതൽ 07.03.2020 വരെ	1391 കി.മീറ്റർ	44115
	ആകെ		15208 കി.മീറ്റർ	483860

മേൽ കാണിച്ച പ്രകാരം 2019-20 വർഷത്തിൽ 483860/- രൂപ ചെലവഴിച്ചിട്ടുണ്ട്.ആയതിൽ 176430/- രൂപ 2020-21 സാമ്പത്തിക വർഷത്തിലാണ് ബിൽ പാസ്സാക്കിയിരിക്കുന്നത്.സർക്കാർ നിശ്ചയിച്ച നിരക്കിനേക്കാൾ വളരെ ഉയർന്ന നിരക്കിലാണ് വാഹനം വാടകയ്ക്ക് എടുത്തിരിക്കുന്നത്.കൂടാതെ വാഹനം 11 വർഷത്തെ പഴക്കമുള്ളതുമാണ്.നിലവിൽ ഓഡിറ്റ് സമയത്തും വാഹനം മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയറിംഗ് വിങ്ങിൽ ഉപയോഗിച്ച് വരുന്നുണ്ട്.ഭീമമായ നഷ്ടം സഹിച്ച് വാഹനം വാടകയ്ക്ക് എടുക്കുന്നതിനേക്കാൾ മുനിസിപ്പാലിറ്റിക്ക് ലാഭകരമായത് പുതിയ വാഹനം വാങ്ങുന്നതാണെന്ന് ഇതിൽ നിന്നും വ്യക്തമാവുന്നു. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഉയർന്ന നിരക്കിൽ വാഹനം വാടകക്കെടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-25 കുടിവെള്ള വിതരണം : തുക അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് ഇൻസ്പെക്ടർ

പ്രോജക്ട് നമ്പർ : 354/20

പ്രോജക്ട് : കുടിവെള്ള വിതരണം ടാങ്കറിൽ

ബിൽ നമ്പർ : 5/11-06-2019

ബിൽ തുക : 614,180

2019-20 വർഷത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ലിറ്ററിന് 0.17 രൂപ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യാൻ കോൺട്രാക്ടർ ബിജേഷ്.പി.ആർ ന് ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 3,614,000 ലിറ്റർ വെള്ളം വിതരണം നടത്തിയതിന് 0.17 നിരക്കിൽ മേൽ ബിൽ പ്രകാരം 614,180/-രൂപ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. 27-03-2019 മുതൽ 22-04-2019 വരെ 1, 2, 3, 4, 5, 6, 7, 8, 9, 11, 13, 14, 19, 20, 21, 22, 23, 24, 25, 26, 27, 28, 30, 31, 32, 33, 34, 35, 36, 37, 44 എന്നീ 31 വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തതിന് കോൺട്രാക്ടർ ഹാജരാക്കിയ ട്രിപ് ഷീറ്റിന്റേയും വാർഡ് കൗൺസിലർമാർ നൽകിയ സാക്ഷ്യപത്രത്തിന്റേയും അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. 6, 24, 28, 44 എന്നീ 4 വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

എ) കൗൺസിലർമാരുടെ സാക്ഷ്യപത്രം പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

	വാർഡ് നമ്പർ	കൗൺസിലർമാരുടെ സാക്ഷ്യപത്രം പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് (ലിറ്റർ)
1	1	78,000
2	2	21,000
3	3	134,000
4	4	583,000
5	5	14,000

6	7	110,000
7	8	212,000
8	9	18,000
9	11	58,000
10	13	84,000
11	14	25,000
12	19	40,000
13	20	25,000
14	21	99,000
15	22	204,000
16	23	95,000
17	25	130,000
18	26	318,000
19	27	304,000
20	30	55,000
21	31	37,000
22	32	34,000
23	33	96,000
24	34	50,000
25	35	48,000
26	36	38,000
27	37	13,000
ആകെ		2,923,000

ബി) വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത 4 വാർഡുകളുടെ കാര്യത്തിൽ ട്രിപ് ഷീറ്റ് പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

	വാർഡ്	വിതരണം ചെയ്ത തിയ്യതി	ട്രിപ് ഷീറ്റ് പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് (ലിറ്റർ)	ട്രിപ്പ്	വാർഡിൽ ആകെ
1	6	23-03-2019	5,000	5,000ലിറ്ററിന്റെ 1 ട്രിപ്പ്	5,000

2	24	28-03-2019	35,000	5,000 ലിറ്ററിന്റെ 7 ട്രിപ്പ്	
		29-03-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
		02-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		04-04-2019	30,000	5,000 ലിറ്ററിന്റെ 6 ട്രിപ്പ്	
		05-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		07-04-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
		08-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		11-04-2019	20,000	5,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		12-04-2019	20,000	5,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		15-04-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	275,000
		16-04-2019	10,000	5,000 ലിറ്ററിന്റെ 2 ട്രിപ്പ്	
		17-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		19-04-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
		20-04-2019	10,000	5,000 ലിറ്ററിന്റെ 2 ട്രിപ്പ്	
		21-04-2019	5,000	5,000 ലിറ്ററിന്റെ1 ട്രിപ്പ്	
		22-04-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
3	28	27-03-2019	5,000	5,000 ലിറ്ററിന്റെ 1ട്രിപ്പ്	
		28-03-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	95,000
		29-03-2019	5,000	5,000 ലിറ്ററിന്റെ	

				1 ടിപ്പ്	
		31-03-2019	5,000	5,000 ലിറ്ററിന്റെ 1ടിപ്പ്	
		02-04-2019	5,000	5,000 ലിറ്ററിന്റെ 1ടിപ്പ്	
		07-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		10-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		11-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		12-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		13-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		14-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		16-04-2019	10,000	5,000 ലിറ്ററിന്റെ 2 ടിപ്പ്	
		17-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		18-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		19-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		21-04-2019	10,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
		22-04-2019	5,000	5,000 ലിറ്ററിന്റെ 1 ടിപ്പ്	
4	44	27-03-2019	8,000	4,000 ലിറ്ററിന്റെ 2 ടിപ്പ്	160,000
		28-03-2019	4,000	4,000 ലിറ്ററിന്റെ 1 ടിപ്പ്	
		29-03-2019	8,000	4,000 ലിറ്ററിന്റെ 2 ടിപ്പ്	
		02-04-2019	16,000	4,000 ലിറ്ററിന്റെ 4 ടിപ്പ്	

		04-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		06-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		08-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		10-04-2019	12,000	4,000 ലിറ്ററിന്റെ 3 ട്രിപ്പ്	
		12-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		14-04-2019	12,000	4,000 ലിറ്ററിന്റെ 3 ട്രിപ്പ്	
		17-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		19-04-2019	8,000	4,000 ലിറ്ററിന്റെ 2 ട്രിപ്പ്	
		21-04-2019	12,000	4,000 ലിറ്ററിന്റെ 3 ട്രിപ്പ്	
ആകെ			5,35,000		5,35,000

മേൽ കാണിച്ചതിൻ പ്രകാരം കൗൺസിലർമാരുടെ സാക്ഷ്യപത്രം പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവും വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത 4 വാർഡുകളുടെ കാര്യത്തിൽ ട്രിപ് ഷീറ്റ് പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവും കൂട്ടിയാൽ ആകെ 3,458,000 (2,923,000+535,000) ലിറ്റർ വെള്ളമാണ് 27-03-2019 മുതൽ 22-04-2019 വരെ വിവിധ വാർഡുകളിൽ വിതരണം ചെയ്തത്. എന്നാൽ 3,614,000ലിറ്റർ വെള്ളം വിതരണം നടത്തിയതിന് 0.17 നിരക്കിൽ മേൽ ബിൽ പ്രകാരം 614,180/- രൂപ കോൺട്രാക്ടർക്ക് നൽകിയത്. 156,000 ലിറ്റർ വെള്ളത്തിന്റെ പണം ആധികമായി കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-26 സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നിന്നും മുനിസിപ്പൽ ഫണ്ട് ഉപയോഗിച്ച് മരം മുറിച്ച് മാറ്റി

കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തനത് ഫണ്ട് പരിശോധിച്ചതിൽ മരം മുറിച്ചുമാറ്റുന്നതിന് താഴെ പറയുംപ്രകാരം കൂലി നൽകിയതായി കാണുന്നു.

വൗച്ചർ നം	തിയ്യതി	തുക
21900686	19.09.2019	9000/-

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

നഗരസഭയിലെ കൊടക്കാട്ടുംമുറി എന്ന സ്ഥലത്ത് ശ്രീ. ബിജു വി എന്നയാളിന്റെ പരാതി പ്രകാരം ശ്രീ കുഞ്ഞികൃഷ്ണൻ വലിയ ഞാറ്റിൽ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തെ പുളിമരം നഗരസഭ ഫണ്ട് ഉപയോഗിച്ച് മുറിച്ച് മാറ്റുകയാണ് ചെയ്തിട്ടുള്ളത്.പുളിമരത്തിന്റെ ഇലകൾ പരാതിക്കാരന്റെ കിണറിൽ വീഴുന്നത് കാരണം കിണറ്റിലെ വെള്ളം മലിനമായതായി കാണിച്ചിട്ടുണ്ട്. കേരള മുനിസിപ്പൽ ആക്ട് - സെക്ഷൻ 412 പ്രകാരം ഏതെങ്കിലും വൃക്ഷമോ അതിന്റെ ശാഖയോ ഏതെങ്കിലും ആളിനോ മറ്റുള്ള വസ്തുവകകൾക്കോ ഭീഷണിയാണെങ്കിൽ മുറിച്ച് മാറ്റുന്നതിന് ആയതിന്റെ ഉടസ്ഥനോട് നോട്ടീസ് മൂലം ആവശ്യപ്പെടാവുന്നതും സെക്ഷൻ -412(2) പ്രകാരം അടിയന്തിര ആവശ്യമുണ്ടെങ്കിൽ ആയതിന്റെ ചെലവിലേക്കായി സെക്രട്ടറിക്ക് തുക ചെലവഴിക്കാവുന്നതും മേൽ തുക 538 വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം സ്ഥലമുടമയിൽ നിന്നും ഈടാക്കേണ്ടതുമാണ്. മരം മുറിച്ചുമാറ്റുന്നതിനായി ശ്രീ.രമേശൻ കെ.പി ഹെൽത്ത് ഇൻസ്പെക്ടർക്ക് 19.09.2019 തിയ്യതിയിൽ 9000/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മേൽ തുക സ്ഥലം ഉടമയിൽ നിന്നും തിരികെ ഈടാക്കിയിട്ടില്ല. ചെലവ് തുക 9000/- രൂപ തടസ്സത്തിൽ വെക്കുന്നു.

1-27 കലിയൻ മഹോത്സവം നടത്തിപ്പ് -പരിപാടി കഴിഞ്ഞതിന് ശേഷം ക്വട്ടേഷൻ വാങ്ങി

നഗരസഭയിൽ 2019-20 വർഷത്തെ തനത് ഫണ്ട് വൌച്ചർ പരിശോധിച്ചതിൽ കലിയൻ മഹോത്സവം നടത്തിപ്പിലേക്കായി ശ്രീ.പ്രസാദ്, ജെ.എച്ച്.ഐ ക്ക് വൌച്ചർ നം -21900760/28.09.2019

പ്രകാരം 19655/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പന്തൽ ഒരുക്കൽ, നോട്ടീസ് പ്രിന്റിംഗ്, ബാനർ നിർമ്മാണം തുടങ്ങിയ ആവശ്യത്തിലേക്കാണ് പണം ചെലവഴിച്ചതായി ഫയൽ പരിശോധിച്ചതിൽ മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. എന്നാൽ 2019 ജൂലൈ -16 ന് നടന്ന കലിയൻ ഉത്സവത്തിന് സി.കെ ലൈറ്റ് & സൌണ്ട്സ് ക്വട്ടേഷൻ സമർപ്പിച്ച തിയ്യതി-18.07.2019 ആണ്. മറ്റുള്ള ക്വട്ടേഷനുകളിൽ ചിലതിൽ മാത്രമാണ് തിയ്യതി രേഖപ്പെടുത്തിയിരിക്കുന്നത്. ഉത്സവം നടത്തിയതിന് ശേഷം ക്വട്ടേഷൻ വാങ്ങുകയാണ് ചെയ്തിരിക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ചെലവ് തുക 19655/- രൂപ തടസ്സപ്പെടുത്തുന്നു.

1-28 മരം മുറിച്ച് മാറ്റൽ -തുടർനടപടികൾ സ്വീകരിച്ചില്ല

കൊയിലാണ്ടി മുനിസിപ്പാലിറ്റിയുടെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി തനത് ഫണ്ട് പരിശോധിച്ചതിൽ മരം മുറിച്ചുമാറ്റുന്നതിന് താഴെ പറയുംപ്രകാരം കൂലി നൽകിയതായി കാണുന്നു.

വൗച്ചർ നം	തിയ്യതി	തുക
21901222	18.12.2019	10000

ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

മുകളിൽ ചേർത്ത വൌച്ചർ പ്രകാരം നഗരസഭയിലെ അണേല ഭാഗത്തുള്ള മെയ്ഫ്ലവർ മരം മുറിച്ചുമാറ്റുന്നതിനായി 10000/- രൂപ ശ്രീ.സുബൈർ, ജെ.എച്ച്.ഐ ക്ക് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ മുറിച്ച മാറ്റിയ മരം വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാമെന്നിരിക്കെ ആയവ ലേലം ചെയ്ത് തുക മുനിസിപ്പൽ ഫണ്ടിലേക്ക് നാളിതുവരെ മുതൽക്കൂട്ടിയിട്ടില്ല. മുറിച്ച് മാറ്റിയ മരം ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-29 കുട്ടികളുടെ പാർക്കിൽ വെള്ളം വിതരണം ചെയ്തത്-രേഖകൾ പൊരുത്തപ്പെടുന്നില്ല.

കൊയിലാണ്ടി നഗരസഭയിലെ കുട്ടികളുടെ പാർക്കിൽ വെള്ളം വിതരണം ചെയ്ത വകയിൽ 22100/- രൂപ അനുവദിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ബിജേഷ് പി.പി യ്ക്ക് വൌച്ചർ നം-21900550/05.08.2019 പ്രകാരം മേൽ തുക അനുവദിച്ചിട്ടുണ്ട്. 13.05.2019 തിയ്യതി മുതൽ 03.06.2019 വരെ പാർക്കിലെ ചെടികൾ നനയ്ക്കുന്നതിനായി 130000 ലിറ്റർ വെള്ളം വിതരണം ചെയ്തതായി ശ്രീ.ബിജേഷ് പി.പി സൂചിപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക ടിയാന് അനുവദിച്ചിട്ടുള്ളത്. എന്നാൽ 22 ദിവസത്തേക്ക് ദിവസേന 5909 ലിറ്റർ വെള്ളം പാർക്കിൽ ഉപയോഗിച്ചതിന്റെ ആവശ്യകത എന്താണെന്ന് വ്യക്തമല്ല. 28.12.2021 തിയ്യതിയിൽ പാർക്കിൽ നേരിട്ട് പരിശോധന നടത്തിയതിൽ ഏകദേശം 100 ചതുരശ്രമീറ്റർ സ്ഥലത്ത് പുല്ല് പിടിപ്പിച്ചതായി കാണാൻ സാധിച്ചു. കൂടാതെ 30 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന പാർക്കിന്റെ ഭൂരിഭാഗം സ്ഥലങ്ങളിലും പല വിധത്തിലുള്ള നിർമ്മിതികളാണുള്ളത്. പാർക്കിലേക്ക് കൊണ്ടുവരുന്ന വെള്ളം പാർക്കിൽ സ്ഥിതിചെയ്യുന്ന ടാങ്കിലേക്ക് നിറച്ച് ഉപയോഗിച്ചതായാണ് ഹെൽത്ത് ഇൻസ്പെക്ടർ മറുപടി നൽകിയത്. എന്നാൽ പാർക്കിൽ സ്ഥിതിചെയ്യുന്ന ടാങ്കിന്റെ സംഭരണ ശേഷി 1000 ലിറ്ററാണ്. കൂടാതെ വെള്ളം വിതരണം ചെയ്ത വാഹനത്തിന്റെ ട്രിപ് ഷീറ്റ് ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-30 കുഴൽ കിണർ നിർമ്മാണം -നടപടി ക്രമം പാലിച്ചില്ല.

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത

അംഗനവാടികളുടെ കുഴൽ കിണർ നിർമ്മാണം (പ്രോജക്റ്റ് നം- 268/2018-19) എന്ന പദ്ധതി 2019-20 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ഭൂഗർഭ ജല വകുപ്പിൽ തുക നിക്ഷേപിച്ച് ഭൂഗർഭജല വകുപ്പിന്റെ മേൽനോട്ടത്തിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. 7 അങ്കണവാടികളുടെ കുഴൽകിണർ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചതിൽ മീറ്ററിന് ശരാശരി 470 രൂപ മാത്രമാണ് സ്ഥാപനത്തിന് ചെലവായിട്ടുള്ളത്. മാത്രമല്ല നിലവിലുള്ള ഒരു കുഴൽകിണർ ഉപയോഗപ്രദമാക്കുന്നതിന് സർവ്വീസ് ചാർജ്ജായി ആകെ ഡ്രില്ലിംഗ് ചാർജ്ജിന്റെ 25 ശതമാനം മാത്രമെ ഭൂഗർഭ ജലവകുപ്പ് ഈടാക്കിയിട്ടുള്ളൂ. (ഉദാ- പയർ വീട്ടിൽ സെന്റർ, കൊയിലാണ്ടി അങ്കണവാടി 80 മീറ്ററിൽ ഡ്രിൽ ചെയ്തെങ്കിലും ഡ്രില്ലിംഗ് ചാർജ്ജിന്റെ 25 ശതമാനമായ 7400 രൂപ മാത്രമെ ഭൂഗർഭ ജലവകുപ്പ് ഈടാക്കിയിട്ടുള്ളൂ). ഭൂഗർഭ ജലവകുപ്പ് മുഖേനയുള്ള മേൽ പദ്ധതി നിർവ്വഹണം സ്ഥാപനത്തിന് ലാഭകരമായിരുന്നു എന്നത് മേൽ വസ്തുതകളിൽ നിന്നും വ്യക്തമാണ്. 250710 രൂപ ഭൂഗർഭ ജലവകുപ്പിൽ അടവാക്കിയതിൽ ചെലവ് വന്ന 189140 രൂപ കിഴിച്ച് 61570 രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. എന്നാൽ 2019-20 വർഷത്തിൽ ഭൂഗർഭ ജലവകുപ്പിൽ തുക നീക്കിയിരിപ്പുണ്ടായിരുന്ന സാഹചര്യത്തിലും ടൗൺഹാൾ, സാംസ്കാരിക നിലയം എന്നിവിടങ്ങളിൽ നഗരസഭ ക്വട്ടേഷൻ നടപടിയിലൂടെ സ്വകാര്യ സ്ഥാപനങ്ങൾ അധിക നിരക്കിൽ കുഴൽ കിണർ കുഴിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>സാംസ്കാരിക നിലയം കുഴൽ കിണർ നിർമ്മാണം .</u>

ഫയൽ നം- PW2/8521/2019

സാംസ്കാരിക നിലയത്തിലെ നിലവിലുള്ള കുഴൽ കിണർ ഉപയോഗപ്രദമല്ലെന്നും കുടിവെള്ള സൗകര്യം ലഭ്യമാക്കണമെന്ന മാവശ്യപ്പെട്ട് സാംസ്കാരിക നിലയത്തിലെ കച്ചവടക്കാർ 03.05.2019 തിയ്യതിയിലാണ് നഗരസഭക്ക് കത്ത് നൽകുന്നത്. 25.11.2019 ലെ 13-ാം നമ്പർ തീരുമാന പ്രകാരം നിലവിലുള്ള കുഴൽ കിണർ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കുന്നതിന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഭരണസമിതി തീരുമാനത്തിന് വിരുദ്ധമായി 06.01.2020 തിയ്യതിയിൽ ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത് പുതിയ കുഴൽകിണർ നിർമ്മിക്കുന്നതിനാണ്. ഭൂഗർഭജല വകുപ്പിന്റെ എസ്റ്റിമേറ്റ് ഇല്ലാതെയാണ് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ക്വട്ടേഷൻ സമർപ്പിച്ച തീർത്ഥം ബോർവെൽസ്, പി.പി ബോർവെൽസ്, യു.ആർ ബോർവെൽസ് എന്നീ സ്ഥാപനങ്ങളിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഉണ്ണികൃഷ്ണൻ, തീർത്ഥം ബോർവെൽസ് എന്നവർ ക്വാട്ട് ചെയ്ത 28 മീറ്ററിന് 54500 രൂപ നെഗോസിയേഷൻ നടത്തി 28 മീറ്ററിന് 49500 രൂപ നിരക്കിലാണ് കരാറുറപ്പിച്ച് പ്രവൃത്തി പൂർത്തീകരിച്ച് തുക നൽകിയിട്ടുള്ളത്. മീറ്ററിന് ശരാശരി 1767.85 രൂപ നിരക്കിലാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരൻ സമ്മതിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിച്ച് സമർപ്പിച്ച ബില്ല് പ്രകാരം 34300 രൂപയാണ് കുഴൽ കിണർ കുഴിച്ചതിന് ചെലവ് വന്നിട്ടുള്ളത്. എന്നാൽ എത്ര മീറ്റർ ആഴത്തിൽ കുഴിച്ചു എന്നത് ബില്ലിലോ അപേക്ഷയിലോ രേഖപ്പെടുത്തിയിട്ടില്ല. നെഗോസിയേഷൻ പ്രകാരമുള്ള നിരക്ക് പരിഗണിക്കുമ്പോൾ ഏകദേശം 19.4 മീറ്റർ ആഴത്തിൽ കുഴിച്ചിരിക്കാൻ സാധ്യതയുണ്ട്.

കുഴൽകിണർ കുഴിച്ചതിന്റെ 34300 രൂപക്ക് പുറമെ 15200 രൂപക്ക് മോട്ടോർ വാങ്ങി സ്ഥാപിച്ചതായി കരാറുകാരൻ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മോട്ടോർ സ്ഥാപിക്കുന്നതിന് കരാറുകാരനായ ഉണ്ണികൃഷ്ണൻ, തീർത്ഥം ബോർവെൽസ് എന്നവരെ നഗരസഭ ചുമതലപ്പെടുത്തിയതിന്റെ രേഖ ഫയലിൽ ലഭ്യമല്ല. മാത്രമല്ല നിലവിലുണ്ടായിരുന്ന കുഴൽ കിണറിന്റെ മോട്ടോർ പുനരുപയോഗപ്പെടുത്താത്തതിന്റെ കാരണവും വ്യക്തമല്ല. മീറ്ററിന് ശരാശരി 1767.85 രൂപ നിരക്കിലാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ഭൂജലവകുപ്പിന്റെ നിരക്ക് പരിഗണിക്കുമ്പോൾ 28 മീറ്ററിന് 13160 രൂപ

മാത്രമെ (ഏകദേശം) കുഴൽ കിണർ നിർമ്മാണത്തിന് ആവശ്യമായി വരികയുള്ളൂ. നിലവിലുള്ള കുഴൽ കിണർ റിപ്പയർ ചെയ്യുന്ന പക്ഷം 3290 രൂപ മാത്രമെ ചെലവ് വരികയുള്ളൂ എന്നതും ഇവിടെ പ്രസക്തമാണ്. (ഉപയോഗ പ്രദമല്ലാത്ത കുഴൽ കിണറുകൾ റിപ്പയർ ചെയ്യുന്നതിന് ഡ്രില്ലിംഗ് ചാർജ്ജിന്റെ 25% സർവ്വീസ് ചാർജ്ജ് അടവാക്കിയാൽ മതിയാകും). മേൽ കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയിരുന്നെങ്കിലും സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1. എസ്റ്റിമേറ്റ് തയ്യാറാക്കാതെ 28 മീറ്റർ ആഴത്തിൽ കുഴൽ കിണർ കുഴിക്കാൻ വർക്ക് ഓർഡർ നൽകി.
2. നിലവിലുള്ള കുഴൽ കിണർ റിപ്പയർ ചെയ്യുന്നതിനുള്ള ഭരണസമിതിയുടെ 25.11.2019 ലെ 13-ാം നമ്പർ തീരുമാനത്തിൽ നിന്നും വ്യതിചലിച്ച് പുതിയ കുഴൽ കിണർ കുഴിക്കുന്നതിന് ക്വട്ടേഷൻ നൽകി.
3. കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചതിൽ എത്ര മീറ്ററിൽ കുഴിച്ചുവെന്നത് വ്യക്തമാക്കിയിട്ടില്ല. ബില്ലിൽ മോട്ടോർ സ്ഥാപിച്ചതിനുള്ള തുകയും ഉൾപ്പെടുത്തിയതായി കാണുന്നു. മോട്ടോർ സ്ഥാപിക്കുന്നതിന് മേൽ കരാറുകാരന് വർക്ക് ഓഡർ നൽകിയ ഭരണസമിതി തീരുമാനം ഫയലില്ല.

മേൽ വസ്തുതകളിൽ നിന്നും നടപടി ക്രമം പാലിക്കാതെയും അധിക നിരക്ക് അനുവദിച്ചുമാണ് കുഴൽ കിണർ നിർമ്മാണം നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്.

ടൗൺ ഹാൾ കുഴൽ കിണർ നിർമ്മാണം .

ഫയൽ നം.- PW2/8521/2019

ടൗൺ ഹാളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനായി കുഴൽ കിണർ കുഴിക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിന് 25.11.2019 ലെ 12/12 നമ്പർ തീരുമാനപ്രകാരം കുഴൽ കിണർ കുഴിക്കുന്നതിന് തീരുമാനിക്കുകയും 17.09.2019 ലെ യു.എൻ.ആർ ബോർവെൽസ് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. 82 അടിക്ക് 49200 രൂപ നിരക്കിലാണ് കരാർ ഉറപ്പിച്ചിട്ടുള്ളത്. മേൽ കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

- എസ്റ്റിമേറ്റ് തയ്യാറാക്കാതെ 82 അടി (25 M) ആഴത്തിൽ കുഴൽ കിണർ കുഴിക്കാൻ വർക്ക് ഓർഡർ നൽകി.
- UNR ബോർവെൽസ്, അബ്ദുറഹിമാൻ കൊയിലാണ്ടി, കെ.എച്ച് ബോർവെൽസ് എന്നിവർ സമർപ്പിച്ച ക്വട്ടേഷനുകൾ തമ്മിൽ താരതമ്യം ചെയ്തതിൽ 3 ക്വട്ടേഷനുകളും ഒരേ പാറ്റേണിലും ഒരേ ഫോണ്ടിലും ഫോർമാറ്റിലും തയ്യാറാക്കിയതായി കാണുന്നു. ക്വട്ടേഷനുകളിലെ ടൈപ്പിംഗ് തെറ്റുകൾ പോലും ആവർത്തിച്ചതിൽ നിന്നും ഒരാൾ തന്നെ തയ്യാറാക്കിയ ക്വട്ടേഷനുകളാണ് സമർപ്പിച്ചിട്ടുള്ളതെന്നത് വ്യക്തമാണ്. ക്വട്ടേഷനുകൾ സമർപ്പിച്ച വ്യക്തികളുടെയും സ്ഥാപനത്തിന്റെയും ആധികാരികത പരിശോധിക്കാതെയാണ് കരാറുകാരനെ നിശ്ചയിച്ചത്. ക്വട്ടേഷനുകളുടെ ചിത്രം ചുവടെ ചേർക്കുന്നു.



UNR BOREWELLS
Kalyan Sanker Building, N.H. Road, Near Civil station, Koyilandy-673 305

16/09/2019

ഇ എം എസ്
സ്മാരക ടൗൺ ഹാൾ
കൊയിലാണ്ടി
നഗരസഭ

QUATATION

6''6.Kg (I S I) Pvc pipe
With Drilling charge

	Feet	Feet
	Qty	Rate
	82	600
Total	49200	

Fourty Nine Thousand and Two Hundred Only



16/09/2019

ഇ എം എസ്
സ്മാരക ടൗൺ ഹാൾ
കൊയിലാണ്ടി
നഗരസഭ

QUATATION

6''6.Kg (I S I) Pvc pipe
With Drilling charge

	Feet	Feet
	Qty	Rate
	82	630
Total	51660	

Abdu Rahuman
Koyilandy



16/09/2019

ഇ എം എസ്
സ്മാരക ടൗൺ ഹാൾ
കൊയിലാണ്ടി
നഗരസഭ

QUATATION

6''6.Kg (I S I) Pvc pipe
With Drilling charge

	Feet	Feet
	Qty	Rate
	82	650
Total	53300	

Nisar K H
K H Bore Well
Koyilandy
Ph: 9745513782

. മീറ്ററിന് 1968 രൂപ നിരക്കിലാണ് കരാർ നൽകിയിട്ടുള്ളത്. ഭൂഗർഭ ജലവകുപ്പിന്റെ നിരക്കിനേക്കാൾ ഉയർന്ന നിരക്ക് അനുവദിച്ചു.

മേൽ അപാകതകളിൽ നിന്നും ക്വട്ടേഷൻ നടപടികൾ സുതാര്യമല്ലെന്നത് വ്യക്തമാണ്. അധിക നിരക്കിൽ തുക നൽകിയും നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് മേൽ കുഴൽകിണർ നിർമ്മാണം നടത്തിയിട്ടുള്ളത്.

28.12.2021 തിയ്യതിയിൽ സാംസ്കാരിക നിലയത്തിലെ കുഴൽ കിണർ നിർമ്മാണം സംബന്ധിച്ച് സ്ഥല പരിശോധന നടത്തിയതിൽ പഴയ കുഴൽകിണർ ഉപേക്ഷിക്കപ്പെട്ട നിലയിൽ ബേസ്മെന്റിന്റെ കവാടത്തിൽ കാണപ്പെട്ടുകയും പരിശോധന നടത്തിയതിൽ അധികം ആഴത്തിലല്ലാതെ കിണറിൽ വെള്ള മുള്ളതായും കാണപ്പെട്ടു. എന്നാൽ പ്രസ്തുത കുഴൽ കിണറിന് ഉപയോഗിച്ച മോട്ടോർ സൈറ്റിൽ കാണാൻ കഴിഞ്ഞിട്ടില്ല. നടപടി ക്രമങ്ങൾ പാലിക്കാതെ നടത്തിയ മേൽ രണ്ട് കുഴൽ കിണറുകളുടെ ചെലവ് തുകയായ 98700 രൂപ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പഴയ മോട്ടോറിന്റെ തത്സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-31 ടെണ്ടർ /ക്വട്ടേഷൻ രേഖകൾ ലഭ്യമാക്കിയില്ല

2019-20 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ ഭൂരിഭാഗം ഫയലുകളിലും ടെണ്ടർ, ഇ-ടെണ്ടർ, റീ ടെണ്ടർ, ക്വട്ടേഷൻ നടപടികൾ സംബന്ധിച്ച രേഖകൾ ഉൾകൊള്ളിച്ചിട്ടില്ല. മേൽ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കുന്നതിന് നിരവധി തവണ വാക്കാൽ ആവശ്യപ്പെട്ടിട്ടും രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

ഉദാ , 317/2019-20, 509/2019-0, 510/2019-20, 380/2019-20, 484/2019-20 നമ്പർ പ്രൊജക്ടുകൾ

മേൽ ഉദാഹരണങ്ങളിൽ പരാമർശിച്ച 509/2019-0, 510/2019-20 നമ്പർ പ്രൊജക്ടുകളുടെ ഫയലിൽ ഡി.പി.സി അംഗീകാരം ലഭിച്ച തിയ്യതിയായി രേഖപ്പെടുത്തിയിട്ടുള്ളത് 31.03.2018 ആണ്. എന്നാൽ പദ്ധതിക്ക് സാങ്കേതികാനുമതി ലഭിച്ച തിയ്യതിയായി 08.02.2019 ഉം ഭരണാനുമതി ലഭിച്ച തിയ്യതിയായി 28.01.2019 ലെ 19/19 നമ്പർ തീരുമാനവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 28.01.2019 ലെ 19/19 നമ്പർ ഭരണസമിതി തീരുമാനം പരിശോധിച്ചതിൽ നിന്നും പ്രസ്തുത തീരുമാനം മേൽ പ്രോജക്ടുമായി ബന്ധപ്പെട്ടതല്ലെന്നും, ആയത് നിർവ്വഹണ ഘട്ടത്തിലുള്ള വിവിധ പദ്ധതികൾ ഭേദഗതി ചെയ്യുന്നതുമായി ബന്ധപ്പെട്ടതാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. 509/2019-20, 510/2019-20 എന്നീ പ്രൊജക്ടുകൾ രൂപീകരിക്കുന്നതിനുള്ള ഭരണസമിതി തീരുമാനം, വാർഡ്സഭ തീരുമാനം എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ടെണ്ടർ നടപടികൾ നടക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. കുറിപ്പ് ഫയൽ, നടപ്പ് ഫയൽ എന്നിവയുടെ പരിപാലനത്തിലും സൂപ്രണ്ട്, മുനിസിപ്പൽ എഞ്ചിനീയർ എന്നിവർ ശ്രദ്ധ ചെലുത്തിയിട്ടില്ല. ഫയൽ നടപടികൾ സൂചിക സോഫ്റ്റ്‌വെയർ മുഖേനയാക്കി സുതാര്യത ഉറപ്പാക്കേണ്ടതാണ്.

മേൽ ഉദാഹരണങ്ങളായി പരാമർശിച്ച പദ്ധതികളുടെ ടെണ്ടർ രേഖകൾ അടിയന്തിരമായി ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ലെന്ന് അനുമാനിച്ച് ചെലവ് തുക നിരാകരിക്കുന്നതാണ്.

1-32 അടങ്കൽ തുകയേക്കാൾ കൂടുതൽ ചെലവഴിച്ചു

പ്രൊജക്ട് നം- 322/2019-20, ഉയ്യത്ത് മീത്തൽ കോളനി റോഡ്

മേൽ പ്രോജക്ടിനായി എസ്.സി.പി ഫണ്ട് 224677 രൂപ അടങ്കൽ കണക്കാക്കിയതിൽ 382457 രൂപ ചെലവഴിച്ചിട്ടുണ്ട്. ബിൽ ബുക്കിലെ 25.04.2019 തിയ്യതിയിലെ 11/2019-20 ക്രമനമ്പറായി ചേർത്ത ബിൽ പ്രകാരം 224677 രൂപയും 15.10.2019 തിയ്യതിയിലെ ബിൽബുക്കിലെ ക്രമനമ്പർ 72/2019-20 ബിൽ പ്രകാരം 157780 രൂപയും എസ്.സി.പി ഫണ്ടിൽ നിന്നും പിൻവലിച്ച് കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. സാംഖ്യ, സുലേഖ സോഫ്റ്റ്‌വെയറുകളുടെ ഡാറ്റാബേസ് സംയോജിപ്പിച്ചാണ് പ്രവർത്തിക്കുന്നത്. മേൽ സാഹചര്യത്തിൽ സുലേഖയിൽ രേഖപ്പെടുത്തിയ പദ്ധതി പ്രകാരമുള്ള അടങ്കൽ തുകയിൽ അധികരിച്ച തുകക്കുള്ള ബില്ല് സാംഖ്യയിൽ ജനറേറ്റ് ചെയ്ത് ചെലവഴിക്കുന്നതിന് സാധിക്കാത്ത വിധം സോഫ്റ്റ്‌വെയറുകളിൽ നിയന്ത്രണം ഉണ്ടായിരിക്കുക എന്നുള്ളത് പ്രാഥമികമായ ആവശ്യകതയാണ്. ആയത് നിറവേറ്റുന്നതിന് മേൽ സോഫ്റ്റ്‌വെയറുകൾക്ക് സാധിച്ചിട്ടില്ല. മേൽ വസ്തുത സോഫ്റ്റ്‌വെയർ തയ്യാറാക്കി പരിപാലിക്കുന്ന ഐ.കെ.എം ന്റെ ശ്രദ്ധയിൽപെടുത്തേണ്ടതും വിശദീകരണം തേടേണ്ടതുമാണ്.

2018-19 വർഷത്തിൽ 400000 രൂപയായിരുന്ന പദ്ധതിയിൽ അടങ്കൽ ചെയ്തിരുന്നത്, 2019-20 വർഷത്തിൽ സ്പിൽ ഓവറായി തുടർന്ന മേൽ പദ്ധതിയിൽ 224677 രൂപ മാത്രമാണ് അടങ്കൽ ചെയ്തിട്ടുള്ളത്. എന്നാൽ മേൽ അടങ്കൽ തുകയിൽ കുറവ് വരാനുണ്ടായ കാരണങ്ങളോ, പദ്ധതി ഭേദഗതി ചെയ്തിട്ടുണ്ടെങ്കിൽ ആ വിവരങ്ങളോ സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. അടങ്കൽ ചെയ്ത തുക ചെലവഴിക്കുന്നതിന് മാത്രമാണ് ഭരണാനുമതി, ബജറ്റ് അനുമതി എന്നിവയുള്ളൂ എന്ന സാഹചര്യത്തിലും അധികതുക ചെലവഴിക്കപ്പെട്ടതിലൂടെ ചട്ടം, നിയമം എന്നിവയിലെ വ്യവസ്ഥകളെ ലംഘിക്കുന്നതിന് സഹായകമാകുന്ന തരത്തിൽ സോഫ്റ്റ്‌വെയറുകൾ രൂപകൽപന ചെയ്യപ്പെട്ടു എന്നത് സ്ഥാപനത്തിന്റെ ഇടപാടുകളിൽ അപകടഘടകമാകുന്നുണ്ട്.

അടങ്കൽ ചെയ്തതിലധികം തുക ചെലവഴിക്കുന്ന വിധത്തിൽ സാംഖ്യയിൽ നിന്നും ബില്ല് ജനറേറ്റ് ചെയ്ത് തുക പിൻവലിക്കുന്നതിന് സാധ്യമാകുന്ന സ്ഥിതിവിശേഷം പരിശോധിക്കേണ്ടതും പരിഹരിക്കുന്നതിന് ഐ.കെ.എം ന് നിർദ്ദേശം നൽകേണ്ടതുമാണ്.

1-33 വ്യത്യസ്ത സ്വഭാവമുള്ള 3 പ്രവൃത്തികൾക്ക് ഒരു പ്രൊജക്ട്.

പ്രൊജക്ട് നം- 380/2019-20, ചൂരക്കാട്ട് കുനി നടപ്പാത, മാപ്പിള വീട്ടിൽ റോഡ്, കണ്ടോത്ത് മഠത്തിക്കണ്ടി ഫുട്പാത്ത്

മേൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് പ്രകാരം വ്യത്യസ്ത സ്വഭാവമുള്ളതും വ്യത്യസ്ത ഇനങ്ങൾ

ഉൾപ്പെടുന്നതുമായ 3 പ്രവൃത്തികൾക്ക് ഒരൊറ്റ പദ്ധതി തയ്യാറാക്കി ടെണ്ടർ ചെയ്ത് പ്രവൃത്തി നിർവ്വഹിച്ചതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റ് നം- 2017/43544		
ക്രമ നം	പ്രവൃത്തിയുടെ പേര്	പ്രവൃത്തിയുടെ സ്വഭാവം
1	ചൂരക്കാട്ട് കുനി- ഫുട് പാത്ത്	ഫുട് പാത്ത് കോൺക്രീറ്റിംഗ്
2	കണ്ടോത്ത് മഠത്തിക്കണ്ടി ഫുട്പാത്ത്	DR, Steel വർക്ക് ഉൾപ്പെടെയുള്ള പുതിയ ഫുട്പാത്ത് നിർമ്മാണം
3	മാപ്പിള വീട്ടിൽ റോഡ്,	റോഡ് ടാറിംഗ്

മേൽ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് സമാനതകളില്ലെന്നും ആസ്തികൾ പരസ്പര ബന്ധമില്ലാത്തതാണെന്നും വ്യക്തമാണ്. മേൽ സാഹചര്യത്തിലും മൂന്ന് പ്രവൃത്തികളും ഒരു പദ്ധതിയായി ആസൂത്രണം ചെയ്തതിലൂടെ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1. കോൺക്രീറ്റിംഗ് പോലുള്ള പ്രവൃത്തികൾക്ക് മുൻഗണന നൽകുന്ന ചെറുകിട-തദ്ദേശീയ കരാറുകാർക്ക് റോഡ് ടാറിംഗ് പോലുള്ള ഇനങ്ങൾ ഉൾപ്പെടുന്നതിനാൽ പദ്ധതിയോട് താത്പര്യം കുറയാനും ടെണ്ടറിൽ മത്സരം കുറയാനും കാരണമായിട്ടുണ്ട്.

2. മേൽ പദ്ധതികളുടെ എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജ്ജ് ഉൾകൊള്ളിച്ചിട്ടുണ്ട്. ഫുട്പാത്ത് പ്രവൃത്തികൾക്ക് ഉൾപ്പെടെ 10% ഓവർഹെഡ് ചാർജ്ജ് ചാർജ്ജ് അനുവദിച്ചതിലൂടെ സ്ഥാപനത്തിന് സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടുണ്ട്.

പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി 3 പ്രവൃത്തികൾക്ക് ഒരൊറ്റ പദ്ധതി ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയതിന്റെ കാരണം വ്യക്തമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 3 പ്രവൃത്തികൾക്ക് ഒരൊറ്റ പദ്ധതി ആസൂത്രണം ചെയ്ത് നിർവ്വഹണം നടത്തിയ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

1-34 മുനിസിപ്പൽ ഓഫീസ് നവീകരണം-രേഖകൾ ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം- 353/2019-20, മുനിസിപ്പൽ ഓഫീസ് നവീകരണം

ബിൽ നം- 14/30.04.2019 തുക- 1500000

മേൽ പ്രോജക്ട് പ്രകാരമുള്ള എസ്റ്റിമേറ്റിലെ ഇനങ്ങളുടെ നിരക്ക് നിശ്ചയിക്കുന്നതിന് ആധാരമാക്കിയ ഡാറ്റ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് തുക അനുവദിക്കും

മുൻപ് ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയം നടത്തുകയോ പാർട്ട് ബിൽ നൽകിയപ്പോൾ റീ ടെൻഷൻ തുക കുറവ് ചെയ്യുകയോ ചെയ്തിട്ടില്ല. കരാറുകാരനായ കേരള സിഡ്കോ ലിമിറ്റഡ് 30.03.2019 തിയ്യതിയിൽ തന്നെ ബില്ല് സമർപ്പിച്ചിരുന്നു. എന്നാൽ 2019-20 വർഷത്തിൽ ആകെ ബിൽ തുകയായ 2464783 രൂപയിൽ 1500000 രൂപ മാത്രമെ അനുവദിച്ചിട്ടുള്ളൂ. അപാകതകൾക്ക് മറുപടി നൽകുന്നതിനും തുക അനുവദിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 06.04.2020 തിയ്യതിയിൽ 1500000 ന്റെ ബില്ല് ജനറേറ്റ് ചെയ്ത് ട്രഷറിയിൽ സമർപ്പിച്ചതായി ബിൽ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട് (ബിൽ പാസാക്കിയിട്ടില്ല). സിഡ്കോക്ക് നൽകാൻ അവശേഷിക്കുന്ന തുക 946783 രൂപ മാത്രമായിരിക്കെ 1500000 ലക്ഷം രൂപയുടെ ബില്ല് ട്രഷറിയിൽ സമർപ്പിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ആധാരമാക്കിയ ഡാറ്റ, പൂർത്തീകരിച്ച പ്രവൃത്തിയുടെ വാല്വേഷൻ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-35 തെരുവ് വിളക്ക് വാങ്ങൽ- പദ്ധതി നിർവ്വഹണത്തിൽ അപാകത

പ്രൊ നം- 329/2019-20, തെരുവ് വിളക്ക് വാങ്ങൽ

ബിൽ നം- 34/2019-20, തിയ്യതി7-6-2019, തുക- 999400

തെരുവ് വിളക്ക് വാങ്ങുന്നതിനായി ആസൂത്രണം ചെയ്ത മേൽ പദ്ധതി പ്രകാരം കെ.ഇ.എൽ നിന്നും 999400 രൂപ ചെലവഴിച്ച് എൽ.ഇ.ഡി ബൾബുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അവ്യക്തതകൾ പദ്ധതി നിർവ്വഹണത്തിലുണ്ടായതായി കാണുന്നു.

1. കെ.ഇ.എൽ സമർപ്പിച്ച ബിൽ പ്രകാരം 24 വാട്ടിന്റെ 263 എൽ.ഇ.ഡി ബൾബുകളും ആയതിന്റെ ക്ലാമ്പ് വില, ഫിറ്റിംഗ് ചാർജ്, സർവ്വീസ് ചാർജ്ജ് എന്നിവ ഉൾപ്പെടെ യൂണിറ്റ് ഒന്നിന് 3800 രൂപ നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ബില്ലിൽ ക്ലാംപ്, ഫിറ്റിംഗ് ചാർജ്ജ്, സർവ്വീസ് ചാർജ്ജ് എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. സ്പെസിഫിക്കേഷൻ പ്രകാരം എൽ.ഇ.ഡി ബൾബിന് പുറമെ ക്ലാംപ്, ഫിറ്റിംഗ് ചാർജ്ജ്, സർവ്വീസ് ചാർജ്ജ് എന്നിവ ഉൾപ്പെടെയാണ് യൂണിറ്റിന് 3800 രൂപയായി കെ.ഇ.എൽ നഗരസഭയെ അറിയിച്ചിട്ടുള്ളത്.
2. നഗരസഭ കെ.ഇ.എൽ ന് നൽകിയ രശീത് പ്രകാരം 25 വാട്ടിന്റെ 313 എൽ.ഇ.ഡി ബൾബുകളും രണ്ട് കോയിൽ വയറുകളുമാണ് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽ നിന്നും ക്ലാംപുകൾ വിതരണം ചെയ്തിട്ടില്ലെന്നത് വ്യക്തമാണ്.
3. പദ്ധതി പ്രകാരം വാങ്ങിയ തെരുവ് വിളക്കുകൾ ഫിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ, കെ.എസ്.ഇ.ബി യുടെ സൂപ്പർവിഷൻ സർട്ടിഫിക്കറ്റ് എന്നിവ ഫയലിൽ ലഭ്യമല്ല. മേൽ ബൾബുകൾ എവിടെയാണ് സ്ഥാപിച്ചതെന്നത് സംബന്ധിച്ച രേഖകളും ഫയലിൽ നിന്നും വ്യക്തമല്ല. പുതുതായി സ്ഥാപിക്കേണ്ട തെരുവുവിളക്കുളുടെ എണ്ണം, ബൾബുകൾ മാറ്റി സ്ഥാപിക്കേണ്ടതിന്റെ എണ്ണം എന്നിവ സംബന്ധിച്ച യാതൊരു പഠനവും സ്ഥാപനം നടത്തിയിട്ടില്ല. നിലവിലുള്ള ബൾബുകൾ മാറ്റി സ്ഥാപിക്കുന്ന പക്ഷം ക്ലാംപുകൾ ആവശ്യം വരില്ലെന്ന വസ്തുത പരിശോധിക്കാതെയാണ് എൽ.ഇ.ഡി ബൾബിന് പുറമെ ക്ലാംപ്, ഫിറ്റിംഗ് ചാർജ്ജ്, സർവ്വീസ് ചാർജ്ജ് എന്നിവ പർച്ചേസ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, മേൽനോട്ട ചുമതലയുള്ള സ്റ്റാൻറിംഗ് കമ്മിറ്റി എന്നിവ പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ ചുമതലാപരമായ പങ്ക് വഹിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. തെരുവ് വിളക്കുകളെ സംബന്ധിക്കുന്ന രജിസ്റ്റർ, കെ.എസ്.ഇ.ബി യുടെ സൂപ്പർവിഷൻ

സർട്ടിഫിക്കറ്റ്, തെരുവ് വിളക്കുകൾ സ്ഥാപിച്ച സ്ഥലം, കെ.ഇ.എൽ വിതരണം ചെയ്ത ക്ലാംപുകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-36 പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം പദ്ധതികൾ ആസൂത്രണം ചെയ്യുന്നു.

2019-20 വർഷത്തിൽ നിർവ്വഹണം നടത്തിയ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് മുൻപായി തന്നെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നു. കരാറുകാർ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് നിർവ്വഹിക്കുന്ന പ്രവൃത്തി ഇനങ്ങളുടെ തുക നൽകുന്നതിനായി മുനിസിപ്പൽ എഞ്ചിനീയർ പിന്നീട് പദ്ധതികൾ ആസൂത്രണം ചെയ്യുകയും ആയതിന് മതിയായ അനുമതികളില്ലാതെ നിർവ്വഹണം നടത്തുകയും ചെയ്യുന്ന പ്രവണത അഴിമതിക്കും സ്വജനപക്ഷപാതത്തിനും വഴിതെളിക്കും. ഇത്തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലൂടെ വാർഡ് സഭകളുടെ അധികാരവും ആസൂത്രണ പ്രക്രിയയിലുള്ള പൗരന്മാരുടെ ജനാധിപത്യ അവകാശങ്ങളും ഇല്ലാതാക്കപ്പെടുന്നുണ്ടെന്ന വസ്തുത ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ബീച്ച് റോഡ് നവീകരണം

ചെലവ് തുക- 269994

510/2019-20 നമ്പറായി രൂപീകരിച്ച് നിർവ്വഹണം നടത്തിയ മേൽ പദ്ധതിയിലെ എസ്റ്റിമേറ്റ് ഇനങ്ങൾ പ്രകാരമുള്ള അളവുകൾ 484/2019-20 നമ്പറായുള്ള ബീച്ച് റോഡ് ചുങ്കം നവീകരണ പദ്ധതിയുടെ മെഷർമെന്റ് ബുക്കിൽ 28.03.2019 തിയ്യതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ 484/2019-20 നമ്പറായുള്ള ബീച്ച് റോഡ് ചുങ്കം പ്രവൃത്തിയുടെ ഭാഗമായി എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ കരാറുകാരൻ സൈറ്റിൽ നിർവ്വഹിക്കുകയും, കരാറുകാരന് തുക നൽകുന്നതിനായി ബീച്ച് റോഡ് നവീകരണം എന്ന പേരിൽ പുതിയ പദ്ധതി രൂപീകരിക്കുക യുമാണുണ്ടായിട്ടുള്ളത്. 510/2019-20 നമ്പർ പ്രോജക്ട് പ്രകാരമുള്ള ഇനങ്ങൾ നിർവ്വഹിച്ചിട്ടുള്ളത് 484/2019-20 നമ്പർ പ്രവൃത്തിയുടെ ചെയിനേജിൽ തന്നെയാണെന്നത് ഫയലിൽ നിന്നും വ്യക്തമാണ്. പദ്ധതി രൂപീകരിക്കും മുൻപ് തന്നെ പ്രവൃത്തി നിർവ്വഹിക്കപ്പെട്ടിട്ടുണ്ടെന്നത് ഇതിൽ നിന്നും വ്യക്തമാണ്. ഒരേ കരാറുകാരനാണ് രണ്ട് പ്രവൃത്തികളും നിർവ്വഹിച്ചിട്ടുള്ളത്. പദ്ധതിയുടെ ടെണ്ടർ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച പദ്ധതികൾക്ക് പുറമെ 509/2019-20 നമ്പറായി ചുങ്കം റോഡ് എന്ന പേരിൽ ഒരു പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി നടത്തിയ റോഡ് സൈറ്റ് പരിശോധനയിൽ തിരിച്ചറിയാനായിട്ടില്ല. ഈ മൂന്ന് പ്രവൃത്തികളും നിർവ്വഹിച്ച കരാറുകാരൻ ശ്രീ.കെ.പി.രാമകൃഷ്ണൻ എന്നവരാണ്. 509/2019-20, 510/2019-20 എന്നീ പ്രൊജക്ടുകളുടെ ഫയലിലെ കുറിപ്പ് ഫയലിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ തിയ്യതി, നോട്ടീസ്, കരാറുകാർ സമർപ്പിച്ച ടെണ്ടർ ഫോറം എന്നിവ ഫയലിൽ ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക നിരാകരിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

2. പ്രൊ നം- 439/2019-20, നടുക്കണ്ടി കുന്നമ്മൽ റോഡ് .

ചെലവ് തുക- 587367

2017-18 വർഷത്തിൽ ആസൂത്രണം ചെയ്തതും 2019-20 സ്പിൽ ഓവറായി തുടരുന്നതുമായ മേൽ പ്രോജക്ടിന് 27.03.2018 തിയ്യതിയിൽ 525248 രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട് ഫൈനൽ മെഷർമെന്റ് ചെയ്തിരിക്കുന്നത് 29.08.2018 തിയ്യതിയിലാണ്. എന്നാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയ തിയ്യതി 04.02.2019 തിയ്യതിയാണ്. പദ്ധതി പ്രകാരമുള്ള അംഗീകൃത എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഇനങ്ങൾ കരാറുകാരൻ നിർവ്വഹിക്കുകയും ആയത് എം ബുക്കിൽ രേഖപ്പെടുത്തി ഏകദേശം ആറുമാസങ്ങൾക്ക്

ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്യുകയാണുണ്ടായിട്ടുള്ളത്. കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമാണ് നഗരസഭ മേൽ പ്രവൃത്തികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. 30.08.2019 തിയ്യതിയിലെ 53/2019-20 നമ്പർ ബില്ല് മുഖേന 62119 രൂപ ഫൈനൽ ബില്ല് നൽകിയിട്ടുമുണ്ട്.

റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി കിട്ടിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനും ഭരണാനുമതി വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിനുമായി ഓഡിറ്റ് അന്വേഷണ കുറിപ്പ് മുഖേന സ്ഥാപനത്തോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.02.2018 ലെ സ.ഉ.(കൈ) 17/2018/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.8.2 ലെ 3(vi) ൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായ ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകാൻ പാടുള്ളതല്ല. മേൽ നിബന്ധന പാലിക്കാതെയാണ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുള്ളത്. അത്തരത്തിലുള്ള അംഗീകാരം നൽകും മുൻപ് ആയതിന് ഭരണാനുമതി ഉണ്ടോ എന്ന വസ്തുത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിച്ചിട്ടില്ല.

ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവയില്ലാതെയും വാർഡ് സഭയുടെ അംഗീകാരമില്ലാതെയും പ്രവൃത്തികൾ കരാറുകാരന്റെ ഇഷ്ടാനുസരണം നിർവ്വഹിച്ചതിന് ശേഷം കരാറുകാരന് തുക നൽകുന്നതിന് വേണ്ടി പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ നിയമവിരുദ്ധമാണ്. ചെലവ് തുകകൾ നിരാകരിക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയത് രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

മേൽ പരാമർശിച്ച പ്രവണത നടപ്പ് വർഷത്തിലും നഗരസഭയിൽ നിലനിൽക്കുന്നുണ്ട്. ജില്ലാ ഓഡിറ്റ് കാര്യാലയം ജോയിന്റ് ഡയറക്ടർ സമക്ഷം കൊയിലാണ്ടി നഗരസഭയിലെ വരകുന്ന് സ്വദേശിയായ വ്യക്തി സമർപ്പിച്ച പരാതിയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി 28.12.2021 തിയ്യതിയിൽ വരകുന്ന് കമ്മ്യൂണിറ്റി ഹാളിൽ സ്ഥലപരിശോധന നടത്തിയതിൽ കമ്മ്യൂണിറ്റി ഹാൾ നിലം, സ്റ്റേജ് എന്നിവ വിട്രിഫൈഡ് ടൈൽ ഉപയോഗിച്ച് ഫ്ലോറിംഗ് നടത്തിയതായി കാണുന്നുണ്ട്. 2019-20, 2020-21, 2021-22 വർഷങ്ങളിലെ മുനിസിപ്പൽ എഞ്ചിനീയറുടെ പദ്ധതികളുടെ പട്ടിക പരിശോധിച്ചതിൽ നിന്നും ഇത്തരത്തിലൊരു പദ്ധതി ആസൂത്രണം ചെയ്തതായി കാണുന്നില്ല. ഓഡിറ്റിന് ലഭിച്ച പരാതിയിൽ മേൽ പ്രവൃത്തി ഒരു സന്നദ്ധ പ്രവർത്തകനും കുടുംബവും സൗജന്യമായി നിർവ്വഹിച്ച് നൽകിയതാണെന്നും മേൽ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ്, പദ്ധതി എന്നിവ തയ്യാറാക്കി മേൽ പ്രവൃത്തിയുടെ തുക മാറിയെടുക്കുന്നതിന് ഒരു കരാറുകാരന്റെ സഹായത്തോടെ മുനിസിപ്പൽ എഞ്ചിനീയർ ശ്രമിക്കുന്നുണ്ടെന്നും പരാതിയിൽ ആരോപിച്ചിട്ടുണ്ട്. എന്നാൽ സൈറ്റ് പരിശോധനയിൽ നഗരസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഓവർസിയർ ശ്രീ.സജുരാജ്, മേൽ പ്രവൃത്തി ആരും സൗജന്യമായി നിർവ്വഹിച്ചതല്ലെന്നും ഉദ്ഘാടനം നിർവ്വഹിക്കുന്നതിന് വേണ്ടി നഗരസഭയിലെ ഒരു കരാറുകാരനെ പ്രവൃത്തി ഏൽപ്പിച്ചതാണെന്നും ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട് . എന്നാൽ സ്ഥാപനത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മേൽ കമ്മ്യൂണിറ്റി ഹാളിൽ വെച്ച് യാതൊരുവിധ സ്വകാര്യ പരിപാടികളും നടന്നിട്ടില്ലെന്നും പ്രവൃത്തി; നടപടിക്രമങ്ങൾ മറികടന്നുകൊണ്ട് അടിയന്തിരമായി നിർവ്വഹിക്കേണ്ട യാതൊരു സാഹചര്യവും നിലവിലുണ്ടായിരുന്നില്ലെന്നും ഓഡിറ്റിന് വ്യക്തമായിട്ടുണ്ട്. മേൽ പ്രവൃത്തി ഏതെങ്കിലും പ്രോജക്ടുമായി ബന്ധപ്പെട്ടതാണെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന്

ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണ കുറിപ്പ് നൽകിയിരുന്നെങ്കിലും സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ ക്രമ നമ്പർ ഒന്നാമതായി പരാമർശിച്ച പദ്ധതിയിൽ 484/2019-20 നമ്പർ പ്രോജക്ട്, ചുങ്കം ബീച്ച് റോഡ് പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ.രാമകൃഷ്ണൻ.കെ.പി എന്ന കരാറുകാരന് തന്നെയാണ് 510/2019-20 നമ്പറായുള്ള ബിച്ച് റോഡ് എന്ന പ്രവൃത്തിയും നൽകിയിട്ടുള്ളത്. എന്നാൽ 510/2019-20 നമ്പർ പദ്ധതിയുടെ ടെണ്ടർ പരസ്യം, ടെണ്ടർ ഫോറം, ഭരണാനുമതി എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകളുടെ അഭാവത്തിൽ മേൽ പ്രവൃത്തി ശ്രീ.രാമകൃഷ്ണൻ കെ.പി എന്ന കരാറുകാരന് തന്നെ നൽകുന്നതിനായി ക്രമക്കേട് നടത്തിയിട്ടുണ്ടാവാനുള്ള സാധ്യത ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-37 ഒരു പ്രവൃത്തിക്ക് രണ്ട് പദ്ധതികൾ മുഖേന തുക നൽകി

2019-20 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ബീച്ച് റോഡ് ചുങ്കം, ബീച്ച് റോഡ് എന്നീ പദ്ധതികൾ പ്രകാരം ഒരേ പ്രവൃത്തി രണ്ട് എം ബുക്കിലും രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം & പേര്	484/19-20 ബീച്ച് റോഡ് ചുങ്കം	510/19-20 ബീച്ച് റോഡ്
അടങ്കൽ	700000	300000
ചെലവ്	258883	269994
ടി.എസ് നം	72715/2018-19 Dt.17.07.2018	113135/2018-19 Dt.08.02.2019
എ.എസ് നം	1/1 Dt.14.03.2018	ലഭ്യമല്ല.
ടെണ്ടർ വിശദാംശങ്ങൾ	ഫയലിൽ ലഭ്യമല്ല	ഫയലിൽ ലഭ്യമല്ല
എം ബുക്ക് നം	90/2018-19	151/2018-19
അവസാന അളവ് തിയ്യതി	02.02.2019	28.03.2019

കരാർ നം&തിയ്യതി	84/2018-19 Dt.11.01.2019	182/2018-19 Dt. 07.03.2019
കരാറുകാരൻ	കെ.പി.രാമകൃഷ്ണൻ	കെ.പി.രാമകൃഷ്ണൻ
ബിൽ നം	109/21.01.2020	60/30-07-2019

മേൽ പദ്ധതികൾ പ്രകാരം പ്രവൃത്തി നടത്തിയിട്ടുള്ളത് ഒരേ ചെയിനേജിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

484/19-20 ബീച്ച് റോഡ് ചുങ്കം

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 350 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റോഡിലുള്ള കുഴികൾ അടച്ച് കൊണ്ട് റീ ടാറിംഗ് നടത്താനാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. എം ബുക്കിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത WMM -50.061, Prime Coat- SS1- 415.5 ച.മീ, Tack Coat (RS-1)- 415.5 ച.മീ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം മേൽ എക്സ്ട്രാ ഇനങ്ങളുടെ ആകെ പ്രവൃത്തി മൂല്യം 186647 രൂപയാണ്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ മേൽ ഇനങ്ങളുടെ തുക അനുവദിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള ടാറിംഗ് പ്രവൃത്തിയുടെ ഭാഗമായി 182.6 മീറ്ററിലാണ് Tack Coat ചെയ്തിട്ടുള്ളത് എന്നാൽ Mixed Seal Surfacing ചെയ്തിരിക്കുന്നത് 317 മീറ്റർ നീളത്തിലാണ്. കൂടാതെ 81.81 ചതുരശ്ര മീറ്ററിൽ പോട്ഹോൾ ഫില്ലിംഗും മേൽ ചെയിനേജിൽ നിർവ്വഹിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഐറിഷ് ഡ്രെയിൻ പ്രവൃത്തിക്കുള്ള ഇനങ്ങളും ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് നിർവ്വഹിച്ചിട്ടില്ല.

510/19-20 ബീച്ച് റോഡ്

484/19-20 പദ്ധതി പ്രകാരം ടാറിംഗ് പൂർത്തീകരിച്ച ചെയിനേജിനകത്താണ് പദ്ധതി പ്രകാരം പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് സൈറ്റ് മാപ്പിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാണ്. 28.12.2021 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയെങ്കിലും പ്രവൃത്തി നടത്തിയ റോഡ് തിരിച്ചറിയാൻ സാധിച്ചിട്ടില്ല. എം ബുക്കിലെ അളവ് പ്രകാരം 206.525 ച.മീറ്ററിൽ കുഴിച്ചെടുത്ത് Wmm ചെയ്ത് ഉയർത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 90 മീറ്റർ നീളത്തിൽ Prime Coat- SS1, Tack Coat (RS-1) Mixed Seal Surfacing എന്നിവ ചെയ്തിട്ടുണ്ട്. 510/2019-20 നമ്പർ പദ്ധതി പ്രകാരം Mixed Seal Surfacing ചെയ്തിരിക്കുന്നത് 484/19-20 നമ്പർ പ്രൊജക്ട് പ്രകാരം Mixed Seal Surfacing ചെയ്ത ഭാഗത്ത് തന്നെയാണെന്നത് വ്യക്തമാണ്. കൂടാതെ Wmm ചെയ്തതായി രേഖപ്പെടുത്തിയ ഭാഗം 484/19-20 പദ്ധതി പ്രകാരം 81.81 ചതുരശ്ര മീറ്ററിൽ പോട്ഹോൾ ഫില്ലിംഗ് ചെയ്ത ഭാഗമാകാനും സാധ്യതയുണ്ട്.

ടി.എസിൽ പദ്ധതിയുടെ ഭരണാനുമതിയായി രേഖപ്പെടുത്തിയ തീരുമാനം പുതിയ പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടതല്ലെന്ന് സകർമ്മയിൽ നിന്നും വ്യക്തമാണ്. പ്രവൃത്തി ടെണ്ടർ ചെയ്തതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതിന്റെ വിവരങ്ങൾ, ടെണ്ടർ പരസ്യം ഉൾപ്പെടെയുള്ള ടെണ്ടർ വിശദാംശങ്ങൾ, സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.02.2018 ലെ സ.ഉ.(കൈ) 17/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.8.2 ലെ 3(vi) ൽ പ്രവൃത്തി

പൂർത്തീകരിച്ചതിന് ശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായ ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകാൻ പാടുള്ളതല്ല.

ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവയില്ലാതെയും വാർഡ് സഭയുടെ അംഗീകാരമില്ലാതെയും പ്രവൃത്തികൾ കരാറുകാരന്റെ ഇഷ്ടാനുസരണം നിർവ്വഹിച്ചതിന് ശേഷം കരാറുകാരന് തുക നൽകുന്നതിന് വേണ്ടി പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ നിയമവിരുദ്ധമാണ്. 510/2019-20 നമ്പർ പദ്ധതിയുടെ ചെലവ് തുകയായ 269994 രൂപ നിരാകരിക്കുന്നു.

1-38 പൊതുമരാമത്ത് പ്രവൃത്തികൾ- നടപ്പാക്കിയില്ല

2019-20 വർഷത്തെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത 325 പദ്ധതികളിൽ 89 പദ്ധതികൾ മാത്രമെ നിർവ്വഹണം നടത്തിയിട്ടുള്ളൂ. നടപടി ക്രമങ്ങളിലെ കാലതാമസം, പദ്ധതികളുടെ ആസൂത്രണ-നിർവ്വഹണ ഘട്ടത്തിലുണ്ടായ കാലതാമസം, വർക്കിംഗ് ഗ്രൂപ്പ് – സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ഇടപെടലിലുണ്ടായ വീഴ്ച എന്നിവ കാരണം പൊതുമരാമത്ത് പ്രവൃത്തികൾക്കായി അടങ്കൽ ചെയ്ത തുകയിൽ 112363265 രൂപ സ്ഥാപനത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. അടങ്കൽ ചെയ്ത ഫണ്ടുകൾ പൂർണ്ണമായും സ്ഥാപനത്തിന് ലഭ്യമാവുന്നില്ല എന്ന വസ്തുത പരിഗണിച്ചാൽ പോലും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ടുകളുടെ ആധിക്യം

2019-20 വർഷത്തിൽ 125 സ്പിൽ ഓവർ പദ്ധതികൾ ഉൾപ്പെടെ 325 പദ്ധതികൾ ആസൂത്രണം ചെയ്തതിൽ 89 പദ്ധതികൾ മാത്രമെ സമയ ബന്ധിതമായി നടപ്പാക്കാൻ സാധിച്ചിട്ടുള്ളൂ. എഞ്ചിനീയറിംഗ് വിഭാഗത്തിലെ സാങ്കേതിക വൈദഗ്ധ്യമുള്ള ജീവനക്കാരുടെ മനുഷ്യശേഷിക്ക് ആനുപാതികമായല്ല പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. പുതുതായി ആസൂത്രണം ചെയ്ത 200 പദ്ധതികളിൽ 5 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 125 സ്പിൽ ഓവർ പദ്ധതികളിൽ 84 എണ്ണം മാത്രമാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്.

സാങ്കേതികാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം

2019-20 വർഷത്തെ നടപ്പാക്കാത്ത 236 പദ്ധതികളിൽ 127 പദ്ധതികളിന്മേൽ 2019-20 വർഷത്തിൽ തന്നെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് പോലും പഞ്ചായത്തിന് സാധിച്ചിട്ടില്ല. (ഉദാ- പ്രോജക്ട് നം-139/2020). 2018-19 വർഷത്തിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിന്മേലും സാങ്കേതികാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടായിട്ടുണ്ട്.

ടെണ്ടർ , റീ ടെണ്ടർ നടപടി ക്രമങ്ങളിൽ കാലതാമസം

പദ്ധതികൾക്ക് 31.12.2018 തിയ്യതിയിലാണ് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ പുതിയ പദ്ധതികളിൽ 17.09.2019 തിയ്യതിയിലാണ് ആദ്യ ടെണ്ടർ നടപടികൾ സ്വീകരിച്ചത്. ആദ്യ ടെണ്ടറിൽ മേൽ പരാമർശിച്ച പുതിയ പ്രൊജക്ടുകളിൽ വളരെ കുറഞ്ഞ എണ്ണം മാത്രമെ ഉൾപ്പെടുത്തിയിരുന്നുള്ളൂ.

കരാർ ചമയ്ക്കുന്നതിൽ കാലതാമസം

സെലക്ഷൻ മെമ്മോ നൽകിയ കരാറുകാർ കരാർ ചമക്കുന്നതിൽ കാലതാമസം വരുത്തുന്നതും പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമാകുന്നുണ്ട്. ഉദാ- പ്രൊ നം-

370/2019-20

പൂർത്തീകരണ കാ ലപരിധി സാമ്പത്തിക വർഷാന്ത്യ ം പരിധി പിന്നിടുന്നു .

2019 സെപ്റ്റംബർ മാസത്തിലാണ് ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുള്ളത്, പുതിയ പദ്ധതികളിൽ ഭൂരിഭാഗം പദ്ധതികളിലും കരാർ ചമച്ചത് 2019 ഡിസംബർ മുതൽ 2020 മാർച്ച് വരെയുള്ള കാലയളവിലാണ്. സാങ്കേതിക അനുമതി പത്രിക പ്രകാരം മേൽ പദ്ധതികളുടെ ശരാശരി പൂർത്തീകരണ കാലയളവ് 6 മാസമാണ്. ആയതിനാൽ 2019 ഡിസംബർ മുതൽ ടെണ്ടർ ചെയ്ത പ്രവർത്തികൾ സാമ്പത്തിക വർഷത്തിനകം പൂർത്തീകരിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായി. വർക്കിംഗ് ഗ്രൂപ്പ് നിർവ്വഹണ കലണ്ടർ തയ്യാറാക്കി പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി മോണിറ്റർ ചെയ്യുന്നതിലുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായിട്ടുള്ളത്. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

വൈകി സമർപ്പിച്ചത് മൂലം ബില്ലുകൾ ക്യൂ ബിൽ ആയി .

22.02.2020 മുതൽ 30.03.2020 മുതലുള്ള സമയത്തിനുള്ളിൽ 98 ബില്ലുകളാണ് അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത ബില്ലുകളെല്ലാം തന്നെ ക്യൂ ബിൽ ആവുകയും തത്വത്തിൽ നഗരസഭക്ക് ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്തു. 30.03.2020 തിയ്യതിയിൽ മാത്രമായി 38 ബില്ലുകളാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. ബില്ലുകൾ അവസാന നാളുകളിൽ സമർപ്പിച്ചത് മൂലം ഭൂരിഭാഗം ബില്ലുകളും ക്യൂ ബിൽ ആയി മാറുകയും ആയത് മൂലം നഗരസഭക്ക് ഫണ്ട് നഷ്ടപ്പെടുകയും ചെയ്തിട്ടുണ്ട്.

മേൽ പറഞ്ഞ പ്രകാരമുള്ള നടപടി ക്രമങ്ങളിലെ കാലതാമസം സ്ഥാപനത്തിന് നഷ്ടപ്പെടുത്തിയത് വികസനപ്രവർത്തനങ്ങൾക്കുള്ള ഫണ്ടും വികസനസാധ്യതയുള്ള ഒരു വർഷവുമാണ്. മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ്, പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ചുമതലാപരമായ വീഴ്ച കാലതാമസത്തിന് കാരണമായിട്ടുണ്ട്. അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. 29.12.2021 എക്സിറ്റ് മീറ്റിംഗിൽ ജീവനക്കാരുടെ കുറവും ക്യൂ ബില്ലുകൾ ആയി മാറിയതുമാണ് ചെലവ് കുറഞ്ഞതിന് കാരണമെന്ന് വൈസ് ചെയർമാൻ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മേൽ വസ്തുത ഓഡിറ്റ് അംഗീകരിക്കുന്നുവെങ്കിലും പ്രൊജക്ടുകളുടെ ആധിക്യവും (വാർഡ് തലത്തിലുള്ള ഫണ്ട് വീതം വെക്കലിന്റെ ഭാഗമായി ഭൂരിഭാഗം റോഡ് ആസ്തികളുടെയും മെയിന്റനൻസ് ഭാഗികമായി മാത്രമെ നിർവ്വഹിക്കപ്പെടുന്നുള്ളൂ, ഇത് മൂലം ആസ്തികളുടെ മെയിന്റനൻസ് ഭാഗികമായി മാത്രം നിർവ്വഹിക്കപ്പെടുകയും റോഡ് പൂർണ്ണമായും ഉപയോഗ പ്രദമാക്കുന്നതിനുള്ള സാഹചര്യം ഇല്ലാതാക്കുകയും ചെയ്യുന്നു. സ്ഥാപനത്തിന് 2019-20 വർഷത്തിൽ ഒരു മെയിന്റനൻസ് പ്ലാൻ ഇല്ലായിരുന്നതും വീഴ്ചക്ക് കാരണമായിട്ടുണ്ട്.) ആസൂത്രണത്തിലെ പിഴവും (2018-19 വർഷത്തിൽ ആസൂത്രണം ചെയ്തതും 2019-20 വർഷത്തിൽ സ്പിൽ ഓവറായി തുടർന്നതുമായ 125 പ്രോജക്ടുകളിൽ 41 പദ്ധതികൾ 2 വർഷത്തെ നിർവ്വഹണ സമയം ലഭ്യമായിരുന്നിട്ടും പൂർത്തീകരിക്കാനാവാത്ത സാഹചര്യം മേൽ പദ്ധതികളുടെ അനിവാര്യത, മുൻഗണന എന്നിവ ചോദ്യം ചെയ്യുന്നു) മോണിറ്ററിംഗ് ചുമതലാ നിർവ്വഹത്തിലുണ്ടായ വീഴ്ചയുമാണ് (പദ്ധതികൾക്ക് നിർവ്വഹണ കലണ്ടർ തയ്യാറാക്കി പ്രവൃത്തി പുരോഗതി നിരീക്ഷിക്കുന്നതിൽ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി വീഴ്ച വരുത്തിയിട്ടുണ്ട്) ഫണ്ട് നഷ്ടപ്പെട്ടതിന്റെ പ്രധാന കാരണങ്ങൾ. അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിച്ച് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -2

2-1 മൽസ്യ മാർക്കറ്റ് കംഫർട് സ്റ്റേഷൻ ലേലം ചെയ്തതിലെ അപാകത

15.03.19ന് നടന്ന മൽസ്യ മാർക്കറ്റ് കംഫർട് സ്റ്റേഷൻ ലേലം 38000 രൂപയ്ക്ക് വി കെ സുധാകരൻ ഏറ്റെടുക്കുകയും 18000 രൂപ 15.03.2019ന് ഒടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി 20000 രൂപ അദ്ദേഹം നഗരസഭയിൽ അടച്ചിട്ടില്ല. എന്നാൽ ഏപ്രിൽ 12 മുതൽ സെപ്റ്റിക് ടാങ്ക് നിറഞ്ഞ കാരണത്താൽ കംഫർട് സ്റ്റേഷൻ അടച്ചിട്ടിരിക്കുകയാണെന്ന് 20.4.19ന്ന ശ്രീ സുധാകരൻ കത്ത് മുഖേന നഗരസഭയെ അറിയിച്ചിട്ടുണ്ട്. കൂടാതെ കക്കൂസിന്റെ വാതിലുകൾ പൊളിഞ്ഞുപോയ സ്ഥിതിയിൽ ആണെന്നും ജനങ്ങളുടെ സ്വകാര്യതയെ ഹനിക്കുന്ന തരത്തിൽ ആയതിനാൽ ഉപയോഗ ശൂന്യമാണെന്നും അറിയിച്ചിട്ടുണ്ട് .

കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 325 പ്രകാരം ഏതൊരു കക്കൂസും അത് ഉപയോഗിക്കുന്ന ആൾക്ക് സ്വകാര്യത നൽകുന്ന വിധത്തിൽ ഉള്ളതും അതിന്റെ സമീപത്തുകൂടി കടന്നു പോകുന്നവർക്കോ, സമീപത്തു താമസിക്കുന്നവർക്കോ മാലിന്യങ്ങൾ കാഴ്ചയിൽ പെടാത്ത വിധത്തിലുള്ളതും, അതിനു അടപ്പുള്ള ലീച്ച് പിറ്റ് അല്ലെങ്കിൽ സെപ്റ്റിക് ടാങ്ക് അല്ലെങ്കിൽ ഡ്രൈനേജ് സംവിധാനം ഉണ്ടായിരിക്കേണ്ടതുമാണ്. ഇക്കാര്യങ്ങൾ ഉറപ്പാക്കാതെയാണ് ലേല നടപടികൾ സ്വീകരിച്ചിരിക്കുന്നത്. ലേലത്തിന് വിട്ടുകൊടുക്കുന്നതിനു മുൻപ് കംഫർട്ട് സ്റ്റേഷന്റെ നിജസ്ഥിതി വിലയിരുത്തപ്പെട്ടിട്ടില്ല. ഈ കാരണത്താൽ ജനങ്ങൾക്ക് കംഫർട് സ്റ്റേഷൻ ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യം ഉണ്ടാവുകയും നഗരസഭയ്ക്ക് വരവിനത്തിൽ നഷ്ടം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ചുമതലാ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതു കാരണം വരവിനത്തിൽ നഷ്ടപ്പെട്ട 20000 രൂപ ഓഡിറ്റ് കാലയളവിൽചുമതല വഹിച്ച ഉത്തരവാദികളായ സെക്രട്ടറിമാരിൽ നിന്നും തിരികെ ഈടാക്കി നഗരസഭ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

2-2 രസീത് മുഖേനയുള്ള പണം പിരിവ് - മേൽനോട്ടം കാര്യക്ഷമമല്ല

രസീത് മുഖേനയുള്ള പണം പിരിവ്, ഒടുക്ക് എന്നിവ പരിശോധിച്ചതിൽ മേൽനോട്ടചുമതലയുള്ള ഉദ്യോഗസ്ഥർ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു.പിരിച്ചെടുത്ത പണം നഗരസഭയിൽ ഒടുക്കിയതിൽ വീഴ്ച വരുത്തിയ, ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട കേസുകൾ താഴെ കൊടുക്കുന്നു.

1)വെറ്ററിനറി സർജന്റെ 25.06.20 ലെ 16537-16539രസീതുകളിൽ 1240 രൂപ വീതം 3720 രൂപ ഈടാക്കിയിട്ടുണ്ട് .എന്നാൽ ഈ തുക അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2)എസ്.സി.ഡി.ഒ യുടെ 30.9.21 തിയ്യതിയിലെ രസീത് ബുക്ക് നമ്പർ 114ലെ 11310-17 രസീതുകളിൽ6440രൂപ പിരിച്ചെടുത്തിട്ടുണ്ട് . ആയത് ഓഡിറ്റ് പരിശോധന വേളയിൽ അടവാക്കിയിട്ടില്ല എന്ന് ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് 23.12.21തിയ്യതിയിലാണ് അടവാക്കിയത്. ഈടാക്കിയ തുക 83ദിവസത്തോളം നിർവഹണോദ്യോഗസ്ഥൻ കൈവശം വച്ചതായി കാണുന്നു .

3)ഹെൽത്ത് ഇൻസ്പെക്ടർ നിർവഹണം നടത്തിയ ബയോബിന് പദ്ധതിയുടെ ഗുണഭോക്തൃ വിഹിതം (രസീത് ബുക്ക് നമ്പർ 262) ഒടുക്കിയതിലുള്ള കുറവ് താഴെ കൊടുക്കുന്നു.

രസീത് നമ്പർ/തിയ്യതി	ഈടാക്കിയ തുക	ഒടുക്കിയ തുക	കുറവ്

26146-26148 /25.11.20, 10.2.21, 16.2.21	450	300	150
26149-89/27.7.21	6150	6000	150

ക്രമനമ്പർ 1,3 എന്നിവ പ്രകാരമുള്ള 4020രൂപ (3720+300)നഗരസഭ ഫണ്ടിൽ ഒടുക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രസീത് ബുക്കുകളിൽ സർട്ടിഫിക്കറ്റ് ഓഫ് കൌണ്ട് രേഖപ്പെടുത്തിയിട്ടില്ല. രസീത് പുസ്തകങ്ങൾക്കായി പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 4020 രൂപ നിയമാനുസൃത പലിശ സഹിതം നഗരസഭാഫണ്ടിൽ തിരികെ ഒടുക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഭാഗം -3

3-1 കുടിവെള്ള വിതരണം:തുക അധികം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെൽത്ത് ഇൻസ്പെക്ടർ

പ്രോജക്ട് നമ്പർ : 354/20

പ്രോജക്ട് : കുടിവെള്ള വിതരണം ടാങ്കറിൽ

ബിൽ നമ്പർ : 5/11-06-2019

ബിൽ തുക : 614,180

2019-20 വർഷത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ലിറ്ററിന് 0.17 രൂപ നിരക്കിൽ കുടിവെള്ളം വിതരണം ചെയ്യാൻ കോൺട്രാക്ടർ ബിജേഷ്.പി.ആർ ന് ഏൽപ്പിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 3,614,000 ലിറ്റർ വെള്ളം വിതരണം നടത്തിയതിന് 0.17 നിരക്കിൽ മേൽ ബിൽ പ്രകാരം 614,180/-രൂപ കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. 27-03-2019 മുതൽ 22-04-2019 വരെ 1, 2, 3, 4, 5, 6, 7, 8, 9, 11, 13, 14, 19, 20, 21, 22, 23, 24, 25, 26, 27, 28, 30, 31, 32, 33, 34, 35, 36, 37, 44 എന്നീ 31 വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തതിന് കോൺട്രാക്ടർ ഹാജരാക്കിയ ട്രിപ് ഷീറ്റിന്റേയും വാർഡ് കൗൺസിലർമാർ നൽകിയ സാക്ഷ്യപത്രത്തിന്റേയും അടിസ്ഥാനത്തിലാണ് തുക നൽകിയിരിക്കുന്നത്. 6, 24, 28, 44 എന്നീ 4 വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

എ) കൗൺസിലർമാരുടെ സാക്ഷ്യപത്രം പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

	വാർഡ് നമ്പർ	കൗൺസിലർമാരുടെ സാക്ഷ്യപത്രം പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് (ലിറ്റർ)
1	1	78,000
2	2	21,000

3	3	134,000
4	4	583,000
5	5	14,000
6	7	110,000
7	8	212,000
8	9	18,000
9	11	58,000
10	13	84,000
11	14	25,000
12	19	40,000
13	20	25,000
14	21	99,000
15	22	204,000
16	23	95,000
17	25	130,000
18	26	318,000
19	27	304,000
20	30	55,000
21	31	37,000
22	32	34,000
23	33	96,000
24	34	50,000
25	35	48,000
26	36	38,000
27	37	13,000
ആകെ		2,923,000

ബി) വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത 4 വാർഡുകളുടെ കാര്യത്തിൽ ട്രിപ് ഷീറ്റ് പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് താഴെ കൊടുക്കുന്നു.

	വാർഡ്	വിതരണം ചെയ്ത തിയ്യതി	ട്രിപ് ഷീറ്റ് പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവ് (ലിറ്റർ)	ട്രിപ്പ്	വാർഡിൽ ആകെ
1	6	23-03-2019	5,000	5,000ലിറ്ററിന്റെ 1	5,000

				ട്രിപ്പ്	
2	24	28-03-2019	35,000	5,000 ലിറ്ററിന്റെ 7 ട്രിപ്പ്	275,000
		29-03-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
		02-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		04-04-2019	30,000	5,000 ലിറ്ററിന്റെ 6 ട്രിപ്പ്	
		05-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		07-04-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
		08-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		11-04-2019	20,000	5,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		12-04-2019	20,000	5,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		15-04-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
		16-04-2019	10,000	5,000 ലിറ്ററിന്റെ 2 ട്രിപ്പ്	
		17-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		19-04-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
		20-04-2019	10,000	5,000 ലിറ്ററിന്റെ 2 ട്രിപ്പ്	
		21-04-2019	5,000	5,000 ലിറ്ററിന്റെ1 ട്രിപ്പ്	
		22-04-2019	25,000	5,000 ലിറ്ററിന്റെ 5 ട്രിപ്പ്	
3	28	27-03-2019	5,000	5,000 ലിറ്ററിന്റെ 1ട്രിപ്പ്	95,000

		28-03-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		29-03-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		31-03-2019	5,000	5,000 ലിറ്ററിന്റെ 1ട്രിപ്പ്	
		02-04-2019	5,000	5,000 ലിറ്ററിന്റെ 1ട്രിപ്പ്	
		07-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		10-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		11-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		12-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		13-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		14-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		16-04-2019	10,000	5,000 ലിറ്ററിന്റെ 2 ട്രിപ്പ്	
		17-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		18-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		19-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		21-04-2019	10,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
		22-04-2019	5,000	5,000 ലിറ്ററിന്റെ 1 ട്രിപ്പ്	
4	44	27-03-2019	8,000	4,000 ലിറ്ററിന്റെ 2 ട്രിപ്പ്	
		28-03-2019	4,000	4,000 ലിറ്ററിന്റെ 1 ട്രിപ്പ്	160,000
		29-03-2019	8,000	4,000 ലിറ്ററിന്റെ	

				2 ട്രിപ്പ്	
		02-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		04-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		06-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		08-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		10-04-2019	12,000	4,000 ലിറ്ററിന്റെ 3 ട്രിപ്പ്	
		12-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		14-04-2019	12,000	4,000 ലിറ്ററിന്റെ 3 ട്രിപ്പ്	
		17-04-2019	16,000	4,000 ലിറ്ററിന്റെ 4 ട്രിപ്പ്	
		19-04-2019	8,000	4,000 ലിറ്ററിന്റെ 2 ട്രിപ്പ്	
		21-04-2019	12,000	4,000 ലിറ്ററിന്റെ 3 ട്രിപ്പ്	
ആകെ			5,35,000		5,35,000

മേൽ കാണിച്ചതിൻ പ്രകാരം കൗൺസിലർമാരുടെ സാക്ഷ്യപത്രം പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവും വാർഡ് കൗൺസിലർമാരുടെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ലാത്ത 4 വാർഡുകളുടെ കാര്യത്തിൽ ട്രിപ് ഷീറ്റ് പ്രകാരം വിതരണം ചെയ്ത കുടിവെള്ളത്തിന്റെ അളവും കൂട്ടിയാൽ ആകെ 3,458,000 (2,923,000+535,000) ലിറ്റർ വെള്ളമാണ് 27-03-2019 മുതൽ 22-04-2019 വരെ വിവിധ വാർഡുകളിൽ വിതരണം ചെയ്തത്. എന്നാൽ 3,614,000ലിറ്റർ വെള്ളം വിതരണം നടത്തിയതിന് 0.17 നിരക്കിൽ മേൽ ബിൽ പ്രകാരം 614,180/- രൂപ കോൺട്രാക്ടർക്ക് നൽകിയത്. 156,000 ലിറ്റർ വെള്ളത്തിന്റെ പണം ആധികമായി കോൺട്രാക്ടർക്ക് നൽകിയിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

3-2 ഒരു പ്രവൃത്തിക്ക് രണ്ട് പദ്ധതികൾ മുഖേന തുക നൽകി

2019-20 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ബീച്ച് റോഡ് ചുങ്കം, ബീച്ച് റോഡ് എന്നീ പദ്ധതികൾ പ്രകാരം ഒരേ പ്രവൃത്തി രണ്ട് എം ബുക്കിലും രേഖപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം & പേര്	484/19-20 ബീച്ച് റോഡ് ചുങ്കം	510/19-20 ബീച്ച് റോഡ്
അടങ്കൽ	700000	300000
ചെലവ്	258883	269994
ടി.എസ് നം	72715/2018-19 Dt.17.07.2018	113135/2018-19 Dt.08.02.2019
എ.എസ് നം	1/1 Dt.14.03.2018	ലഭ്യമല്ല.
ടെണ്ടർ വിശദാംശങ്ങൾ	ഫയലിൽ ലഭ്യമല്ല	ഫയലിൽ ലഭ്യമല്ല
എം ബുക്ക് നം	90/2018-19	151/2018-19

അവസാന അളവ് തിയ്യതി	02.02.2019	28.03.2019
കരാർ നം&തിയ്യതി	84/2018-19 Dt.11.01.2019	182/2018-19 Dt. 07.03.2019
കരാറുകാരൻ	കെ.പി.രാമകൃഷ്ണൻ	കെ.പി.രാമകൃഷ്ണൻ
ബിൽ നം	109/21.01.2020	60/30-07-2019

മേൽ പദ്ധതികൾ പ്രകാരം പ്രവൃത്തി നടത്തിയിട്ടുള്ളത് ഒരേ ചെയിനേജിലാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

484/19-20

ബീച്ച് റോഡ് ചുങ്കം

മേൽ പദ്ധതിയുടെ എസ്റ്റിമേറ്റ് പ്രകാരം 350 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റോഡിലുള്ള കുഴികൾ അടച്ച് കൊണ്ട് റീ ടാറിംഗ് നടത്താനാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. എം ബുക്കിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത WMM -50.061, Prime Coat- SS1- 415.5 ച.മീ, Tack Coat (RS-1)- 415.5 ച.മീ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എം ബുക്കിലെ രേഖപ്പെടുത്തൽ പ്രകാരം മേൽ എക്സ്ട്രാ ഇനങ്ങളുടെ ആകെ പ്രവൃത്തി മൂല്യം 186647 രൂപയാണ്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ മേൽ ഇനങ്ങളുടെ തുക അനുവദിച്ചിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള ടാറിംഗ് പ്രവൃത്തിയുടെ ഭാഗമായി 182.6 മീറ്ററിലാണ് Tack Coat ചെയ്തിട്ടുള്ളത് എന്നാൽ Mixed Seal Surfacing ചെയ്തിരിക്കുന്നത് 317 മീറ്റർ നീളത്തിലാണ്. കൂടാതെ 81.81 ചതുരശ്ര മീറ്ററിൽ പോട്ഹോൾ ഫില്ലിംഗും മേൽ ചെയിനേജിൽ നിർവ്വഹിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം ഐറിഷ് ഡ്രെയിൻ പ്രവൃത്തിക്കുള്ള ഇനങ്ങളും ഉൾപ്പെടുത്തിയിരുന്നെങ്കിലും ആയത് നിർവ്വഹിച്ചിട്ടില്ല.

510/19-20

ബീച്ച് റോഡ്

484/19-20 പദ്ധതി പ്രകാരം ടാറിംഗ് പൂർത്തീകരിച്ച ചെയിനേജിനകത്താണ് പദ്ധതി പ്രകാരം പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് സൈറ്റ് മാപ്പിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാണ്. 28.12.2021 തിയ്യതിയിൽ സ്ഥല പരിശോധന നടത്തിയെങ്കിലും പ്രവൃത്തി നടത്തിയ റോഡ് തിരിച്ചറിയാൻ സാധിച്ചിട്ടില്ല. എം ബുക്കിലെ അളവ് പ്രകാരം 206.525 ച.മീറ്ററിൽ കുഴിച്ചെടുത്ത് Wmm ചെയ്ത് ഉയർത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. 90 മീറ്റർ നീളത്തിൽ Prime Coat- SS1, Tack Coat (RS-1) Mixed Seal Surfacing എന്നിവ ചെയ്തിട്ടുണ്ട്. 510/2019-20 നമ്പർ പദ്ധതി പ്രകാരം Mixed Seal Surfacing ചെയ്തിരിക്കുന്നത് 484/19-20 നമ്പർ പ്രൊജക്റ്റ് പ്രകാരം Mixed Seal Surfacing ചെയ്ത ഭാഗത്ത് തന്നെയാണെന്നത് വ്യക്തമാണ്. കൂടാതെ Wmm ചെയ്തതായി രേഖപ്പെടുത്തിയ ഭാഗം 484/19-20 പദ്ധതി പ്രകാരം 81.81 ചതുരശ്ര മീറ്ററിൽ പോട്ഹോൾ ഫില്ലിംഗ് ചെയ്ത ഭാഗമാകാനും സാധ്യതയുണ്ട്. താഴെ ചേർത്ത ചിത്രങ്ങൾ കാണുക.





ടി.എസിൽ പദ്ധതിയുടെ ഭരണാനുമതിയായി രേഖപ്പെടുത്തിയ തീരുമാനം പുതിയ പദ്ധതി രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ടതല്ലെന്ന് സകർമ്മയിൽ നിന്നും വ്യക്തമാണ്. പ്രവൃത്തി ടെണ്ടർ ചെയ്തതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ പദ്ധതിക്ക് ഭരണാനുമതി ലഭിച്ചതിന്റെ വിവരങ്ങൾ, ടെണ്ടർ പരസ്യം ഉൾപ്പെടെയുള്ള ടെണ്ടർ വിശദാംശങ്ങൾ, സമർപ്പിക്കപ്പെട്ട ടെണ്ടറുകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.02.2018 ലെ സ.ഉ.(കൈ) 17/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരമുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 3.8.2 ലെ 3(vi) ൽ പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷമോ, നിർവ്വഹണത്തിൽ വളരെയേറെ പുരോഗതി ഉണ്ടായ ശേഷമോ സമർപ്പിക്കുന്ന റിവൈസ്ഡ് എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകാൻ പാടുള്ളതല്ല.

ഭരണാനുമതി, സാങ്കേതിക അനുമതി എന്നിവയില്ലാതെയും വാർഡ് സഭയുടെ അംഗീകാരമില്ലാതെയും പ്രവൃത്തികൾ കരാറുകാരന്റെ ഇഷ്ടാനുസരണം നിർവ്വഹിച്ചതിന് ശേഷം കരാറുകാരന് തുക നൽകുന്നതിന് വേണ്ടി പദ്ധതികൾ രൂപീകരിക്കുന്ന പ്രക്രിയ നിയമവിരുദ്ധമാണ്. 510/2019-20 നമ്പർ പദ്ധതിയുടെ ചെലവ് തുകയായ 269994 രൂപ നിരാകരിക്കുന്നു.

ഭാഗം -4

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി

2019-20	13.12.2021 മുതൽ 29.12.2021 വരെ	ഈ റിപ്പോർട്ടിനൊപ്പം പുറപ്പെടുവിച്ചു.

4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സ്ഥാപനം	വർഷം	നിക്ഷേപിച്ച തുക	ചെലവഴിച്ച തുക	ബാക്കി	റിമാർക്സ്
കെ.എസ്.ഇ.ബി	2019-20	157962	157962	0	-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

1)ഹഡ്കോ

മുന്നിരിപ്പ്	8,160,000
ഓഡിറ്റ് വർഷത്തെ വരവ്	8,44,40,000
ആകെ	9,26,00,000
ഓഡിറ്റ് വർഷത്തെ തിരിച്ചടവ്	99,20,000
നീക്കിയിരിപ്പ്	8,26,80,000

2)KURDFC

മുന്നിരിപ്പ്	90,37,728
ഓഡിറ്റ് വർഷത്തെ വരവ്	17,49,513
ആകെ	1,07,87,241
ഓഡിറ്റ് വർഷത്തെ തിരിച്ചടവ്	21,41,809
നീക്കിയിരിപ്പ്	86,45,432

4-6 സ്ഥിര നിക്ഷേപം

മുന്നിരിപ്പ്	16,000
ഓഡിറ്റ് വർഷത്തെ നിക്ഷേപം	----
ആകെ	16,000
ഓഡിറ്റ് വർഷത്തെ പിൻവലിക്കൽ	-----
നീക്കിയിരിപ്പ്	16,000

നീക്കിയിരിപ്പിന്റെ വിശദാംശം

നിക്ഷേപത്തിന്റെ വിശദാംശം	തുക
KURDFCഷെയർ സർട്ടിഫിക്കറ്റ് 150എണ്ണം @100/-	15,000
മലബാർ സ്പിന്നിംഗ് മിൽ ഷെയർ സർട്ടിഫിക്കറ്റ് 1 എണ്ണം @ 1000/-	1,000

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

1997-98	28	1998	VIII.2(8)	കരാറുകാരന് അനധികൃതമായി മുൻകൂർ പണം നൽകി	നില നിൽക്കുന്നു
1997-98 ചെലവ്	15	1999	IV9(a)	പട്ടിക ജാതിക്കാർക്ക് സി.എഫ്. ലാമ്പ് വിതരണം നടത്തിയതിലെ അപാകത	
-ടി-	14(3)	1999	IV 9 (B)	കൈതോലകൃഷി പരാജയം	
-ടി-	14(4)	1999	IV 9(c)	മത്സ്യത്തൊഴിലാളികൾക്ക് വള്ളം, വല എന്നിവ വിതരണം ചെയ്തതിൽ ക്രമക്കേട്	
1998-99	13	1999-00	നഗരപാലികാ സ്ഥാപനങ്ങൾ ((A)	വാഴകൃഷി വികസനം	
-ടി-	15	1999-00	നഗരപാലികാ സ്ഥാപനങ്ങൾ ((B)	കോതമംഗലം ജി.എൽ. പി.എസ്. അറ്റകുറ്റപ്പണി	
1998-99		2000-01	14(a)	മുനിസിപ്പൽ മാർക്കറ്റ് നിർമ്മാണം - ദുർവിനിയോഗം മൂലമുണ്ടായ നഷ്ടം	
2000-01	15	2004-05	10.1	ഷ്രിങ്കേജ് കുറച്ചില്ല. 1.3 ലക്ഷം നഷ്ടം.	
1997-98 മുതൽ 2001-02 വരെ കുടുംബശ്രീ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഓഡിറ്റ് റിപ്പോർട്ട്.	11(1),11(2)	2005-06	20.1	ചേരി പരിഷ്കരണ പദ്ധതിയിൽ കരാർ പണി.	
	12	2005-06	20.2	ചേരിപരിഷ്കരണ ഫണ്ട് - അനുപാതം ലംഘിച്ചു.	
	20	2005-06	20.3	എൻ.എസ്. ഡി.പി. ഭവനവായ്പ 5.8 ലക്ഷം കുടിശ്ശിക	
1997-98	17	2005-06	2.70.3.3(69)	കമ്പ്യൂട്ടർ പരിശീലനം	
1997-98	17	2005-06	2.70.3.3(69)	ബ്യൂട്ടീഷൻ പരിശീലനം	
2000-01	28	2005-06	2.70.10.8 (75)	വെള്ളക്കരം വസൂൽ കൈമാറ്റ തീരുവ.	
2007-08	3-5	2010-11	2.14 (52)	ഡെപ്പോസിറ്റ് വർക്ക്- കാലതാമസം	

-	-	2013-14	6.2.3(185)	ലൈസൻസ് ഫീ കുടിശ്ശിക.	
2012-13	-	2014-15	2.1.11(10)	ഓ.റി. ചർച്ച ചെയ്യുന്നില്ല.	
2012-13	-	2014-15	2.1.11(11)	ഓ.റി. പ്രഥമ മറുപടി സമർപ്പിക്കു ന്നതിൽ വീഴ്ച	
സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്		2017-18	2.6.4 അനുബന്ധം-3	ഡെപ്പോസിറ്റ് പ്രവൃത്തികൾ	
സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്		207-18	2.6.4 അനുബന്ധം-5	ഡെപ്പോസിറ്റ് പ്രവൃത്തികൾ	
സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്		2017-81	2.6.4 അനുബന്ധം-6	ഡെപ്പോസിറ്റ് പ്രവൃത്തികൾ	
സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട്			2.6.4 അനുബന്ധം-3	ഡെപ്പോസിറ്റ് പ്രവൃത്തികൾ	

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഖ. നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക/ ബാധ്യത	റിമാർക്ക്സ്
				നമ്പരും തീയതിയും	തുക			ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13
1	1996-97	14	ശ്രീ.ജോണി സെബാസ്റ്റ്യൻ സെക്രട്ടറി	എൽ.എഫ് 4144/സ്പെ. സെൽ/ എസ്. സി14/ 2000/ 22.04.02, 14.05.02	2368/-		-	-	-	-	-	ബഹു. കോഴിക്കോട് ജില്ലാ കോടതിയുടെ 221/ 2002 തി. 28.03.06 വിധി പ്രകാരം റദ്ദാക്കി
2	2000-01	21	ശ്രീ.ഇ.സി ജോർജ്	എൽ. എഫ് 14289/ സ്പെ. സെൽ/ എസ്. സി14/06/ 13.01.09	8470/-	100416/ 23.04.18						

3	2008-09	3-25	ശ്രീ.രാധാ കൃഷ്ണൻ എം.ഇ	എൽ.എഫ് 14264/സ്പെ. സെൽ/ എസ്. സി/സി. എസ്സ്.സി/ എ2/2012/ 23.09.2014	27863/-	100480/ 25.04.18							

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	8,98,22,919
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	9,09,26,379
വരവിനങ്ങളിലുള്ള നഷ്ടം	24,020
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	2,96,514
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	14,83,755

(ബി) നഗരസഭ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
2-1	10,000	-	ഐറിൻ സോളമൻ
	10,000	-	സുരേഷ്കുമാർ.എൻ സെക്രട്ടറി
2-2	4020	-	സുരേഷ്കുമാർ.എൻ സെക്രട്ടറി

3-1	-	26520	രമേശൻ കെ.പി, ഹെൽത്ത് ഓഫീസർ
3-2	-	269994	മനോജ്കുമാർ.എം, മുനിസിപ്പൽ എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും
1-20	3,57,000	സുരേഷ്കുമാർ എൻ, സെക്രട്ടറി
1-26	9,000	സുരേഷ്കുമാർ എൻ, സെക്രട്ടറി
1-27	19,655	രമേശൻ കെ.പി, ഹെൽത്ത് ഓഫീസർ
1-30	98,700	മനോജ്കുമാർ എം, മുനിസിപ്പൽ എഞ്ചിനീയര്
1-35	9,99,400	മനോജ്കുമാർ എം, മുനിസിപ്പൽ എഞ്ചിനീയർ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന	സ്ഥിരം മേൽവിലം

	സമയത്തെ) ഔദ്യോഗിക മേൽവിലാസം	
സുരേഷ്കുമാർ.എൻ, സെക്രട്ടറി	സെക്രട്ടറി, കൊയിലാണ്ടി നഗരസഭ	നിരയിലാത്ത്, തിന്നൂർ, പി.ഒ.കക്കട്ട്, ഫോൺ- 9074538131
രമേശൻ കെ.പി, ഹെൽത്ത് ഓഫീസർ	ഹെൽത്ത് ഓഫീസർ, കൊയിലാണ്ടി നഗരസഭ	കുനിയിൽ പറമ്പിൽ ഹൗസ്, പി.ഒ-പേരാമ്പ്ര, കോഴിക്കോട് ജില്ല, ഫോൺ - 9846449914
മനോജ്കുമാർ എം, മുനിസിപ്പൽ എഞ്ചിനീയർ	അസി.എഞ്ചിനീയർ, കടലുണ്ടി ഗ്രാമ പഞ്ചായത്ത്	അനുപമ, മാണിക്കാം വീട്ടിൽ, ചേവായൂർ, കോഴിക്കോട്, ഫോൺ- 7736518033

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ

		എണ്ണം
1971-72	എൽ.എഫ്.കെ.കെ.ഡി.പി4/630/ 87/20.5.1987	9
1972-73	എൽ.എഫ്.കെ.കെ.ഡി.പി4/631/ 87/20.5.1987	7
1974-75, 75-76	എൽ.എഫ്.കെ.കെ.ഡി.പി4/632/ 87/20.5.1987	7
1976-77	എൽ.എഫ്.കെ.കെ.ഡി.പി4/633/ 87/20.5.1987	4
1977-78, 79-80	എൽ.എഫ്.കെ.കെ.ഡി.പി4/635/ 87/20.5.1987	13
1980-81	എൽ.എഫ്.കെ.കെ.ഡി.പി4/636/ 87/20.5.1987	24
1981-82	എൽ.എഫ്.കെ.കെ.ഡി.പി4/638/ 87/20.5.1987	20
1982-83	എൽ.എഫ്.കെ.കെ.ഡി.പി1/92/ 97/3.1.1997	5
1983-84	എൽ.എഫ്.കെ.കെ.ഡി.പി1/304/ 97/23.12.1998	38
1984-85	എൽ.എഫ്.കെ.കെ.ഡി.പി6/1451/ 89/1.6.1990	38
1985-86	എൽ.എഫ്.കെ.കെ.ഡി.പി4/352/ 92/13.7.1993	19
1987-88	എൽ.എഫ്.കെ.കെ.ഡി.പി4/351/ 92/13.7.1993	15
1988-89	എൽ.എഫ്.കെ.കെ.ഡി.എസ്.2/2701/94/ 10.10.1994	17
1989-90	എൽ.എഫ്.കെ.കെ.ഡി.എസ്.2/2704/94/ 10.10.1994	27
1990-91	എൽ.എഫ്.കെ.കെ.ഡി.എസ്.2/341/95/ 6.1.1995	27
1991-92, 92-93	എൽ.എഫ്.കെ.കെ.ഡി.എസ്.2/142/96/ 3.4.1996	41
1993-94, 94-95	എൽ.എഫ്.കെ.കെ.ഡി.എം.1/2/98/ 7.6.1999	10
1995-96	എൽ.എഫ്.കെ.കെ.ഡി.എം.1/360/00/	22

	16.6.2000	
1996-97	എൽ.എഫ്.കെ.കെ.ഡി.എം.1/152/97/ 7.8.1999	5
1997-98	എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001	12
1998-99ഖണ്ഡിക	എൽ.എഫ്.കെ.കെ.ഡി.എം.1/806/00/ 9.3.2001	5
1999-2000 ചെലവ്	എൽ.എഫ്.കെ.കെ.ഡി.എം.1/808/00/ 9.3.2001	18
1999-00 ഡി.സി.ബി.	എൽ.എഫ്.കെ.കെ.ഡി.എം.1/940/01/ 13.11.2001	8
2000-01	എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014	13
2000-01 (ചെലവ്)	എൽ.എഫ്.കെ.കെ.ഡി.പി8/1513/13 തീ.26.8.2014	12
1997-98 മുതൽ 2001-02 വരെ കുടുംബശ്രീ.	എൽ.എഫ്.കെ.കെ.ഡി.എം.1/1441/05 13.4.2005	2
2001-02	എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013	2
2001-02	എൽ.എഫ്.കെ.കെ.ഡി.പി8/1682/12 തീ.24.5.2013	2
2002-03	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(2)തീ.26.8.2014	8
2003-04	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(3)തീ.26.8.2014	24
2004-05	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(4)തീ.26.8.2014	19
2005-06	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(5)തീ.26.8.2014	7
2006-07	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(6)തീ.26.8.2014	19
2007-08	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(7)തീ.26.8.2014	58
2008-09	എൽ.എഫ്.കെ.കെ.ഡി.പി8/1513/ 13(8)തീ.26.8.2014	33
2010-11	എൽ.എഫ്.കെ.കെ.ഡി.പി8/168/	47

	13(7)തീ.26.10.2013	
2011-12	എൽ.എഫ്.കെ.കെ.ഡി.പി8/1682/ 13(7)തീ.16.8.2014	53
2012-13	എൽ.എഫ്.കെ.കെ.ഡി.പി8/1085/15 / 20.7.2015	36
2013-14	കെ .എസ്. എ. കെ.കെ.ഡി. പി.8/949/2016	50
2014-15	കെ എസ് എ കെകെഡി പി.8/949/2016	22
2015-16	നം.കെ.എസ്.എ കെ.കെ.ഡി/പി8/118/17	42
2016-17	നം.കെ.എസ്.എ കെ.കെ.ഡി/പി8/ 2080/17 തീ.08.11.2017	1-5, 1-6, 1-7, 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 2-12, 3-1, 3-2, 3-3, 3-4, 3-5,3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21, 3-22, 3-23, 3-24, 3-25
2017-18	നം.കെ.എസ്.എ.കെ.കെ.ഡി/പി14/ 734/2019 തീ.16.05.2019	2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 2-10, 2-11, 3-1, 3-2,3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14
2018-9	നം.കെ.എസ്.എ.കെ.കെ.ഡി/പി13/ 142/2021 തീ.27.01.2021	1-1 മുതൽ 1-40 വരെ, 2-1, 3-1, 3-2

ജോയിന്റ് ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുൻസിപ്പാലിറ്റിയുടെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മുൻസിപ്പാലിറ്റിയുടെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്